

‘‘നിങ്ങൾ യൗസേപ്പിന്റെ പക്കൽ
പോകുവിൻ. അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ’’

*ഉല്പ. 41:55*

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20,1887

വാല്യം 90 ലക്കം 01 ജൂലൈ 2017


ഉള്ളടക്കം

ഇടയലേഖനം (17. PL. 27-249). ........ 9
സർക്കുലർ (17 Ch. 176-251) ........ 16
സർക്കുലർ (17 Ch. 177-252) ........ 18
ഇടയലേഖനം (Prot.No.1027/2017) ........ 20
സർക്കുലർ (Ref: 3034/K-5/KCBC/OL/DS) ........ 25
വാർഷികധ്യാനം ........ 30
കച്ചേരിക്കാര്യം ........ 31
വൈദികസമ്മേളന റിപ്പോർട്ട് ........ 36
പബ്ലിക്റിലേഷൻസ് - ജാഗ്രതാസമിതി ........ 40
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........ 41
കെ.സി.എസ്.എൽ. ........ 44
ചെറുപുഷ്പ മിഷൻലീഗ് ........ 46
സന്ദേശനിലയം ........ 49
ഫാമിലി അപ്പോസ്റ്റലേറ്റ്. ........ 55
യുവദീപ്തി ........ 58
ആത്മതാകേന്ദ്രം ........ 60
ചാസ് ........ 62
ദലിത് കത്തോലിക്കാ മഹാജനസഭ ........ 70
ദീപിക സൗഹൃദ ക്ലബ് ........ 72
കത്തോലിക്കാ കോൺഗ്രസ് ........ 73
കരിസ്മാറ്റിക് നവീകരണ വാർത്തകൾ ........ 75
വിൻസെൻഷ്യൻ വേദി ........ 77
ഫ്രാൻസിസ്കൻ അല്മായസഭ ........ 79
ആവേമരിയ ........ 88
പൗരോഹിത്യ ആദ്ധ്യാത്മികത ........ 83
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........ 90
Engagements. ........ 95

Annual Subscription: Rs. 120/-

ARCHBISHOP'S HOUSE
P.B. No. 20, CHANGANACHERRY - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@yahoo.co.in
Website: www.archdiocesechanganacherry.org

# ജൂലൈ 3 ദുക്റാന




സൂര്യരശ്മിപോലെ വലിയ ഗോളത്തിൽ നിന്നു പുറപ്പെടുന്നവനേ,
നീ ഭാഗ്യവാൻ. നിന്റെ അനുഗൃഹീതമാകുന്ന പ്രഭാതം
ഇന്ത്യയുടെ അന്ധകാരം മാറ്റുന്നു.
പന്ത്രണ്ടിലൊരുവനായ വലിയ ദീപമേ, കുരിശിൽ നിന്നുള്ള തൈലത്താൽ
നിറഞ്ഞവനായി ഇന്ത്യയുടെ ഇരുട്ടുനിറഞ്ഞ നിശയെ
ദീപംകൊണ്ട് നീ നിറയ്ക്കുന്നു
(മാർ അപ്രേം)


**ദുക്റാന തിരുനാൾ ആശംസകൾ**



**അഭിവന്ദ്യ ചാൾസ് ലവീഞ്ഞ് മെത്രാൻ**

**104–ാം ചരമവാർഷികം**

**11–07–2017**


ആദരാഞ്ജലികൾ
ദിവംഗതനായ
മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിന്
ചങ്ങനാശ്ശേരി അതിരൂപതാ കുടുംബത്തിന്റെ
പ്രാർത്ഥനാഞ്ജലികൾ

# നാമഹേതുക തിരുനാളിന്റെ ആശംസകൾ



**അഭിവന്ദ്യ മാർ തോമസ് തറയിൽ**

സഹായമെത്രാൻ

ചങ്ങനാശേരി അതിരൂപത

**ജൂലൈ 3**



**വെരി റവ. ഡോ. ജെയിംസ് പാലയ്ക്കൽ**

(സിൻചെള്ളൂസ്)

ചങ്ങനാശേരി അതിരൂപത

**ജലൈ 25**

17. PL. 27-249

# ഇടയലേഖനം

കർത്താവിന്റെ ദാസനും ദൈവനിശ്ചയത്താൽ
ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ
**ജോസഫ് പെരുന്തോട്ടം**
തന്റെ അതിരൂപതയിലെ വൈദികർക്കും
സമർപ്പിത സമൂഹങ്ങൾക്കും
ദൈവജനം മുഴുവനുമായി എഴുതുന്നത്

## ഉയിർപ്പുതിരുനാളിന്റെ തുടരാഘോഷമായ ഞായറാഴ്ചയാചരണം

മിശിഹായിൽ സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ, നിങ്ങൾക്കേവർക്കും മിശിഹായിൽ കൃപയും സമാധാനവും,

1. തിരുസ്സഭയിൽ ആഘോഷിക്കപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട തിരുനാളാണ് ഉയിർപ്പുതിരുനാൾ. നമ്മുടെ കർത്താവ് ഈശോമിശിഹായുടെ ഉയിർപ്പ് എന്ന ഏറ്റവും വലിയ രക്ഷാകരസംഭവത്തിന്റെ ആഘോഷദിനമായതുകൊണ്ടാണത്. രക്ഷാകരചരിത്രത്തിലെ ഈ സുപ്രധാന സംഭവമാണ് ക്രിസ്തീയവിശ്വാസത്തിന്റെയും സഭയുടെ പ്രേഷിതദൗത്യത്തിന്റെയും അടിസ്ഥാനം. അതുകൊണ്ടാണ് പൗലോസ്ശ്ലീഹാ പറയുന്നത്, "മിശിഹാ ഉയിർത്തിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥം, ഞങ്ങളുടെ പ്രസംഗവും വ്യർത്ഥം" എന്ന്. ഉയിർപ്പിന്റെ പരമപ്രാധാന്യം വ്യക്തമാക്കുന്നതാണ് ഈ തിരുനാളാഘോഷത്തിനുവേണ്ടിയുള്ള സഭയുടെ ഒരുക്കം. വലിയ നോമ്പാചരണത്തിലൂടെ ഏറ്റവും തീവ്രവും ദീർഘവുമായ ആത്മീയ ഒരുക്കമാണ് ഉയിർപ്പുതിരുനാളാഘോഷത്തിനുള്ളത്.

2. പാപത്തിന്റെ ഫലമായ മരണത്തിന്മേൽ രക്ഷകനായ ഈശോ വിജയം വരിച്ച സംഭവമാണ് ഉയിർപ്പ്. പാപാന്ധകാരത്തിൽനിന്ന് ജീവന്റെ പ്രകാ

ശത്തിലേക്ക് മനുഷ്യകുലത്തെ ആനയിച്ച നമ്മുടെ കർത്താവിന്റെ പെസഹായാണ് ഉയിർപ്പു സംഭവം. മനുഷ്യവർഗ്ഗത്തെ തിന്മയ്ക്കടിമപ്പെടുത്തിയ സാത്താന്റെ മേലുള്ള നന്മയുടെ വിജയമാണത്. മനുഷ്യമക്കൾക്കുവേണ്ടി രക്ഷകനായ മിശിഹാ സഹനത്തിലൂടെയും മരണത്തിലൂടെയും നേടിയ നിത്യജീവന്റെ അച്ചാരമാണ് ഉയിർപ്പെന്ന മഹാസംഭവം. ദൈവത്തിനു നമ്മോടുള്ള അനന്തസ്നേഹത്തിന്റെ പരമമായ പ്രകാശനമാണിത്. സ്നേഹത്തിന്റെ വിജയവും പ്രത്യാശയുടെ ആണിക്കല്ലുമാണിത്.

3. ലോകത്തിൽ രക്ഷകനായ മിശിഹായുടെ ഉയിർപ്പിനു സാക്ഷ്യംവഹിക്കുക എന്നതായിരുന്നു ശ്ലീഹന്മാർക്കു നൽകപ്പെട്ട പ്രേഷിതദൗത്യത്തിന്റെ കാതൽ. യൂദാസിനു പകരം മത്തിയാസിനെ തെരഞ്ഞെടുത്ത സംഭവത്തിൽ ഇക്കാര്യം വ്യക്തമാണ്. തെരഞ്ഞെടുപ്പിനു നേതൃത്വം കൊടുത്ത പത്രോസിന്റെ വാക്കുകൾ അതു വെളിപ്പെടുത്തുന്നു:

> "അതിനാൽ, കർത്താവായ ഈശോയുടെ ഉയിർപ്പിന് ഒരാൾ ഞങ്ങളോടൊപ്പം സാക്ഷിയായിരിക്കണം. യോഹന്നാന്റെ മാമ്മോദീസാ മുതൽ നമ്മിൽനിന്ന് ഉന്നതങ്ങളിലേക്ക് സംവഹിക്കപ്പെട്ട നാൾവരെ, ഈശോ നമ്മോടൊപ്പം സഞ്ചരിച്ചിരുന്ന കാലം മുഴുവനും, നമ്മുടെകൂടെയുണ്ടായിരുന്നവരിൽ ഒരുവനായിരിക്കണം അവൻ" (അപ്പ. പ്രവ. 1:21-22).

താൻ ലോകരക്ഷകനാണെന്നു വെളിപ്പെടുത്തുന്ന ഈശോയുടെ പരസ്യജീവിതം മുഴുവൻ കേന്ദ്രീകരിച്ചിരിക്കുന്നത് ഉയിർപ്പുസംഭവത്തിലാണ്. ഈശോയുടെ ദൈവത്വം അനിഷേധ്യമായി തെളിയിക്കപ്പെട്ടതും ഉയിർപ്പിലാണ്. ഈ സംഭവത്തിലാണ് ക്രൈസ്തവ വിശ്വാസം വേരുറപ്പിച്ചിരിക്കുന്നത്. ഈ സംഭവവും ഈ വിശ്വാസവും ആചരിച്ചാഘോഷിക്കുക എന്നതാണ് സഭയുടെ ആരാധനക്രമത്തിന്റെ മുഴുവൻ കേന്ദ്രവിഷയം. സഭ ജീവിക്കുന്നതും നിലനിൽക്കുന്നതും അതുവഴിയാണ്. ഈ ആഘോഷം സഭയിൽ സവിശേഷമായി തുടരുകയാണ് ഞായറാഴ്ചയാചരണത്തിലൂടെ. "ഞായറാഴ്ചദിവസം മിശിഹായുടെ ഉയിർപ്പുദിനത്തെ അനുസ്മരിപ്പിക്കുന്നുവെന്നും, പാപത്തിന്മേലും മരണത്തിന്മേലും മിശിഹാ നേടിയ വിജയം ആഘോഷിച്ചുകൊണ്ട് ആഴ്ചതോറും മടങ്ങിവരുന്ന ഈസ്റ്റർദിനമാണത്" (DD 1) എന്നും 'കർത്താവിന്റെ ദിവസം' എന്ന ശ്ലൈഹിക ലേഖനത്തിലൂടെ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ പഠിപ്പിക്കുന്നു. ശ്ലീഹന്മാരുടെ കാലം മുതൽ തന്നെ ഞായറാഴ്ചയ്ക്ക് ഇപ്രകാരമുള്ള പ്രാധാന്യം സഭയിൽ നൽകിപ്പോന്നിരുന്നു.

4. സഭയിൽ എക്കാലവും ഞായറാഴ്ചക്കു നൽകപ്പെട്ടിരുന്ന പ്രാധാന്യം

രണ്ടാം വത്തിക്കാൻ കൗൺസിൽ വീണ്ടും ഊന്നിപ്പറയുന്നു: “ഓരോ ഏഴാം ദിവസവും സഭ ഉയിർപ്പിന്റെ രഹസ്യം ആഘോഷിക്കുന്നു. ശ്ലീഹന്മാരുടെ കാലംമുതലുള്ള ഒരു പാരമ്പര്യമാണിത്. മിശിഹായുടെ ഉത്ഥാനദിവസം തന്നെ സമാരംഭിച്ചതുമാണ്. അതിനാൽ ആ ദിവസം കർത്താവിന്റെ ദിവസമെന്ന് ന്യായമായിത്തന്നെ വിളിക്കപ്പെടുന്നു” (ലിറ്റർജി, 106).

## ഞായറാഴ്ചയാചരണത്തിന്റെ പവിത്രത നഷ്ടപ്പെടുത്തരുത്

5. ശ്ലീഹന്മാരുടെ കാലം മുതൽ ഞായറാഴ്ച വിശുദ്ധദിനമായിട്ടാണ് ആചരിച്ചുപോന്നിരുന്നത്. ലോകത്തെല്ലായിടത്തും തന്നെ ഞായറാഴ്ച ഒഴിവുദിനമായി കരുതപ്പെട്ടിരുന്നതിനാൽ ഞായറാഴ്ചയാചരണം വളരെ എളുപ്പവുമായിരുന്നു. വിശുദ്ധമായ വിശ്രമത്തിന്റെ അനുഭവം നുകരാൻ വിശ്വാസികൾക്ക് അതവസരമൊരുക്കി. ആത്മീയതയിലൂന്നിയ പ്രവർത്തനങ്ങൾക്ക് സമയം കണ്ടെത്താൻ അതിടയാക്കി. വ്യക്തിബന്ധങ്ങൾ ആഴപ്പെടുത്താനും സ്നേഹത്തിൽ വളരാനും കുടുംബബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനും അതു സഹായിച്ചു. രോഗികളായവരെയും വൃദ്ധജനങ്ങളെയുമൊക്കെ സന്ദർശിച്ച് ആശ്വാസം പകരാനും കുശലം പറയാനും ഏറെപ്പേർ ഞായറാഴ്ചയെ ഉപയോഗപ്പെടുത്തിയിരുന്നു. അങ്ങനെ ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹത്തിൽ വളരുന്ന സമൂഹമാകാൻ ശരിയായ ഞായറാഴ്ചയാചരണം സഹായകമായി.

6. എന്നാൽ ഇന്നത്തെ മാറിയ സാഹചര്യം ഞായറാഴ്ചയാചരണത്തിന്റെ പവിത്രതയ്ക്ക് മങ്ങലേല്പിക്കുകയും അതിന്റെ സ്വഭാവത്തിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ആറുദിവസത്തെ അദ്ധ്വാനത്തിനുശേഷം ഒന്നു വിശ്രമിക്കുക, ഞായറാഴ്ചയാചരണത്തിന്റെ പരിശുദ്ധി വിസ്മരിച്ചുകൊണ്ടുള്ള ആഘോഷപരിപാടികളിൽ ഏർപ്പെടുക, ആത്മീയതയ്ക്കും ധാർമ്മികതയ്ക്കും ഇടം നൽകാത്ത വിനോദപരിപാടികളിൽ താല്പര്യം കാണിക്കുക, സ്വന്തം ഭവനത്തിൽ ആയിരുന്നുകൊണ്ട് കുടുംബബന്ധങ്ങളും കുടുംബജീവിതവും ദൃഢപ്പെടുത്തുന്നതിനുപകരം ക്ലബുകളിലും അതുപോലുള്ള സ്ഥലങ്ങളിലും സമയം ചെലവഴിക്കുക തുടങ്ങിയ കാര്യങ്ങളിലാണ് ഇന്ന് പലരും താല്പര്യം കാണിക്കുന്നത്. അങ്ങനെ നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ മർമ്മപ്രധാനമായ ഞായറാഴ്ചയാചരണം ലക്ഷ്യം മാറുകയാണ്. മിശിഹായുടെ ശരീരരക്തങ്ങളാൽ ആത്മീയപരിപോഷണം നേടേണ്ടതിനു പകരം മദ്യവും ലഹരിയും കഴിച്ച് താല്കാലിക സുഖത്തിന്റെ പിന്നാലെ പോകുന്നവരുമുണ്ട്. പഠനത്തിൽ മികവു പുലർത്തുന്നതിനുവേണ്ടി കോച്ചിംഗിനും ട്യൂഷനുമൊക്കെ പോകേണ്ടി വരുന്നതിനാൽ നമ്മുടെ പല കുട്ടികൾക്കും കർത്താവിന്റെ ദിവസത്തിന്റെ

പരിശുദ്ധമായ ആസ്വാദ്യത നുകരാനോ സഭാത്മകമായ പ്രവർത്തനങ്ങളിലേർപ്പെടാനോ സാധിക്കാതെവരുന്നു. ഒരു സാധാരണ പ്രവൃത്തിദിവസംപോലെ ഞായറാഴ്ചയും ജോലികളിലേർപ്പെടുന്ന പ്രവണത വ്യാപകമാകുന്നു. ചുരുക്കത്തിൽ, ഞായറാഴ്ചയുടെ മിശിഹാകേന്ദ്രീകൃതവും ആത്മീയവുമായ അർത്ഥവും പ്രാധാന്യവും മിശിഹാനുയായികൾത്തന്നെ വിസ്മരിക്കുന്ന സാഹചര്യമാണുള്ളത്.

**ഞായറാഴ്ചയാചരണം എങ്ങനെ?**

7. ഈ പശ്ചാത്തലത്തിൽ ഞായറാഴ്ചയാചരണത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഉദ്ബോധനം ജോൺപോൾ രണ്ടാമൻ മാർപാപ്പ തന്റെ ശ്ലൈഹിക ലേഖനത്തിലൂടെ വീണ്ടും നമ്മെ ഓർമ്മിപ്പിക്കുകയാണ്:

> ദൈവവചനം ശ്രവിച്ചും വിശുദ്ധ കുർബാനയിൽ പങ്കുചേർന്നും കർത്താവായ ഈശോയുടെ പീഡാസഹനവും ഉത്ഥാനവും മഹത്ത്വവും അനുസ്മരിക്കുന്നതിനും ഈശോമിശിഹായുടെ, മൃതരിൽനിന്നുള്ള ഉത്ഥാനത്തിലൂടെ തങ്ങൾക്ക് സജീവ പ്രത്യാശയിലേക്ക് പുതുജന്മം നൽകിയ ദൈവത്തിന് (cf.1 പത്രോ. 1:3) നന്ദിപറയുന്നതിനുംവേണ്ടി ക്രിസ്തീയവിശ്വാസികളെല്ലാവരും (ഞായറാവ്ചദിവസം) സമ്മേളിക്കണം (ലിറ്റർജി 106).

8. ദൈവത്തിന്റെ രക്ഷാകരമായ പ്രവൃത്തികളെ അനുസ്മരിക്കുന്നതിനും, മിശിഹായിൽ നമുക്കു കൈവന്നിരിക്കുന്ന രക്ഷയെപ്രതി ദൈവത്തെ സ്തുതിച്ച് നന്ദി പ്രകാശിപ്പിക്കുന്നതിനും വേണ്ടി നീക്കിവയ്ക്കപ്പെട്ട ദിവസമാണ് ഞായറാഴ്ച. ആറു ദിവസംകൊണ്ട് സൃഷ്ടികർമ്മം പൂർത്തിയാക്കി ഏഴാം ദിവസം വിശ്രമിക്കുന്ന ദൈവംതന്നെയാണ് നമുക്കു മാതൃക. തന്റെ സൃഷ്ടിയിലേക്കു നോക്കി അതു നല്ലതെന്നുകണ്ട് സന്തോഷിക്കയാണ് ദൈവം. തന്റെ സൃഷ്ടിയിൽ, വിശിഷ്യാ, സൃഷ്ടികളുടെ മകുടമായ മനുഷ്യനിൽ സന്തോഷിക്കുന്ന ഒരു ദൈവത്തെ നാമിവിടെ കാണുന്നു. തന്റെ സൃഷ്ടിയിലേക്ക് സന്തോഷത്തോടെയുള്ള ദൈവത്തിന്റെ നോട്ടത്തെ "ധ്യാനാത്മകമായ ഒരു നോട്ടം" എന്നാണ് വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ വിശേഷിപ്പിക്കുന്നത്. തന്റെ സൃഷ്ടിയെനോക്കി, പ്രത്യേകിച്ച് തന്റെ സാദൃശ്യത്തിൽ രൂപപ്പെടുത്തപ്പെട്ട മനുഷ്യരെ നോക്കി ആനന്ദിക്കുന്നതാണ് ദൈവത്തിന്റെ ഏഴാം ദിവസത്തെ വിശ്രമം.

## വിശ്രമവും വിമോചനവും

9. മനുഷ്യൻ തിരിഞ്ഞ് ദൈവത്തിലേക്ക് നോക്കി ആനന്ദിക്കുന്നതാകണം മനുഷ്യന്റെ വിശ്രമം. വലിയൊരു ഓർമ്മപുതുക്കലിന്റെ ധ്യാനാത്മകമായ നോട്ടമായിരിക്കണമത്. സൃഷ്ടിമുതൽ, മനുഷ്യനുവേണ്ടി ദൈവം ചെയ്ത എല്ലാ രക്ഷാകര പ്രവൃത്തികളെയും, പ്രത്യേകിച്ച്, രക്ഷകനായ മിശിഹായിൽ പൂർത്തീകരിക്കപ്പെട്ട രക്ഷാകരസംഭവത്തെ അനുസ്മരിച്ച്, ധ്യാനിച്ച്, ദൈവത്തിന് സ്തുതിയും കൃതജ്ഞതയും ആരാധനയും അർപ്പിച്ച് ആനന്ദിക്കുന്ന അനുഭവമാണ് ഞായറാഴ്ച വിശ്രമത്തിന്റെ കാതൽ. "ഞായറാഴ്ച ദിവസം വിശ്രമദിനമായിരിക്കുന്നത് അത് ദൈവത്താൽ "ആശീർവ്വദിക്കപ്പെടുകയും" അവിടുന്ന് അതിനെ "വിശുദ്ധമാക്കുകയും" ചെയ്തതുകൊണ്ടാണ്; അതിനെ മറ്റു ദിവസങ്ങളിൽനിന്ന് വേർതിരിച്ചു "കർത്താവിന്റെ ദിനം" ആക്കിയതുകൊണ്ടാണ്" എന്ന് വി. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ പഠിപ്പിക്കുന്നു. (കർത്താവിന്റെ ദിവസം, 14).

എല്ലാ ദിവസവും എല്ലാ സമയവും ദൈവത്തിന്റേതും അതിനാൽ വിശുദ്ധവുമാണ്. ജീവിതകാലം മുഴുവൻ മനുഷ്യൻ ദൈവത്തിന്റെ നന്മകൾ അനുസ്മരിച്ച് ദൈവത്തെ സ്തുതിക്കുകയും അവിടുത്തോട് നന്ദിപ്രകാശിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം മനുഷ്യന് ദൈവത്തോടുള്ള ബന്ധം അനുസ്യൂതം തുടരേണ്ടതാണെങ്കിലും, ഈ ബന്ധത്തിന്റെ തീവ്രമായ അവസരങ്ങളാണ് നിശ്ചിതമായ പ്രാർത്ഥനാ സമയങ്ങൾ. അതിന്റെ അത്യുൽക്കൃഷ്ട സമയമായിട്ടാണ് 'കർത്താവിന്റെ ദിവസമായ' ഞായറാഴ്ചയെ കാണേണ്ടത്. (കർത്താവിന്റെ ദിവസം, 15).

10. സാബത്തുവിശ്രമം വേണമെന്നു കല്പിച്ച ദൈവം തന്റെ ജനത്തിന്റെ മോചനത്തിനുവേണ്ടി ചെയ്ത പ്രവൃത്തികൾ അവർ അനുസ്മരിക്കണമെന്നും കല്പിക്കുകയുണ്ടായി. "നീ ഈജിപ്തിൽ ദാസനായിരുന്നുവെന്നും നിന്റെ ദൈവമായ കർത്താവ് തന്റെ കരുത്തുറ്റ കരം നീട്ടി അവിടെനിന്നു നിന്നെ മോചിപ്പിച്ചുകൊണ്ടുവന്നുവെന്നും ഓർമിക്കുക. അതുകൊണ്ട് സാബത്തുദിനം ആചരിക്കാൻ അവിടുന്നു നിന്നോട് കല്പിച്ചിരിക്കുന്നു." (നിയമാവർത്തനം 5:15). മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ പ്രവൃത്തികളെ കൃതജ്ഞതാപൂർവ്വം അനുസ്മരിച്ച് ദൈവത്തെ സ്തുതിച്ചുകൊണ്ട് കർത്താവിന്റെ ദിവസം ആചരിക്കുമ്പോഴാണ് നമ്മൾ ദൈവത്തിന്റെ വിശ്രമത്തിന്റെ ആഴങ്ങളിലേക്കു കടക്കുന്നതും ദൈവത്തിനുണ്ടായ സന്തോഷത്തിൽ പങ്കുചേരുന്നതും (കർത്താവിന്റെ ദിവസം, 17). അപ്പോഴാണ് ഞായറാഴ്ച വിശ്രമത്തിന് വിശുദ്ധമായ ഒരു മൂല്യമുണ്ടാകുന്നതും അത് അർത്ഥപൂർണ്ണമാകുന്നതും.

11. പഴയനിയമത്തിലെ പുറപ്പാടു സംഭവം ഇസ്രായേലിന്റെ വിമോചനമായിരുന്നെങ്കിൽ, അതിന്റെ പൂർണമായ വെളിപ്പെടുത്തൽ മിശിഹായുടെ മരണത്തിലും ഉയിർപ്പിലുമാണ്. ഈ പെസഹാസംഭവത്തിലൂടെ മനുഷ്യകുലം മുഴുവൻ മോചിതരാകുകയാണ്. അതിനാൽ, രക്ഷാകരചരിത്രത്തിന്റെ അത്യുച്ചകോടിയാണത്. മിശിഹായുടെ ഉയിർപ്പിലൂടെ മനുഷ്യൻ നിത്യജീവന് അവകാശിയായി. ജീവന്റെ സമൃദ്ധി അവനു ലഭിച്ചു. അതിനാൽ സൃഷ്ടികർമ്മത്തിന്റെ പൂർത്തീകരണമാണ് ഉയിർപ്പുസംഭവം എന്നു പറയാം. സൃഷ്ടികർമ്മത്തിൽ ദൈവത്തിനുണ്ടായ സന്തോഷം ഉയിർപ്പിലൂടെ മിശിഹായിൽ പൂർത്തീകരിക്കപ്പെടുകയാണ്. അതാണ് ഞായറാഴ്ചയുടെ പ്രാധാന്യം. മനുഷ്യകുലത്തെ മുഴുവൻ ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് ആനയിച്ച രക്ഷാകരസംഭവമായ ഉയിർപ്പിന്റെ അനുസ്മരണവും ആഘോഷവുമാണ് ഞായറാഴ്ചയാചരണത്തിന്റെ മുഖ്യപ്രമേയം. ഞായറാഴ്ചകളിലെ കർത്തൃദിനാചരണവും അവിടുത്തെ കുർബാനയുടെ ആഘോഷവും സഭാജീവിതത്തിന്റെ ഹൃദയസ്ഥാനത്തു നിലകൊള്ളുന്നു." എന്ന് കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു (n.2177).

## ഉത്ഥിതനുമായുള്ള കണ്ടുമുട്ടൽ

12. ശ്ലീഹന്മാർക്ക് ഉയിർപ്പു ഞായറാഴ്ച വൈകുന്നേരമുണ്ടായ അനുഭവം - ഉത്ഥിതനായ ഈശോയെ കണ്ടപ്പോഴുണ്ടായ അനുഭവമാണ് ഞായറാഴ്ച കുർബാനയിൽ നമുക്കുണ്ടാകുന്നത്. നമുക്കത് ഉത്ഥാനത്തിന്റെ ദിവസമാണ്. വി. ആഗസ്തീനോസ് ഞായറാഴ്ചയെ "ഈസ്റ്ററിന്റെ കൂദാശ" എന്നാണ് വിളിക്കുന്നത്. തന്റെ ഉയിർപ്പിന്റെ ഏഴാം ദിവസമായ ഞായറാഴ്ചയും ഈശോ ശ്ലീഹന്മാർക്കു പ്രത്യക്ഷനായി അവരെ ഉത്ഥാനാനുഭവത്തിൽ ഉറപ്പിച്ചു. ഓരോ ഏഴാം ദിവസവും കർത്താവിന്റെ ദിവസമായ ഞായറാഴ്ച ക്രൈസ്തവസമൂഹം ഒന്നിച്ചുകൂടി വിശുദ്ധ കുർബാന അർപ്പിക്കുന്ന പതിവിന് അടിസ്ഥാനമായി ഈശോയുടെ ഈ പ്രത്യക്ഷപ്പെടലിനെ കാണാവുന്നതാണ്. ഈശോയുടെ പ്രത്യക്ഷപ്പെടലും വിശുദ്ധ കുർബാനയും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നതാണ്, എമ്മാവൂസിലെ രണ്ടു ശിഷ്യന്മാരുടെ അനുഭവം. ഈശോ അപ്പമെടുത്ത് ആശീർവ്വദിച്ച്, മുറിച്ച് അവർക്കു നൽകിയപ്പോൾ അവർ അവിടുത്തെ തിരിച്ചറിഞ്ഞു (ലൂക്കാ 24:30).

13. ഒരിടവകയിലെ വിവിധ പ്രവർത്തനങ്ങളിൽ ഞായറാഴ്ചത്തെ കർത്തൃദിനത്തിന്റെയും അവിടുത്തെ കുർബാനയുടെയും ആഘോഷംപോലെ മർമ്മപ്രധാനമോ സമൂഹനിർമ്മാണപരമോ ആയ മറ്റൊന്നുമില്ല (കർത്താവിന്റെ ദിവസം, 35) എന്ന സത്യം ഉൾക്കൊണ്ട്, ഞായറാഴ്ചയാചരണ

ത്തിന്റെ പരിശുദ്ധിയ്ക്കും പ്രാധാന്യത്തിനും മങ്ങലേല്പിക്കാതെ അതിൽ സജീവമായി പങ്കുചേർന്ന് എന്നും സഭയോടൊപ്പമായിരിക്കാൻ നമുക്കു പരിശ്രമിക്കാം. നമ്മുടെ വിശ്വാസജീവിതം സഭയോടൊപ്പം ഞായറാഴ്ച യാചരണങ്ങളിലൂടെ മുന്നേറുന്ന ഒരു തീർത്ഥാടനമാണ്. ഈ തീർത്ഥാട നത്തിന്റെ അന്തിമലക്ഷ്യം സ്വർഗ്ഗീയ ഓറശ്ലെമാണ്. സ്വർഗ്ഗത്തിന്റെ ഒരു മുന്നനുഭവമാണ് ഞായറാഴ്ചയാചരണം പ്രദാനം ചെയ്യുന്നത്. അവസാ നത്തേതും അവസാനിക്കാത്തതുമായ ഞായറാഴ്ചയനുഭവമാണ് സ്വർഗ്ഗീയ ജീവിതം. ഉത്ഥാനാനുഭവത്തിന്റെ നിത്യതയാണത്. അതായിരിക്കട്ടെ എന്നും നമ്മുടെ ധ്യാനവിഷയം.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവ ത്തിന്റെ സ്നേഹവും പരിശുദ്ധ റൂഹായുടെ സംസർഗ്ഗവും നിങ്ങളെല്ലാവ രോടുംകൂടിയുണ്ടായിരിക്കട്ടെ.

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

N.B : *ഈ ഇടയലേഖനം ഒന്നുരണ്ടു ഞായറാഴ്ചകളിലായി പള്ളിയിൽ വായിച്ച് വിശദീകരിച്ചു പഠിപ്പിക്കേണ്ടതാണ്.*

സർക്കുലർ 17 Ch. 176-251

## മദ്യാസക്തി എന്ന രോഗവും മദ്യ, ലഹരി വസ്തുക്കളുടെ വർദ്ധിച്ചുവരുന്ന ലഭ്യതയും ഉപയോഗവും: ഈ വിപത്തിനെതിരേ ഉണരാം


മിശിഹായിൽ പ്രിയബഹുമാനപ്പെട്ട വൈദികരേ, സഹോദരീസഹോദരന്മാരേ,

മദ്യവും ലഹരിവസ്തുക്കളും ഉപയോഗിക്കുന്നതിന്റെ ദോഷഫലങ്ങൾ ഏറെ അനുഭവിക്കുന്ന ഒരു സമൂഹമാണ് നമ്മുടേത്. ഉപയോഗിക്കുന്ന വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും സമൂഹത്തിനു പൊതുവെയും പലതരത്തിലുള്ള ക്ലേശങ്ങളും നാശനഷ്ടങ്ങളും മദ്യവും ലഹരിയും മൂലം സംഭവിക്കുന്നുണ്ട്. സാമ്പത്തിക നഷ്ടവും ആരോഗ്യപ്രശ്നങ്ങളും മാത്രമല്ല, മനുഷ്യന്റെ ധാർമ്മികവും ആത്മീയവുമായ ജീവിതത്തിലും അധഃപതനത്തിനും ഇവയുടെ ഉപയോഗം ഇടവരുത്തുന്നുണ്ട്. മദ്യത്തിനും ലഹരിക്കും അടിമപ്പെടുന്നവർക്ക് സ്വയം നയിക്കാനും ചുമതലകൾ ശരിയായി നിറവേറ്റാനും സാധിക്കാതെ വരുന്നു. അങ്ങനെ അനേകം കുടുംബങ്ങൾ തകരുന്നു; പവിത്രമായ ദാമ്പത്യബന്ധം ശിഥലമാകുന്നു; മക്കളുടെ ജീവിതം ഇരുളടയുന്നു; വാഹനാപകടമുൾപ്പെടെ പലതരത്തിലുള്ള അപകടങ്ങളിലൂടെ സാമൂഹ്യജീവിതത്തിൽ ആശങ്കയും അരക്ഷിതാവസ്ഥയും ജനിപ്പിക്കുന്നു; മനുഷ്യബന്ധങ്ങൾ തകരുകയും അക്രമങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു; വിവേകവും വിവേചനാശക്തിയും നഷ്ടപ്പെട്ട് ധാർമ്മികാധഃപതനവും ആദ്ധ്യാത്മികജീവിതത്തിൽ തകർച്ചയും സംഭവിക്കുന്നു; ശരിയായി ചിന്തിക്കാനും തീരുമാനങ്ങളെടുക്കാനും സാധിക്കാതെ വരുന്നു. ചുരുക്കത്തിൽ, മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളെയും ദോഷകരമായി ബാധിക്കാവുന്ന ഒരു വിപത്താണ് മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും ഉപയോഗംമൂലം സംജാതമാകുന്നത്. ഇളംതലമുറയേയും ഈ വിപത്ത് വ്യാപകമായി സ്വീധീനിച്ചു തുടങ്ങിയിരിക്കുന്നു എന്നത് ഭാവിയെ സംബന്ധിച്ച് ഏറെ ആശങ്ക ഉളവാക്കുന്നു.

മദ്യത്തോടും മയക്കുമരുന്നുകളോടുമുള്ള താല്പര്യം നിയന്ത്രിക്കാ

നാവാതെ വരുമ്പോൾ അത് ആസക്തിരോഗാവസ്ഥ സൃഷ്ടിക്കുന്നു. അതിന് ചികിത്സ ആവശ്യമാണ്. മദ്യത്തിന്റെ ലഭ്യത, എരിതീയിൽ എണ്ണ എന്നതുപോലെ മദ്യപാനത്തിനും ആസക്തിരോഗങ്ങൾക്കും ശക്തിപക രുന്നു. പൊതുസ്ഥലങ്ങളിൽ മദ്യലഭ്യത വർദ്ധിപ്പിക്കുകയും വീടുകളിലും യഥേഷ്ടം മദ്യം വിളമ്പാം എന്നത് നിയമാനുസൃതമായിരിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ നാം നമ്മെത്തന്നെ രക്ഷിക്കേണ്ടിയി രിക്കുന്നു. മനുഷ്യന്റെ ബലഹീനതകളെ ചൂഷണം ചെയ്ത്, മദ്യത്തിന്റെ അടിമയാക്കി പണമുണ്ടാക്കാൻ ശ്രമിക്കുന്നവർ ആരായാലും അവർ മനു ഷ്യദ്രോഹികളാണ്. അങ്ങനെയുണ്ടാക്കുന്ന പണത്തിന്റെ ഓഹരി ഒരു കാര്യത്തിലും നമുക്കുവേണ്ട എന്നു പറയാൻ നമുക്കു സാധിക്കണം. മനു ഷ്യനന്മ ആഗ്രഹിക്കുന്നുണ്ടെങ്കിൽ മദ്യവ്യവസായത്തിൽ നിന്നു പിന്തിരി യാൻ അങ്ങനെയുള്ളവർ തയ്യാറാകണം. മദ്യം എവിടെയും സുലഭ മാണെങ്കിലും എനിക്കുവേണ്ട എന്നു പറയാനുള്ള ആത്മശക്തി ഓരോ രുത്തരും കൈവരിക്കണം. സ്വന്തപ്പെട്ടവരുടെ മദ്യപാനംമൂലം ഏറ്റവും കൂടുതൽ വിഷമിക്കേണ്ടിവരുന്ന സ്ത്രീകളും കുട്ടികളും മദ്യത്തിനും ലഹ രിക്കുമെതിരെ ശക്തമായി അണിനിരക്കണം. മദ്യവിപത്തിനെതിരെ ഫല പ്രദമായ ബോധവത്ക്കരണം നടക്കണം. മദ്യത്തിനും ലഹിക്കുമെ തിരേയുള്ള നിലപാടും പ്രവർത്തനങ്ങളും ഒരു ധർമ്മസമരമെന്നു കരുതി സമൂഹത്തിന്റെ നന്മയും ക്ഷേമവും ആഗ്രഹിക്കുന്ന എല്ലാവരും ഒന്നു ചേർന്നു പ്രവർത്തിക്കാൻ ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. അതി രൂപതയിലെ ആത്മതാകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളോട് എല്ലാവരും സഹകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,



**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

N.B : *ഈ സർക്കുലർ ജൂലൈ 16-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

സർക്കുലർ 17 Ch. 177-252

## മഴക്കെടുതി: ജാഗ്രത പുലർത്തുക – നല്ല അയല്ക്കാരാകൂ

പ്രിയബഹുമാനപ്പെട്ട വൈദികരേ, സഹോദരീസഹോദരന്മാരേ,

കാലവർഷം കടുത്തു. ശക്തമായ മഴയിൽ നാശനഷ്ടങ്ങൾ വ്യാപകമായി സംഭവിക്കുന്നതായി വാർത്തകൾ വരുന്നു. ജീവഹാനിയും സംഭവിക്കുന്നു. വെള്ളപ്പൊക്കത്തിനുള്ള സാധ്യതയുമുണ്ട്. മഴയും വെള്ളവും നമുക്കാവശ്യമാണെങ്കിലും അപകട സാധ്യതയുള്ളതുകൊണ്ട് എല്ലാവരും ജാഗ്രത പാലിക്കേണ്ടതുണ്ട്. പ്രകൃതിക്ഷോഭത്തിൽ വലയുന്നവർക്ക്, അവരാരായാലും, സഹായഹസ്തം നീട്ടിക്കൊടുത്തുകൊണ്ട് അവർക്കെല്ലാം നല്ല അയൽക്കാരനാകാൻ എല്ലാവരും ശ്രദ്ധിക്കണം.

യാതൊരു മുന്നറിയിപ്പുമില്ലാതെ അപ്രതീക്ഷിതമായിട്ടാവാം വിപത്തുകൾ എത്തുന്നത്. ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, കടൽക്ഷോഭം തുടങ്ങി പലവിധത്തിലാകും അവ മനുഷ്യനും അവന്റെ സ്വത്തുക്കൾക്കും വളർത്തുമൃഗങ്ങൾക്കുമൊക്കെ നാശനഷ്ടങ്ങൾ വരുത്തുന്നത്. പകർച്ചവ്യാധികളും പിടികൂടാം. നീണ്ട വർഷങ്ങളിലെ അദ്ധ്വാനഫലം മുഴുവൻ നിമിഷങ്ങൾക്കകം അപ്രത്യക്ഷമാകാം. സ്വന്തമായുള്ള ഭൂമിതന്നെ ഒലിച്ചുപോയെന്നുവരാം. അനുദിനം കൂലിപ്പണി ചെയ്തു കുടുംബം പുലർത്തുന്നവർ പണിചെയ്യാൻ നിവൃത്തിയില്ലാതെ പട്ടിണിയിലാകാം. ചിലരൊക്കെ ഒറ്റപ്പെട്ടു കഴിയേണ്ടിവന്നേക്കാം. വീടുകൾക്ക് ഭാഗികമായോ പൂർണ്ണമായോ നാശം സംഭവിക്കാം.

ഇപ്രകാരമുള്ള സന്ദർഭങ്ങളിൽ ആർക്കും പ്രശ്നങ്ങളെ ഒറ്റയ്ക്ക് നേരിടാനോ പരിഹിക്കാനോ സാധിക്കയില്ല. നമ്മുടെ സഹോദരസ്നേഹവും സാമൂഹികബോധവും ഉണർന്ന് ഒത്തൊരുമിച്ച് പ്രവർത്തിക്കണം. സഹായം ആവശ്യമുള്ളവരെ കഴിവനുസരിച്ച് സഹായിക്കാൻ എല്ലാവരും തയ്യാറാകണം. ഇടവകതലത്തിലും സംഘടനാതലത്തിലുമൊക്കെ ആവശ്യാനുസരണം സന്നദ്ധസേവാസംഘങ്ങൾ രൂപീകരിച്ച് വിവേകത്തോടും

ത്യാഗബുദ്ധിയോടും സുതാര്യമായും വേണം കാര്യങ്ങൾ ചെയ്യാൻ. സ്വാർത്ഥതാല്പര്യക്കാർ ഇതുപോലുള്ള സന്ദർഭങ്ങളിലും നിസ്സഹായരെപ്പോലും ചൂഷണം ചെയ്യാൻ ശ്രമിച്ചേക്കാം. അതിനാൽ ചുമതലപ്പെട്ടവർ എല്ലാക്കാര്യങ്ങളിലും ജാഗ്രത പുലർത്തണം. നല്ല മനസ്സുള്ള ആരുടെയും സഹകരണം തേടാവുന്നതാണ്. സർവ്വോപരി ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും അധിഷ്ഠിതമായ നിസ്വാർത്ഥ സമീപനം എല്ലാക്കാര്യങ്ങളിലും ഉറപ്പാക്കാൻ ദൈവകൃപയ്ക്കായി പ്രാർത്ഥിക്കയും വേണം. എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

N.B : *ഈ സർക്കുലർ ജൂലൈ 16-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

Prot.No.1027/2017 01 June 2017

# സഭാദിനം – ഇടയലേഖനം

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

**കർദിനാൾ ജോർജ് ആലഞ്ചേരി**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും

മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും

തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന

എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

വി. തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ ആഘോഷിക്കുന്ന ജൂലൈ 3-ാം തീയതിയാണല്ലോ നാം സഭാദിനമായി ആചരിക്കുന്നത്. ഈ വർഷവും പതിവായിട്ടുള്ള പരിപാടികളോടും നൂതനാഭിമുഖ്യങ്ങളോടും കൂടി സഭാദിനം ആചരിക്കുവാൻ നമുക്കു രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഒന്നു ചേരാം. മാർത്തോമ്മാക്രിസ്ത്യാനികളായ നമ്മുടെ ക്രൈസ്തവസാക്ഷ്യം ആധുനികജീവിതസാഹചര്യങ്ങളിൽ കൂടുതൽ പ്രതിബദ്ധതയോടെ നിർവഹിക്കുന്നതിനുള്ള ഊർജം സംഭരിക്കുകയാണ് സഭാദിനാചരണത്തിന്റെ ലക്ഷ്യം. സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി അംഗീകരിക്കപ്പെട്ടതിന്റെ രജതജൂബിലി ഈ വർഷം ആചരിക്കുന്നു എന്നതും ഈ സഭാദിനാചരണത്തെ കൂടുതൽ സന്തോഷപ്രദമാക്കുന്നുണ്ട്.

സഭാദിനത്തോടനുബന്ധിച്ച് കാലികപ്രാധാന്യമുള്ള ചില ചിന്തകൾ നിങ്ങളോടു പങ്കുവയ്ക്കുവാൻ ഞാനാഗ്രഹിക്കുന്നു. സഭയുടെ മൂലക്കല്ല് ഈശോമിശിഹായാണ്. ഈ സഭ മിശിഹായുടെ ശരീരവും ആ ശരീരം അവയവങ്ങൾപോലെ മിശിഹായോടു ചേർന്നുനില്ക്കുന്ന ദൈവജനത്തിന്റെ കൂട്ടായ്മയുമാണ്. ഈ കൂട്ടായ്മ വിവിധങ്ങളായ അപ്പസ്തോലിക പാരമ്പര്യങ്ങളിലൂടെയാണ് ഇന്നു ലോകത്തിൽ ആയിരിക്കുന്നതും പ്രവർത്തിക്കുന്നതും. ഭാരതത്തിലെ കത്തോലിക്കാസഭയിൽ ഇപ്രകാരമുള്ള മൂന്നു അപ്പസ്തോലികപാരമ്പര്യങ്ങൾ ഒന്നുചേർന്നു പ്രവർത്തിക്കുന്നു. ലത്തീൻസഭയും സീറോ മലങ്കരസഭയും സീറോ മലബാർസ

ഭയും ചേരുന്ന ഒരു കൂട്ടായ്മയാണ് ഭാരതത്തിലെ കത്തോലിക്കാസഭ. ഈ ഒരോ വ്യക്തിസഭയ്ക്കും ഒരു സാർവ്വത്രികമാനമുണ്ട്. സീറോ മലബാർ സഭ ഇന്ന് ഭാരതത്തിലുള്ള അതിന്റെ 29 രൂപതകളും ഭാരതത്തിനു പുറത്തുള്ള മൂന്നു രൂപതകളും ഒരു എക്സാർക്കേറ്റും ഭാരതത്തിന് അകത്തും പുറത്തുമുള്ള പ്രവാസിവിശ്വാസികളും ചേർന്ന ഒരു കൂട്ടായ്മയായിട്ടാണ് പ്രവർത്തിക്കുന്നത്. അതേസമയം ഇതരവ്യക്തിസഭകളോടു ചേർന്നു സാർവ്വത്രിക കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ നാം മിശിഹായുടെ ഒരേ ഒരു സഭയായി നിലനില്ക്കുകയും വളരുകയും ചെയ്യുന്നു. സാർവ്വത്രികസഭയ്ക്ക് എന്നതുപോലെ സീറോ മലബാർ സഭയ്ക്കു ഇതര ക്രൈസ്തവസഭകളോടുള്ള എക്യുമെനിക്കൽ ബന്ധവും ഇതരമതങ്ങളോടുള്ള സൗഹാർദവും അതിന്റെ പ്രവർത്തനശൈലിയിൽ ഉൾപ്പെട്ടിരിക്കുന്നു.

സഭയിൽ ഇന്ന് സാഹചര്യങ്ങൾ മുമ്പത്തേക്കാൾ സങ്കീർണമാണ്. നമ്മുടെ ഇടയിൽ എതിർസാക്ഷ്യങ്ങളും ഉതപ്പുകളും ഉണ്ടാകുന്നു. ലൗകികതയുടെയും സുഖജീവിതത്തിന്റെയും വശ്യതകൾക്കു അടിപ്പെട്ടു ലാളിത്യത്തിന്റെയും കാരുണ്യത്തിന്റെയും അടിസ്ഥാനസ്വഭാവത്തിൽ നിന്നു സഭാമക്കൾ വ്യതിചലിച്ചുപോകുന്നു. ഇവയോടൊപ്പമാണ് ചില മതങ്ങളിലെ മൗലികവാദങ്ങളും അവയിൽനിന്നുണ്ടാകുന്ന ഭീകരപ്രസ്ഥാനങ്ങളും സഭാമക്കളുടെമേൽ അഴിച്ചുവിടുന്ന ക്രൂരമായ പീഡനങ്ങളും. വളരെ പ്രത്യേകിച്ചും, പശ്ചിമേഷ്യൻ രാജ്യങ്ങളിൽ വിശ്വാസികൾ നിഷ്ഠുരമായി വധിക്കപ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്യുന്നു. ചിലർ ബന്ധികളാക്കപ്പെടുന്നു. ഈ സാഹചര്യത്തിൽ ഫാ. ടോം ഉഴുന്നാലിനെ അനുസ്മരിച്ചു അദ്ദേഹത്തിന്റെ മോചനത്തിനായി നമുക്കു പ്രത്യേകം പ്രാർഥിക്കാം. ഭാരതത്തിലും ദൈവാലയങ്ങൾ ആക്രമിക്കപ്പെടുകയും സഭയുടെ ശുശ്രൂഷകൾക്കു പ്രതിബന്ധങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന ശക്തികൾ ഇടയ്ക്കിടെ തല പൊക്കുന്നുണ്ടല്ലോ.

പീഡനങ്ങൾ സഭയ്ക്ക് ഒരിക്കലും പുത്തരിയല്ല. അതിലൂടെ കടന്നുപോകുമ്പോൾ നാം അശേഷം ഭയപ്പെടുകയോ പതറുകയോ വേണ്ട. ചെറിയ അജഗണമേ ഭയപ്പെടേണ്ട. എന്തെന്നാൽ, നിങ്ങൾക്കു രാജ്യം നല്കാൻ നിങ്ങളുടെ പിതാവു പ്രസാദിച്ചിരിക്കുന്നു (ലൂക്കാ. 12:32). നിങ്ങൾ എന്നെപ്രതി നാടുവാഴികളുടെയും രാജാക്കന്മാരുടെയും സന്നിധിയിലേക്കു നയിക്കപ്പെടും. അവിടെ അവരുടെയും വിജാതിയരുടെയും മുമ്പാകെ നിങ്ങൾ സാക്ഷ്യം നല്കും(മത്താ. 10:18).

ഓരോ ക്രൈസ്തവനും സഭാശുശ്രൂഷകനും കർത്താവു ഭരമേല്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ കൂടുതൽ പ്രതിബദ്ധതയോടെ നിർവഹിക്കു

കയാണ് വേണ്ടത്. സഹനങ്ങളും പീഡനങ്ങളും ക്രൈസ്തവജീവിതത്തിന്റെ അനിവാര്യഘടകമാണ്. നിതാന്തജാഗ്രതയോടെ ക്രൈസ്തവസാക്ഷ്യം നിർവഹിക്കുകയാണു നമ്മുടെ ദൗത്യം. നിത്യതയിലുള്ള നമ്മുടെ ജീവിതം ഈ ലോകജീവിതത്തിൽത്തന്നെ നിറവേറിക്കൊണ്ടിരിക്കുകയാണ്. ഇവിടെ നാം കർത്താവിന്റെ ശിഷ്യരായി ജീവിക്കുന്നതിന് കൊടുക്കേണ്ടിവരുന്ന വില ഈ ലോകത്തിലും പരലോകത്തിലും നമുക്കു സന്തോഷത്തിനു കാരണമാകും. ശിഷ്യൻ ഗുരുവിനു മേലല്ലല്ലോ. കർത്താവിന്റെ ജീവിതസാക്ഷ്യത്തിന്റെ പതിപ്പുകളാകണം നമ്മുടെ എളിയ ക്രൈസ്തവജീവിതങ്ങൾ.

നമ്മുടെ വിശ്വാസവും സുവിശേഷവൽക്കരണപരിശ്രമങ്ങളും തെറ്റിദ്ധരിക്കപ്പെടുന്നു എന്നത് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. സഭാദിനത്തിൽ അതും നമുക്കു പരിചിന്തനത്തിനു വിഷയമാക്കാം. നാം ഇതര മതവിശ്വാസികളെ ക്രൈസ്തവരാക്കുവാൻ വ്യഗ്രതപൂണ്ട് അന്യായമായി പ്രവർത്തിക്കുന്നു എന്നു കരുതുന്നവരുണ്ട്. ക്രൈസ്തവസഭയെ തങ്ങളുടെ മതവിശ്വാസങ്ങൾക്കു ഭീഷണിയായി അവർ കാണുന്നു. സുവിശേഷപ്രബോധനങ്ങൾക്കനുസരിച്ച് ക്രൈസ്തവസഭ മറ്റെല്ലാ മതങ്ങളുടെയും നന്മകൾ ഉൾക്കൊണ്ടാണ് പ്രവർത്തിക്കുന്നത്. മതസംവാദമാണ് സഭ ആഗ്രഹിക്കുന്നത്. എല്ലാ മതങ്ങളുടെയും നന്മകൾ വിവിധമതവിശ്വാസികളായ മനുഷ്യരുടെ പൊതുജീവിതത്തിൽ സമന്വയിക്കപ്പെട്ട് മനുഷ്യസമൂഹത്തിന്റെ തന്നെ ഐക്യവും സമാധാനവും പരിപോഷിക്കപ്പെടണം എന്നതാണ് ക്രൈസ്തവദർശനത്തിന്റെ സവിശേഷത. ഒരു മതത്തിലെയും നന്മ നിഷേധിക്കപ്പെടാനിടയാകരുത്. എല്ലാ മതങ്ങൾക്കും അവയ്ക്കു സ്വന്തമായ നല്ല ദർശനങ്ങൾ നിലനിർത്തിക്കൊണ്ട് ഇതര മതങ്ങളോട് സഹകരിച്ചും അവയെ പ്രോത്സാഹിപ്പിച്ചും വളരുവാനും വളർത്തുവാനും സാധിക്കും.

ക്രൈസ്തവസഭ ആരെയും മതപരിവർത്തനത്തിനു വിധേയമാക്കുന്നില്ല. അതിനായി നിർബന്ധമോ, വശീകരണമോ, പ്രലോഭനമോ നല്കുന്ന രീതി കത്തോലിക്കാസഭ അനുവർത്തിക്കുന്നില്ല. മതവിശ്വാസം മനസ്സാക്ഷിയുടെ പ്രവർത്തനത്തിനു വിധേയമായിരിക്കണമെന്നതാണ് സഭയുടെ നിലപാട്. മതകാര്യങ്ങളിൽ സ്വന്തം മനസ്സാക്ഷിക്കു വിരുദ്ധമായി പ്രവർത്തിക്കാൻ ആരും നിർബന്ധിക്കപ്പെടരുത് എന്നാണ് മതസ്വാതന്ത്ര്യത്തെ സംബന്ധിക്കുന്ന പ്രഖ്യാപനത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ പറഞ്ഞിരിക്കുന്നത് (നമ്പർ 2). മനസ്സാക്ഷിയെ പ്രവർത്തനനിരതമാക്കുന്നത് ദൈവമാണ്. മനസ്സാക്ഷിയുടെ സ്വരം ദൈവത്തിന്റെ സ്വരമാണ്. അതിനു തന്നെത്തന്നെ സമർപ്പിക്കുവാൻ ഓരോരുത്തർക്കും

അവകാശമുണ്ട്. അതു മനുഷ്യന്റെ മൗലികസ്വാതന്ത്ര്യമാണ്. ഈ മൗലികസ്വാതന്ത്ര്യമാണ് നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയുടെ മൂന്നാം ഭാഗം 25 മുതൽ 28 വരെയുള്ള അനുഛേദങ്ങളിൽ മതസ്വാതന്ത്ര്യത്തിനുള്ള അവകാശത്തെപ്പറ്റി പറയുമ്പോൾ വ്യക്തമാക്കപ്പെടുന്നതും. ഇതുവഴി സ്വന്തം മതവിശ്വാസം അനുവർത്തിക്കുന്നതിനും പഠിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം എല്ലാ പൗരന്മാർക്കുമുണ്ട്. ഭാരതത്തിന്റെ ഭരണഘടന നൽകുന്ന മതസ്വാതന്ത്ര്യമനുസരിച്ചും ക്രൈസ്തവ ദർശനം ആദരിക്കുന്ന മനസ്സാക്ഷി സ്വാതന്ത്ര്യം അംഗീകരിച്ചുകൊണ്ടുമാണ് ക്രൈസ്തവർ തങ്ങളുടെ വിശ്വാസജീവിതം നയിക്കുന്നത്.

കത്തോലിക്കാ സഭയും ഭാരതത്തിന്റെ ഭരണഘടനയും നിർദ്ദേശിക്കുന്ന വ്യക്തിസ്വാതന്ത്ര്യം ആരും ആരുടെയും മേൽ സമ്മർദം ചെലുത്തി നിറവേറ്റാനുള്ളതല്ല എന്നും സഭ മനസ്സിലാക്കുന്നു. ചുരുക്കത്തിൽ, വിശ്വാസജീവിതത്തിൽ വ്യക്തിപരമായ തെരഞ്ഞെടുപ്പുകളിലൂടെ എന്തു സ്വീകരിക്കണം, എന്തുപേക്ഷിക്കണം എന്നു തീരുമാനിക്കാനിക്കുവാനും അതനുസരിച്ചു പ്രവർത്തിക്കുവാനും ഒരോ വ്യക്തിക്കും സ്വാതന്ത്ര്യമുണ്ട് എന്നതും സഭയുടെ ഉറച്ച ബോധ്യമാണ്. ഓരോ വ്യക്തിയുടെയും സ്വാതന്ത്ര്യത്തിന്റെ ശരിയായ വിനിയോഗത്തിനു ദൈവം തന്നെയാണ് അവനു പ്രചോദനവും ഉൾക്കരുത്തും ആത്മപ്രകാശവും നല്കുന്നത്.

മാർത്തോമ്മാശ്ലീഹായുടെ വിശ്വാസതീക്ഷ്ണത സഭാമക്കളിൽ ജ്വലിപ്പിക്കുവാൻ സഭാദിനാചരണം ഉപകരിക്കണം. അതിനായി അല്മായപ്രേഷിതത്വം, യുവജനങ്ങളുടെ ക്രൈസ്തവസാക്ഷ്യം, കുടുംബങ്ങളുടെ വിശ്വാസജീവിതം എന്നിവയെല്ലാം പരിപോഷിപ്പിക്കുവാനുതകുന്ന പരിപാടികൾ സഭാദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്നത് നന്നായിരിക്കും. യുവജനങ്ങൾ, വിശ്വാസവും ജീവിതപാത കണ്ടെത്തലുംഎന്ന വിഷയത്തെ അധികരിച്ചു യുവജനങ്ങൾക്കുവേണ്ടി 2018-ൽ ഒരു സിനഡുനടത്തുവാൻ പരിശുദ്ധപിതാവു തീരുമാനിച്ചിട്ടുണ്ടല്ലോ. ഈ സിനഡിനായുള്ള ഒരുക്ക നടപടികൾ നമ്മുടെ സഭയിൽ ആരംഭിച്ചിട്ടുമുണ്ട്. ഈ പരിപാടികളിൽ ഫലപ്രദമായി സംബന്ധിക്കുവാൻ ഏവരും പരിശ്രമിക്കണം. കുട്ടികളുടെ വിശ്വാസപരിശീലനത്തിലും ഏവർക്കും ശ്രദ്ധ ഉണ്ടാകണം. ദൈവവിളികൾ തിരിച്ചറിയാൻ അവരെ ശക്തിപ്പെടുത്തുന്നതായിരിക്കണം വിശ്വാസപരിശീലന പരിപാടികൾ.

സഭയിൽ അല്മായർ തീക്ഷ്ണതയോടെ പ്രവർത്തിക്കുന്ന കാലഘട്ടമാണിത്. കാരുണ്യപ്രവർത്തനങ്ങൾ, സാമൂഹികക്ഷേമപ്രവർത്തനങ്ങൾ, എന്നിവയിൽ അല്മായർ നല്കുന്ന സംഭാവനകൾ ഏറെയുണ്ട്. ജീസസ് യൂത്ത്, ഫിയാത്ത് മിഷൻ മുതലായ, യുവജനങ്ങൾ തന്നെ തുടങ്ങിയ പ്രസ്ഥാനങ്ങൾ, സഭയുടെ മിഷൻപ്രവർത്തനത്തിനും നവീകരണത്തിനും

ഉപകരിക്കുന്നവയാണ്. ഇത്തരം പ്രസ്ഥാനങ്ങളിൽ ഏർപ്പെടു ന്നവർ സഭയിലെ മെത്രാന്മാരുടെ നേതൃത്വത്തെ അംഗീകരിച്ചുകൊണ്ടും വ്യക്തിസഭകളുടെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ടും പ്രവർത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

എല്ലാവർക്കും ദുക്റാനത്തിരുനാളിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർവദിക്കുന്നു.

**+ കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2017-ാം ആണ്ട് ജൂൺ മാസം 01-ാം തീയതി നല്കപ്പെട്ടത്.

---

NB: ഈ ഇടയലേഖനം 2017 ജൂലൈ 3-ാം തീയതിക്ക് മുൻപത്തെ ഞായറാഴ്ച (ജൂൺ 25-നു) കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കാനായി നല്കപ്പെട്ടത്.

Ref: 3034/K-5/KCBC/OL/DS 17.06.2017

# യുവജനദിനം 2017

## ജൂലൈ 9, ഞായർ

## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയമുള്ള യുവജനങ്ങളേ, സഹോദരീസഹോദരന്മാരേ!

ഒരു യുവജനദിനം കൂടി നാം ആഘോഷിക്കുകയാണ്. ഈ ആചരണം യുവതീ-യുവാക്കളുടെ വിശ്വാസത്തിന്റെ ആഘോഷം തന്നെയാണ്. സ്വാതന്ത്ര്യം അഭിലഷിക്കുന്ന യുവജനം പ്രതീക്ഷകളിൽ നിന്നു യാഥാർത്ഥ്യങ്ങളിലേക്കുള്ള ദീർഘദൂരം ഗതിവേഗതയോടെ താണ്ടുമ്പോൾ അവർക്കു സംഭവിക്കുന്ന സാരമായ നഷ്ടങ്ങൾ പരിഹരിക്കാൻ സഹായിക്കുന്ന ഇത്തരം യാത്രയ്ക്കിടയിൽ സംഭവിച്ച ചില നഷ്ടങ്ങളുണ്ട്. ഈ നഷ്ടങ്ങൾ പരിഹരിക്കാൻ സഹായിക്കുന്ന ചില ചിന്തകളാണ് പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ 2018 ഒക്ടോബറിൽ നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ 15-ാം സാധാരണ പൊതുസമ്മേളനത്തിനു വേണ്ടിയുള്ള ഒരുക്കരേഖയിൽ പങ്കുവയ്ക്കുന്നത്.

മൂന്നു തലത്തിലുള്ള നിർദ്ദേശങ്ങളാണ് തയ്യാറെടുപ്പുരേഖയിൽ സൂചിപ്പിച്ചിട്ടുള്ളത്. ഒന്നാമതായി യുവജനങ്ങൾ വളരുകയും, അവർ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്ന ലോകത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ചില സ്വയംചാലകപ്രവർത്തനങ്ങളുടെ സംഗ്രഹം. രണ്ടാമതായി, യുവജനങ്ങൾക്ക് വിശ്വാസത്തിന്റെ വെളിച്ചത്തിൽ തങ്ങളുടെ ജീവിതാന്തസ്സ് തിരഞ്ഞെടുക്കാൻ സഹായിക്കുന്ന ചില ചുവടുവയ്പുകൾ. അവസാനമായി, യുവജനങ്ങൾക്കുവേണ്ടിയുള്ള അജപാലനപരവും വിളിപരവുമായ പദ്ധതിയുടെ മുഖ്യഘടകങ്ങൾ.

### 1. ആധുനിക ലോകത്തിലെ യുവജനങ്ങൾ

സഭയുടെ യുവത്വം അതിലെ യുവജനങ്ങളാണ്. മിശിഹായുടെ ഹൃദയം സ്വന്തമാക്കിയവർക്കേ ദൈവസ്നേഹത്തിന്റെ യുവജന സാക്ഷികളായി സഭയുടെ യുവത്വം നിലനിർത്താനാകൂ. യുവജനങ്ങൾ വിശ്വാസതത്പരതയിലും ദൈവസ്നേഹതീക്ഷ്ണതയിലും വളരണം. ധാർമിക സമഗ്രതയുള്ള യുവജനങ്ങൾ സഭയിലും സമൂഹത്തിലും ഉണ്ടാവണം.

എന്നാൽ ലോകത്തെ പിടികൂടിയിട്ടുള്ള ആധ്യാത്മികവും, സാംസ്കാരികവും ധാർമികവുമായ ജീർണതയുടെ ആദ്യത്തെ ഇരകൾ ഇന്നത്തെ യുവജനങ്ങളാണ്. ജീവിതത്തെ വളരെ നിസ്സാരമായി കരുതി ജീവിക്കുന്നവരാണ് ഇന്നത്തെ യുവജനങ്ങൾ എന്ന പ്രതീതി ഉണ്ടാകുന്നു. യുവജനങ്ങളുടെ ഇടയിലെ ആത്മീയ നിർജ്ജീവത്വവും മൂല്യശോഷണവും അപകടപൂർണമായി വർധിക്കുന്നു. പണത്തിന്റെ ലഭ്യതയും ആഢംബര ജീവിതഭ്രമവും നവമാധ്യമ സ്വാധീനവും ആധുനിക ലോകത്തിലെ യുവജനങ്ങളെ വഴിതെറ്റിക്കുന്നു. തിന്മയിലേക്ക് ചാഞ്ഞിരിക്കുന്ന ലോകത്തെ നന്മയിലേക്ക് നയിക്കാൻ യുവജനങ്ങൾക്ക് കഴിയണം. അതിനായി യുവജനങ്ങൾ ഈശോയുടെ സ്നേഹത്തിന്റെയും കരുണയുടെയും പ്രയോക്താക്കളായി മാറണം.

### 2. വിശ്വാസവും വിളിയും

ക്രിസ്തീയ ജീവിതം വിശ്വാസത്തിലൂന്നിയ ജീവിതമാണ്. ഈശോ കണ്ടതുപോലെ കാര്യങ്ങളെ കാണുകയെന്നതാണ് വിശ്വാസം (Lumen Fidei 18). വിളിപരമായ വിവേചിച്ചറിയലിന്റെ ഉറവിടം വിശ്വാസമാണ്. അങ്ങനെ വിശ്വാസവും വിളിയും തമ്മിൽ ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. അബ്രഹാമിന്റെ ആഴമായ വിശ്വാസത്തിൽനിന്നാണ് അവന് വിളി ലഭിച്ചത്. ആ വിളിയിൽ ശ്രദ്ധേയമായ ഒരു വാഗ്ദാനം നാം കാണണം. "നിന്നെ ഞാൻ അനുഗ്രഹിക്കും... നീ ഒരനുഗ്രഹമായിരിക്കും" (ഉത്പ 12:2-3). യുവജനങ്ങൾ ദൈവത്തിന്റെ അനുഗ്രഹം പ്രാപിച്ച് സമൂഹത്തിന് അനുഗ്രഹമായി മാറണം.

വിശ്വാസം ഭീരുവിനുള്ള അഭയകേന്ദ്രമല്ല. മറിച്ച് ഹൃദയങ്ങളെ ഉദ്ദീപിപ്പിക്കുന്ന ശക്തിയാണ്. വിശ്വാസം എന്നത് വഴിയും സത്യവും ജീവനുമായ (യോഹ 14:6) ദൈവത്തോട് സംവദിക്കുക എന്നതാണ്. അത് ദൈവവചനത്തിന്റെ സന്തോഷം അനുദിനജീവിതത്തിൽ അനുഭവിച്ചുകൊണ്ട് വിശ്വാസബോധ്യത്തിൽ വളരുന്നതാണ്. ഈ സംവാദം നടക്കുന്ന സ്ഥലം മനസ്സാക്ഷിയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ മനസ്സാക്ഷി മനുഷ്യന്റെ ഏറ്റവും രഹസ്യാത്മകമായ ശ്രീകോവിലാണ്. (Gaudium et Spes-16). ദൈവം വിളിയിലൂടെ നല്കുന്ന സന്തോഷവും ഓരോ വ്യക്തിയും ആഗ്രഹിക്കുന്ന സന്തോഷവും വസ്തുനിഷ്ഠമായ രൂപത്തിൽ മനസ്സിലാക്കാൻ ഓരോ മനുഷ്യനും സാധിക്കുകയില്ല. നമ്മുടെ ജീവിതത്തിന് മഹത്തരമായ ലക്ഷ്യം നല്കുന്ന വിളികളെ നാം തിരിച്ചറിയുന്നത് ചില ഉൾപ്രചോദനത്തിൽ നിന്നുമാണ്.

എല്ലാ വിളികളും പൂർണതയിലേക്കുള്ള വിളിയാണ്. "എന്റെ സ്വർഗ സ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ" (മത്താ. 5:45) പരിപൂർണ്ണത എന്നു പറയുന്നത് സ്നേഹത്തിന്റെ തികവാണ്. അതായത്, എല്ലാ വിളിയും ദൈവസ്നേഹ ത്തിലേക്ക് അടുക്കാനുള്ള ക്ഷണമാണ്. ദൈവവും മനുഷ്യനുമായുള്ള സ്നേഹബന്ധം ഒരു വലിയ രഹസ്യമാണ്. ഈ രഹസ്യം ഉൾവിളിയോട് പൂർണമായ വിശ്വസ്തത പുലർത്തി കടലോളം കാരുണ്യമുള്ളവരായി ജീവിക്കാൻ സഹായിക്കുന്നു. രഹസ്യാത്മകത ഉൾക്കൊള്ളുന്ന ഈ സ്നേഹബന്ധമാണ് മദർ തെരേസയെ ലോകത്തിന്റെ അമ്മയും വിശുദ്ധയുമാക്കി മാറ്റിയത്. വിശ്വാസം വിശുദ്ധീകരണത്തിനും വിളി ദൗത്യത്തിനുമാണ്.

യുവജനങ്ങളുടെ ബന്ധങ്ങളും സൗഹൃദങ്ങളും ഓൺലൈൻ ആയിക്കഴിഞ്ഞിരിക്കുന്നു. പരസ്പര സാമീപ്യം ആവശ്യമില്ലാത്ത ഇലക്ട്രോണിക് ബന്ധങ്ങൾ! മറ്റുള്ളവരുടെ ഇഷ്ടങ്ങൾക്കും (Likes) അഭിപ്രായങ്ങൾക്കും (Comments) പ്രാധാന്യം നല്കി സ്വന്തം ജീവിതത്തെ ക്രമീകരിക്കാൻ ബദ്ധപ്പെടുന്ന യുവജനങ്ങളുണ്ട്. സാമൂഹിക മാധ്യമങ്ങൾ തീർക്കുന്ന സ്വപ്നലോകത്ത് അന്യോന്യബന്ധമില്ലാതെ ജീവിക്കാൻ ആഗ്രഹിക്കുന്ന യുവ സുഹൃത്തുക്കൾക്ക് വിശ്വാസത്തെയും വിളിയെയും ഗാഢമായി ബന്ധപ്പെടുത്തി ജീവിക്കാനോ അതിന് പ്രത്യുത്തരം നല്കാനോ പ്രയാസമാണ്, ഇത്തരം യുവജനങ്ങൾ ജീവിതം പാതി വഴിയിൽ വേർപെട്ടവരായി മാറുന്നു. മനുഷ്യൻ ഏറ്റവും മോശമായത് ചെയ്യുവാൻ കഴിവുള്ളനായിരിക്കുമ്പോൾത്തന്നെ നന്മയെ വീണ്ടും തിരഞ്ഞെടുത്തുകൊണ്ടും പുതുതായി തുടങ്ങിക്കൊണ്ടും മാനസികവും സാമൂഹികവുമായ അവരുടെ വ്യവസ്ഥിതികൾക്കെതിരായി അവയ്ക്ക് അതീതമായി ഉയരാൻ കഴിവുള്ളവരാണ് (ലാവുദാത്തൊ സി, 205)

### 3. വിവേചിച്ചറിയൽ എന്ന ദാനം

ഒരു വ്യക്തി ദൈവത്തോട് സംവദിച്ചുകൊണ്ടും പരിശുദ്ധാത്മാവിന്റെ ശബ്ദം ശ്രവിച്ചുകൊണ്ടും ഒരുവന്റെ ജീവിതാവസ്ഥയെക്കുറിച്ചുള്ള തിരഞ്ഞെടുപ്പിൽ തുടങ്ങി, അടിസ്ഥാനപരമായ തെരഞ്ഞെടുപ്പുകൾ നടത്തുന്ന പ്രകിയയാണത്. അനിശ്ചിത സാഹചര്യങ്ങളിലും ആന്തരിക ശക്തികളുടെ സംഘർഷങ്ങളുടെ മുമ്പിലും തീരുമാനങ്ങളെടുക്കുകയും പ്രവൃത്തികളെ നയിക്കുകയും ചെയ്യുന്നിടത്താണ് വിവേചിച്ചറിയൽ പ്രക്രിയ നടക്കുന്നത്. വിവേചിച്ചറിയൽ എന്ന ശ്രേഷ്ഠമായ പ്രയോഗം

സഭയുടെ പാരമ്പര്യത്തിലുള്ളതാണ്. നല്ലതിനെ മോശമായതിൽ നിന്ന് തിരിച്ചറിയുക, പ്രലോഭനങ്ങളെ തിരിച്ചറിഞ്ഞ് ഉപേക്ഷിക്കുക എന്നിവ യെല്ലാം വിവേചിച്ചറിയലിലെ വ്യത്യസ്ത രൂപങ്ങളാണ്. സുവിശേഷ ത്തിന്റെ സന്തോഷം എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിവേചിച്ച റിയൽ വിവരിക്കാൻ മൂന്നു വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. അവ തിരിച്ചറിയുക, വ്യാഖ്യാനിക്കുക, തിരഞ്ഞെടുക്കുക എന്നിവയാണ്.

യുവജനങ്ങളെ സ്വയം കണ്ടെത്താൻ സഹായിക്കണം. അതിന് അവരെ മനസ്സിലാക്കണം. അവരുടെ വൈകാരിക പ്രത്യേകതകൾ തിരിച്ചറിയണം. ദൈവത്തോട് അടുത്തുനിൽക്കുന്ന യുവജനങ്ങളിൽ ദൈവീക കൃപ പ്രകട മാകും. അവർക്കേ ദൈവത്തെപ്പോലെ മറ്റുള്ളവരെ ആകർഷിക്കാനാകൂ. മോശയെപ്പോലെ ദൈവത്തിന്റെ മുഖത്ത് നോക്കിക്കൊണ്ട് യാത്ര ചെയ്യാനും യോഹന്നാൻ ശ്ലീഹായെപ്പോലെ ഈശോയുടെ മാറിൽ ചാരിക്കിടക്കാനും മഹാപുരോഹിതനായ ഈശോയെപ്പോലെ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റാനും തയ്യാറാകുന്നവർക്കു മാത്രമേ വിവേചിച്ചറിയൽ എന്ന ദാനം പൂർണമായി നേടാൻ പറ്റൂ. “ദൈവത്തെ കൂടാതെയുള്ള ധാർമ്മികതയ്ക്കു നിലനില്പില്ല” (ഫുൾട്ടൻ ജെ ഷീൻ). “ധാർമ്മികതയ്ക്ക് നിലനിൽപ്പുണ്ടാകണമെങ്കിൽ ഒരു അടിത്തറ വേണം; നന്മ തിന്മകളെ വിലയിരുത്തുന്ന ഒരു ദൈവം” (ഇമ്മാനുവേൽ കാന്റ്). സമൂഹത്തിലെ ജീർണതകളിൽ അസ്വസ്ഥരാകുന്ന ഇന്നത്തെ യുവജനങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകുന്ന മൂന്നു കാര്യങ്ങളാണ് പരിശുദ്ധ ഫ്രാൻസീസ് പാപ്പ നമ്മെ ഓർമപ്പെടുത്തുന്നത്. വിശ്വാസവും വിളിയും വിവേചിച്ചറിയലുമാണ് അവ.

**ഉപസംഹാരം**

2018 ഒക്ടോബറിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ 15-ാം സാധാരണ പൊതുസമ്മേളന ത്തിനുവേണ്ടിയുള്ള ഒരുക്ക രേഖ ഇതിനോ ടകം എല്ലാ രൂപതകളിലും ലഭ്യമാക്കിയിട്ടുണ്ട്. ഈ ഒരുക്കരേഖയിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും കേരളത്തിലെ 31 രൂപതകളിലെയും യൂത്ത് കമ്മീഷന്റെ നേതൃത്വത്തിലും കെ.സി.വൈ.എം.ന്റെ ആഭിമുഖ്യ ത്തിലും, ഇതര യുവജന പ്രസ്ഥാനങ്ങളുടെ കൂട്ടായ്മയിലും പഠനവിധേയ മാക്കണമെന്ന് താത്പര്യപ്പെടുന്നു. ഈ പഠനത്തിന്റെ വെളിച്ചത്തിൽ കെ.സി.ബി.സി. യൂത്ത് കമ്മീഷന്റെ നേതൃത്വത്തിൽ ഒരു യുവജന മാർഗരേഖ തയ്യാറാക്കാൻ ആഗ്രഹിക്കുന്നു. പ്രസ്തുത മാർഗരേഖയ്ക്ക് ആവശ്യമുള്ള കാര്യങ്ങൾ കെ.സി.ബി.സി യുവജന കാര്യാലയത്തിൽ

കഴിവതും വേഗം നല്ണമെന്ന് ഓർമിപ്പിക്കുന്നു. കേരളത്തിലെ യുവജനപ്രവർത്തനങ്ങൾക്ക് വ്യക്തിഗതമായും സഭാതലത്തിലും സംസ്ഥാനതലത്തിലും ത്യാഗോജ്ജ്വലമായി പ്രവർത്തിക്കുന്ന ഡയറക്ടർ അച്ചന്മാരെയും ആനിമേറ്റേഴ്സ് ആയി ശുശ്രൂഷചെയ്യുന്ന സന്ന്യാസിനി മാരെയും എല്ലാ യുവജനപ്രവർത്തകരെയും വിശ്വാസികളെയും പ്രത്യേകം അഭിനന്ദിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കു കയും ചെയ്യുന്നു.

പ്രാർത്ഥനപൂർവം,

**ഡോ. ജോസഫ് മാർ തോമസ്**
(ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)

**ഡോ. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)

---

**N.B.** 2017 ജൂലൈ 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മല ബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

## ബഹുമാനപ്പെട്ട വൈദികരുടെ ശ്രദ്ധയ്ക്ക്

### വാർഷികധ്യാനം


വൈദികർക്കുവേണ്ടി ക്രമീകരിച്ചിരിക്കുന്ന വാർഷിക ധ്യാനത്തിൽ അതിരൂപതയിലെ എല്ലാ വൈദികരും സംബന്ധിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. ഗൗരവമുള്ള കാരണങ്ങളാൽ സംബന്ധിക്കാൻ സാധിക്കയില്ലെങ്കിൽ പ്രസ്തുത വിവരം എന്നെ മുൻകൂട്ടി അറിയിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ധ്യാനാവസരത്തിൽ മുൻ വർഷത്തെപ്പോലെ എല്ലാ വൈദികരെയും വ്യക്തിപരമായി ഞാൻ കാണാൻ ആഗ്രഹിക്കുന്നു. തദവസരത്തിൽ, ഇക്കഴിഞ്ഞ വർഷം ഇടവകയിൽ നടന്ന താഴെപ്പറയുന്ന കാര്യങ്ങളെക്കുറിച്ചുള്ള ചുരുങ്ങിയ വിവരണം രേഖാമൂലം നൽകണമെന്നും താല്പര്യപ്പെടുന്നു.

1. ഇടവകയിലെ ആകെ കുടുംബങ്ങൾ?
2. ഇടവകയിലെ വാർഷികധ്യാനം: എന്ന്? ആര്?
3. ഇടവകയിൽ നടന്ന പ്രധാനപ്പെട്ട ബോധവല്ക്കരണ പ്രവർത്തനങ്ങൾ.
4. ഇടവകയിൽ നടന്ന ജീവകാരുണ്യ-സാമൂഹികക്ഷേമ പ്രവർത്തനങ്ങൾ?
5. പ്രവേശക കൂദാശകൾ സ്വീകരിച്ചവർ എത്ര?
6. വിവാഹിതരായവർ എത്ര?
7. ഇടവകയിൽനിന്ന് മരണമടഞ്ഞവർ എത്ര?
8. കത്തോലിക്കാ വിശ്വാസം ആരെങ്കിലും ഉപേക്ഷിച്ചിട്ടുണ്ടോ?
9. കത്തോലിക്കാ വിശ്വാസത്തിലേക്കു തിരിച്ചുവന്നവർ ഉണ്ടോ?
10. വിധവകൾ എത്ര? വിഭാര്യർ എത്ര?
11. വിവാഹ പ്രായം കഴിഞ്ഞിട്ടും വിവാഹിതരാകാത്ത പുരുഷന്മാർ എത്ര? സ്ത്രീകൾ എത്ര?
12. ഏകസ്ഥരായി കഴിയുന്നവർ എത്ര?

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത




# I

## TRANSFER 2017 JUNE 6

| V. Rev/Rev Frs | Relieved | Appointed Vicars/ Directors/ Professors |
|---|---|---|
| Alencherry Isaac (jr.) | | Thiruvalla - Muthoor (addl.) |
| Alencherry Isaac | Chaplain, Lourdes Matha Hospital, Pacha | St. Joseph's Priests Home. |
| Aiyankary Joseph | Punnamada | St. Joseph's Priests Home, Dir. |
| Arackal Varghese | Ambalapuzha & Sandesanilayam | Punnapra & Bursar MG College |
| Aryankala Thomas | Ponga | Rector, Etawah Seminary |
| Avannoor George | Kizhakkemithrakary | SH School (Res.), Perunna E. |
| Banglavuparampil Joseph | | Charamangalam |
| Chalackal Joseph | Mammoodu | Thekkupara, Rajagiri (Paro. admi.) |
| Chalassery Joseph | Nalpathimala | Kunnoth Seminary |
| Chekkonthayil | Mithrakary | |
| Cheppila Scaria | SH HSS Fathimapauram | Kavalam St. Theresa's |
| Chirakadavil Joseph | Paipadu Lourdes | Mundupalam |
| Chundakattil James | Vavode | Thazhathangady |
| Kalathil Joseph | Kumaranalloor | Kizhakkemithrakkary & Asst . Archivist |
| Kalayamkanadam Mattom James | Satna Seminary | Mudiyoorkara |
| JaKappamoottil George | ATMATA, ACCEPT | Cheppumpara |

| | | |
|---|---|---|
| Karivelil Francis | Mudiyoorkara | Punnamada |
| Karukayil Jacob | German ministry | Kunnoth Seminary |
| Kizhakkeveettil Antony | Priests Home, Dir. | Paipadu St. Thomas |
| Kizhakkeyil Peter | Thuckalay | Nazareth-Nedumudy |
| Kochelechemkalam Thomas | Mundupalam | South African Mission |
| Kokkavayalil James | MOC, Manganam Chengalam | Punalur,Cherukadavu, Pathanapuram |
| Koodathil George | Paipadu St. Thomas | Retired, Mother Teresa Home, Nedumkunnam (Res) |
| Kottathil Tom | | Higher Study, Milan, Italy |
| Kurinjiparampil Sebastian | Mavelikara | |
| Maliyil Thomas | | Koduppunna |
| Mangalathil George' | Cheppumpara | Inst. of Canon Law, Vadavathoor (PVP) |
| Mattam Mathew | Vice Postulator MMK Cause | Retired, Asso. Pastor at Cathedral |
| Monnattinmugham Mathew | Chelakara Estate | Procurator, Aluva Seminary |
| Moolamkunnam George | Chathanadu & Sahrudaya hosp. | Kayalpuram St. Joseph & St. Antony |
| Moolayil Antony | Registrar, John Paul II Pont. Inst. CANA | |
| Mulavana Joseph | | SHHSS Fathimapuram, Manager (addl) |
| Mundakathil Joseph | Protosyncellus | Syncellus |
| Mundunadackal Isaac | Punnathura | Nalpathimala |
| Muriyankavunkal Dominic | Kavalam Lisieux | Rector, Niranam Shrine & Seminary |
| Mukalel Jose | | AKCC (addl) |
| Nadackal Mathew | Punalur, Cherukadavu Pathanapuram | Dir. Bible Apost., Kudumba Koottayma, Satyadarsanam |
| Nelluvely Emmanuel | Kavalam St. Theresa's | South African Mission |
| Parackal Jacob | Thekkupara, Rajagiri | MOCL Study Vadavathoor |
| Parappallil Scaria | Kannady St Joseph | Kandankary |
| Parappally Jose | Kavalam St. Josephs, Dean of Studies, John Paul II Pont. Inst. CANA | Mannila, Registrar John Paul Inst. CANA |
| Parathanam Thomas | Perunna E. | Kavalam St. Josephs F. Church |

| | | |
|---|---|---|
| Ponganamthadathil Augustine | Punnapra & St. Gregorios College | Kooropada |
| Powanchira Mathew | Charamangalam | Arattuvazhy |
| Puthenkalam Antony | Bible Apost., Satyadarsanam Kudumba koottayma | Kumaranalloor, M.Th Study Vadavathoor |
| Puthenparampil Thomas (Tijo) | Kandamkary | Kavalam Lisieux, CANA study |
| Puthenpurackal Thomas | Kayalpuram | Aryankavu |
| Puthepurackal Thomas (Joshy) | Niranam | Ambalapuzha |
| Puthiaparampil Joseph | Nazareth Nedumudy | Punnathura |
| Puthusserry Sebastian | Thazhathangady | Vavode |
| Puthuveedu Joseph | | Chathanadu (addl.) |
| Puthuveettilkalam Joseph (sr.) | Koduppunna | Kannady St Joseph |
| Srampickal Scaria | Kooroppada | Paipadu Lourdes, Lecturer SB College |
| Thanamavunkal Varghese | | Dean of Studies, John Paul II Pont. Inst. CANA (addl.) |
| Thanniath Thomas | Arattuvazhy | ATMATA |
| Thattasserry Antony | | Vice Rector, Minor Seminary, Chengalam |
| Thekkedathu Mathew | Vice Rector-Minor Seminary& Vocation Bureau | Mithrakary |
| Vallayil Job | Mannila | HM Thathampally School & Kalathu St. Mary's |
| Vazhaparampil Thomas | Aryankavu | Chelakara Estate |
| Vellamathara Sebastian | | Ponga & Lecturer, MG Punnapra |
| Vellanickal Mathew | Syncellus | Retired, Sprituality Centre (Res) |
| Wadakekalam Philips | Aluva Seminary | Syncellus |
| | **Religious Priests** | |
| Ampalathattil James CMI | Ayroor | |
| Anandakkattu Robin CMI | | Koliyoor |
| Anithottathil Jose CMI | | Karikkattoor |
| Attichira Sebastian CMI | | Chethipuzha |
| Chamathara Sebastian CMI | Mannanam | |
| Cheppila Thomas CMI | | Vizhinjam |
| Choolaparampil Thomas CMI | Koliyoor | |
| Ethirett Scaria CMI | | Mannanam |

| | | |
|---|---|---|
| Karottemprel Devasia CMI | Karikattoor | |
| Keeprath Joseph OFM Cap | | Mannanthala |
| Kidangayil Joseph CMF | | Kottarakara |
| Kodian Francis MCBS | Athirampuzha Lisieux | |
| Kollammalil Joseph CMI | | Muttar Amalolbhava |
| Mannamparampil Joseph CMI | Puthuppally | |
| Mariyalayam Joseph CMI | Cheepunkal | |
| Meenappally Jacob CMI | Mannanam | Kuchapuram |
| Mundiyath Jacob CMF | Kottarakara | |
| Nirappel Joy CMI | | Puthuppally |
| Palakunnel Joseph CMI | | Ayroor |
| Puthenchira Joseph MCBS | | Athirampuzha Lisieux |
| Puthukulam Chacko CMI | Kuchapuram | |
| Thalakkulam Thomas OFM Cap | Mannanthala | |
| Thamarassery Paul CMI | Chethipuzha | |
| Thayil Thomas CMI | Muttar Amalolbhava | |
| Thevalakkara Joshy CMI | Thiruvalla-Muthoor | |
| Vadakkummuriyil Paul CMI | | Cheepunkal |

**PAROCHIAL VICARS**

| Rev Frs | Relieved | Appointed |
|---|---|---|
| Kuzhippallil Jacob | Assumption, Kurumpanadom | Veroor |
| Panachickal Antony | Ayarkunnam | |
| Thoompunkal Ritto | Thiruvananthapuram | |
| Thuruthel Joseph | Veroor | Etawah Mission |
| Arackaparampil Jeffin Francis CRM | | Amboori F |
| Chalackal Thomas MCBS | | Karumady |
| Nellankuzhiyil Michael HGN | | Koilmuck F |
| Oozhikattu Mathew MSJ | | Kottayam Lourdes F |
| Pathiyil Manoj OFM Cap | | Ayarkunnam |
| Pulickal Mathew CST | Ettumanoor | |
| Punnakuzhiyil Jerin Jose CFIC | | Thiruvananthapuram F |
| Thannippara Joseph MST | | Thrickodithanam F |
| Thundiparampil Joseph CMI | Koilmuck F | |
| Valimalayil Shinto Joseph CRM | | Mammoodu |
| Vallapura Francis CMI | Vizhinjam | Mannanam |

## II


### ബഹുമാനപ്പെട്ട വൈദികരുടെ അടിയന്തിര ശ്രദ്ധയ്ക്ക്

1. കുർബാനധർമ്മം യാതൊരു കാരണവശാലും നൂറ് എണ്ണത്തിൽ കൂടുതൽ കൈവശം സൂക്ഷിക്കാതിരിക്കുക. കൂടുതൽ ലഭിക്കുന്ന കുർബാനധർമ്മം മറ്റുള്ള വൈദികർക്കോ സ്ഥാപനങ്ങൾക്കോ നേരിട്ട് കൊടുക്കരുത്, അത് അതിരൂപതാ കേന്ദ്രത്തിൽ ഏൽപിക്കുക. കുർബാനധർമ്മം ആവശ്യമുള്ള വൈദികർ അതിരൂപതാ ഓഫീസിൽനിന്നും അത് സ്വീകരിക്കുക. തിരുനാളുകളിൽ ലഭിക്കുന്ന കുർബാനധർമ്മം പ്രത്യേകം കണക്കാക്കി അതിരൂപതയിൽ ഏൽപിക്കുക.
2. അതിരൂപതാ കേന്ദ്രത്തിൽ കണക്ക് സമർപ്പിക്കുവാൻ ഓരോ ഇടവകയ്ക്കും നിശ്ചയിച്ചിട്ടുള്ള തീയതി 2017 ജൂൺ മാസത്തിലെ വേദപ്രചാരമദ്ധ്യസ്ഥനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത തീയതിക്ക് മുമ്പേ കണക്കുമായി വരുവാൻ താൽപര്യമുള്ള ഇടവകകൾക്ക് അതിരൂപതാ അക്കൗണ്ടന്റ് ഓഫീസിൽ വിളിച്ചുപറഞ്ഞശേഷം വരാവുന്നതാണ്.

**അക്കൗണ്ടന്റ് ഫോൺ : 9846479172**
**ഓഫീസ് : 0481–699903**

### *SUSPENSUS A DIVINIS*

Rev. Fr. Martin Moopaseril is suspended *a divinis* in conformity with canon 1453 §1 of the *Code of Canons of the Eastern Churches*. He shall not be permitted to exercise any functions of priestly ministry in any of the Catholic churches.



**അമേരിക്കയിലെ ചിക്കാഗോ രൂപതയുടെ**
**ചാൻസിലറായി നിയമിതനായ**
**പെ. ബ. ജോൺ പുലീശ്ശേരി അച്ചന്**
**അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ**

**കഴിഞ്ഞ 5 വർഷക്കാലം PPF സെക്രട്ടറിയായി ശ്രദ്ധേയമായ നല്ല സേവനം ചെയ്ത മാത്യു മുന്നാറ്റിൻമുഖം അച്ചന് ചങ്ങനാശേരി അതിരൂപതാ വൈദിക കുടുംബത്തിന്റെ നന്ദിയും സ്നേഹവും.**

**PPF സെക്രട്ടറി**
**സൈജു അയ്യങ്കരി**

# ഈസ്റ്ററിനോടനുബന്ധിച്ച് നടന്ന വൈദിക സമ്മേളനത്തിന്റെ റിപ്പോർട്ട്

## 2017 ഏപ്രിൽ 18

ഈസ്റ്ററിനോടനുബന്ധിച്ച് നടന്ന വൈദികസമ്മേളനത്തിന്റെ റിപ്പോർട്ട് അതിരൂപതയിലെ വൈദികകൂട്ടായ്മയുടെ പ്രകാശനമായ *പ്രസ്ബിത്തേരിയം* ഇക്കഴിഞ്ഞ ഏപ്രിൽ മാസം 18-ാം തീയതി ചൊവ്വാഴ്ച അതിരൂപതാ കേന്ദ്രത്തിലുള്ള മാർ ജയിംസ് കാളാശ്ശേരി മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിൽ നടന്നു. പെരി. ബ. മാത്യു വെള്ളാനിക്കലച്ചന്റെ കാർമ്മികത്വത്തിൽ *ഖുത്താആ* പ്രാർത്ഥനയും അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ കാർമ്മികത്വത്തിൽ ദിവംഗതനായ അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിനും പരേതരായ ഇതരവൈദികർക്കുവേണ്ടി ഒപ്പീസും ചൊല്ലി. വൈദികസമ്മേളനത്തിന്റെ തുടർനടപടികളെക്കുറിച്ച് ചാൻസിലർ ബ. പുത്തൻകളം ടോമച്ചൻ വിശദികരിച്ചു. അതിരൂപതയിൽ ശുശ്രൂഷചെയ്യുന്ന സന്ന്യാസവൈദികരും സന്നിഹിതരായിരുന്ന സമ്മേളനത്തിൽ അഭി. പെരുന്തോട്ടം പിതാവ് ഏവർക്കും സ്വാഗതം ആശംസിച്ചു. ഉത്ഥാനത്തിന്റെ സന്തോഷം ജീവിതത്തിൽ തുടരണമെന്ന് അദ്ദേഹം സ്വാഗതപ്രസംഗത്തിൽ പറഞ്ഞു. വൈദികരുടെ സ്ഥിതി -സേവന വിവരങ്ങളുടെ statistics പിതാവ് അവതരിപ്പിച്ചു. അഭി. തറയിൽ തോമസ് പിതാവിനെ പ്രത്യേകം സ്വാഗതം ചെയ്തുകൊണ്ട് "ഏറ്റവും യോഗ്യനായവ്യക്തി" എന്ന് പിതാക്കന്മാരും അല്മായരും ഒരുപോലെ അഭിപ്രായപ്പെട്ടെന്നും പിതാവ് അറിയിച്ചു. അഭി. പവ്വത്തിൽ പിതാവ് നൽകിയ ദിവസത്തിന്റെ സന്ദേശത്തിൽ വൈദികരുടെ കാലിക സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ ആന്തരികവും ബാഹ്യവുമായി വൈദികർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. പ്രത്യേകം ശ്രദ്ധചെലുത്തേണ്ട വിവിധവിഷയങ്ങൾ -വൈദികരുടെ നിത്യേനയുള്ള ആത്മശോധന, സെമിനാരിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പും പരിശീലനവും, വൈദികവസ്ത്രത്തിന്റെ ഉപയോഗം തുടങ്ങിയവ പിതാവ് എടുത്തു പറഞ്ഞു. വർഗ്ഗീയവാദികളും വർഗ്ഗവാദികളും സഭയ്ക്ക് ഒരേപോലെ ഭീഷണിയാകുന്ന ഈ കാലഘട്ടത്തിൽ വിശ്വാസത്തിൽ ഉറച്ചു നിന്ന് വൈദികർ ആളുകളെ മുന്നോട്ടു നയിക്കണമെന്ന് പിതാവ് നിർദ്ദേശം നൽകി. തുടർന്ന് അഭി. തറയിൽ പിതാവ് തനിക്കു ലഭിച്ച പുതിയ നിയോഗത്തിന്റെ വിജയത്തിനായി എല്ലാവരുടെയും സഹായ സഹകരണങ്ങൾ ആവശ്യപ്പെട്ടു

കൊണ്ട് വൈദികസമൂഹത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. നവ മാധ്യമങ്ങളുടെ വർദ്ധിക്കുന്ന സ്വാധീനത്തിനനുസരിച്ച് അജപാലന പ്രവർത്തനത്തിൽ ഉണ്ടാകേണ്ട മാറ്റത്തെക്കുറിച്ചും നമ്മെ ആദരിക്കുന്ന ഇടവ കസമൂഹത്തെ മനസ്സിലാക്കി ആത്മവിശ്വാസത്തോടെ മുന്നോട്ടു പോകേണ്ടതി നെക്കുറിച്ചുമെല്ലാം പിതാവ് സംസാരിച്ചു. ജനം എങ്ങനെ നമ്മെ കാണുന്നു എന്നുള്ള ചർച്ചകൾ, കരുണയോടെയുള്ള ഇടപെടലുകൾക്കുള്ള പരിശീലനം, കുടുംബപശ്ചാത്തലം കൂടി കണക്കിലെടുത്തു കൊണ്ടുള്ള സെമിനാരിക്കാരുടെ തെരഞ്ഞെടുപ്പ് തുടങ്ങിയ വ്യത്യസ്തമായ വിഷയങ്ങൾ പിതാവിന്റെ പങ്കുവ യ്ക്കലിന്റെ ഭാഗമായി.

മെത്രാഭിഷേകക്രമീകരണങ്ങളുടെ ജോയിന്റ് കൺവീനറായ താനമാവുങ്കൽ ബഹു. വർഗീസച്ചൻ മെത്രാഭിഷേക ചടങ്ങിന്റെ ക്രമീകരണങ്ങളെക്കുറിച്ച് സംസാരിച്ചു. തുടർന്ന്, വികാരി ജനറാൾ പെരി. ബഹു. ജോസഫ് മുണ്ടകത്തി ലച്ചൻ സുവർണ്ണ രജതജൂബിലി ആഘോഷിക്കുന്ന വൈദികർക്ക് ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു.

കഴിഞ്ഞ വൈദികസമ്മേളനത്തിനു ശേഷം നടന്ന പ്രധാനപ്പെട്ട സംഭവ ങ്ങൾ അഭി. പെരുന്തോട്ടം പിതാവ് അനുസ്മരിപ്പിച്ചു. അതിരൂപതാ പൊതുവി ദ്യാഭ്യാസവകുപ്പിന്റെ ചുമതല ഏൽക്കുന്ന പെരി. ബഹു വടക്കേക്കളം ഫിലിഫ്സ് അച്ചനെ പിതാവ് സ്വാഗതം ചെയ്തു. മല്പാൻ പെരി. ബഹു. മാത്യു വെള്ളാനി ക്കലച്ചൻ തയ്യാറാക്കിയ ലിറ്റർജിക്കൽ ചാന്റ് ചില ഭേദഗതികളോടെ സീറോ മലബാർ സഭ അംഗീകരിച്ച വിവരം അഭി. പിതാവ് വൈദികരെ അറിയിച്ചു. 1997 മുതൽ 20 വർഷക്കാലം അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസായും, സിഞ്ചെ ല്ലൂസായും പെ. ബ. വെള്ളാനിക്കലച്ചൻ ചെയ്ത ശുശ്രൂഷകൾക്ക് പിതാവ് നന്ദി പ്രകാശിപ്പിച്ചു.

ചങ്ങനാശ്ശേരിയുടെ മിഷൻ പ്രദേശമായ ഹൈദ്രബാദിൽ ശുശ്രൂഷചെയ്യുന്ന ഇലഞ്ഞിപ്പറമ്പിൽ ബഹു. ആൻസിലോ അച്ചനെ All India Youth Ministry Director ആയി അഭി. തട്ടിൽ പിതാവ് നിയമിച്ച വിവരം പിതാവ് അറിയിച്ചു. ഹൈദ്രബാ ദിൽ നമ്മുടെ അച്ചന്മാരുടെ നേതൃത്വത്തിൽ 2 ദൈവാലയം പണിതു. അവിടെ ശുശ്രൂഷ ചെയ്യുന്ന എല്ലാ ബഹു. വൈദികർക്കും അനുമോദനങ്ങൾ.

ആഗ്രാമിഷനിൽ മൈൻപൂരിയിൽ ഒരു പുതിയ ദൈവാലയം നിർമ്മിച്ചു. അതി രൂപതയിൽ മഹത്തരമായ ശുശ്രൂഷകൾ നിർവ്വഹിച്ച എല്ലാവർക്കും വിദേശത്തും സ്വദേശത്തും പഠനം, ശുശ്രൂഷ എന്നിവ പൂർത്തിയാക്കി മടങ്ങിയെത്തിയ വൈദി കർക്കും പിതാവ് അഭിനന്ദനങ്ങൾ നേർന്നു. വൈദികകൂട്ടായ്മയിലേയ്ക്ക് കടന്നുവന്ന പുത്തനച്ചൻമാരെ അഭി. പിതാവ് ഔദ്യോഗികമായി പ്രസ്ബിത്തേ രിയത്തിലേയ്ക്ക് സ്വാഗതം ചെയ്തു. കാവുകാട്ടുപിതാവിന്റെ നാമകരണത്തിന്റെ Roman Phase ഏപ്രിൽ 19-ാം തീയതി റോമിൽ ഔദ്യോഗികമായി ആരംഭി ക്കുന്ന വിവരം അഭി. പിതാവ് യോഗത്തിൽ അറിയിച്ചു.

തുടർന്ന് ബഹു. വേങ്ങാശ്ശേരിയച്ചൻ മംഗളം റേഡിയോയിലൂടെ പ്രക്ഷേപണം തയ്യാറാക്കിയ സി. ഡി പെരി. ബഹു. മണക്കളത്തച്ചൻ വൈദികസമൂഹത്തിന് പരിചയപ്പെടുത്തുകയും അഭി. പെരുന്തോട്ടം പിതാവ് അഭി. തറയിൽ പിതാവിനു നൽകി പ്രകാശനം ചെയ്യുകയും ചെയ്തു.

ഈ വർഷത്തെ അതിരൂപതാദിനത്തിലേയ്ക്ക് ബഹു. ആര്യങ്കാലയച്ചൻ എല്ലാ യോഗാംഗങ്ങളെയും ക്ഷണിക്കുകയും അന്നത്തെ പരിപാടികൾ വിശദികരിക്കുകയും ചെയ്തു.

ആരാധാക്രമാനുഷ്ഠാനങ്ങളുടെ കൃത്യമായ നടത്തിപ്പിനും അജപാലനശുശ്രൂഷയിലും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ പിതാവ് സൂചിപ്പിച്ചു.

1. *മദ്ബഹാ* പ്രവേശനത്തിനു മുമ്പുള്ള *കൂശാപ്പയും* വിശ്വാസപ്രമാണവും *മദ്ബഹായുടെ* കവാടത്തിൽ നിന്നു ചൊല്ലുക
2. കൈകഴുകൽ *ബേമ്മയിൽ* വച്ചു നടത്തുക
3. തിരുവോസ്തി *പീലാസയിൽ* വയ്ക്കുമ്പോൾ അതിലെ കുരിശടയാളം തല കീഴായി വരാതിരിക്കത്തത്തവിധം നേരെ വയ്ക്കുക
4. *വി. കുർബാന* സ്വീകരണശേഷം മാത്രം *ശോശപ്പാ* മടക്കി വയ്ക്കുക
5. 5–ാം ധൂപാർപ്പണത്തിന് ശുശ്രൂഷി തന്നെ കുന്തിരിക്കമിട്ടു വരിക
6. പഴയനിയമം, ലേഖനം, സുവിശേഷം വായനകൾ നടത്തേണ്ട സ്ഥലത്തു വച്ചു നടത്തുക
7. മാമ്മോദീസാതൊട്ടിക്ക് നല്ലൊരു അടപ്പ് ഉണ്ടായിരിക്കണം.
8. വിശുദ്ധതൈലം സൂക്ഷിക്കുന്നതിന് *സക്രാരി* പോലെ തന്നെ ഒരു സ്ഥലം ഭദ്രമായി ക്രമീകരിക്കണം.
9. അൾത്താരബാലന്മാർ *കൊത്തീന*, *സൂനാറ* എന്നിവ ധരിക്കണം
10. അനാവശ്യമായ കുരിശടി, *ഗ്രോട്ടോ* പ്രതിമകൾ എന്നിവ നിരുത്സാഹപ്പെടുത്തുക
11. വചനവേദി കുറ്റാരോപണവേദി ആക്കരുത്
12. പുരോഹിതന്റെ ‘പഠിപ്പിക്കുക’ എന്നധർമ്മത്തിന് കൂടുതൽ പ്രാധാന്യം നൽകണം
13. ഓരോ കുടുംബത്തെയും കുടുംബത്തിലെ ഓരോ അംഗത്തെയും ശരിയായി മനസ്സിലാക്കിയാൽ മാത്രമേ വൈദികർക്ക് അജപാലനശുശ്രൂഷ ഫലപ്രദമായി നിർവ്വഹിക്കാൻ കഴിയൂ.
14. യോഗനിശ്ചയ അംഗീകാരം യഥാസമയത്ത് ശരിയായ രീതിയിൽ വാങ്ങുക
15. Pastoral letters, Circular തുടങ്ങിയവ പള്ളിയിൽ പ്രസിദ്ധികരിച്ചാൽ പോരാ,

പള്ളിയിൽ വായിക്കുക തന്നെ വേണം.

16. രഹസ്യാത്മകത വേണ്ടിടത്ത് പാലിക്കുക ഈക്കാര്യങ്ങളിൽ prudence, maturity കാണിക്കുക

അന്നേദിവസം പൗരോഹിത്യ ജന്മദിന വാർഷികങ്ങൾ കൊണ്ടാടിയ ബഹു. വൈദികർക്ക് ആശംസകൾ അറിയിച്ചു. തുടർന്ന് ബഹു. വൈദികരുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും ശേഷം പെരി. ബഹു. ജയിംസ് പാലയ്ക്കലച്ചൻ പ്രെസ്ബിത്തേരിയത്തിൽ പങ്കെടുത്ത സന്ന്യാസവൈദികർക്ക് നന്ദി പ്രകാശിപ്പിച്ചു. തുടർന്ന്, PPFA യുടെ General Body Meeting പ്രസിഡന്റ് പെരി. ബഹു. ജോസഫ് മുണ്ടകത്തിലച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. പുതിയ സെക്രട്ടറിയായി അയ്യംങ്കരി ബഹു. ജോസഫ് അച്ചനെ തെരഞ്ഞെടുത്തു.

ഉച്ചയ്ക്കുശേഷം 1.30 മണിയോടുകൂടി ചാൻസിലറച്ചന്റെ നന്ദിപ്രകാശത്തോടെ യോഗം സമാപിച്ചു.

## പാസ്റ്ററൽ കൗൺസിൽ

## ഗോൾഡൻ ജൂബിലി പ്രൈസ്

ചങ്ങനാശേരി അതിരൂപത പാസ്റ്ററൽ കൗൺസിലിന്റെ സുവർണ്ണജൂബിലി (1967-2017) സ്മാരകമായി പാസ്റ്ററൽ കൗൺസിൽ ഗോൾഡൻ ജൂബിലി പ്രൈസ് ഏർപ്പെടുത്തുന്ന വിവരം 2017 മെയ് 20-ന് പച്ച-ചെക്കിടിക്കാട് നടന്ന അതിരൂപതാ ദിനത്തിൽ അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവ് അറിയിക്കുകയുണ്ടായി. അതിരൂപതയുടെ നിർദ്ദേശങ്ങൾക്കനുസൃതം രൂപീകരിക്കുകയും ഏറ്റം മാതൃകാപരമായും മികച്ചരീതിയിലും ഇടവകയിലെ അജപാലനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്ന പാരീഷ് കൗൺസിലിനാണ് പ്രസ്തുത സമ്മാനം ലഭിക്കുക. തെരഞ്ഞെടുക്കപ്പെടുന്ന പാരീഷ് കൗൺസിലിന് 2018 മെയ് 20-ന് തുരുത്തി മർത്തമറിയം ഫൊറോനാ പള്ളിയിൽ നടക്കുന്ന അതിരൂപതാ ദിനത്തിൽ സമ്മാനം നൽകി അനുമോദിക്കുന്നതാണ്.

വിശദ വിവരങ്ങൾ 2018 ഫെബ്രുവരി മാസത്തെ മദ്ധ്യസ്ഥനിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

**ഡോ. സോണി കണ്ടങ്കരി**
സെക്രട്ടറി

# പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതി

**പുതിയ മദ്യനയം തിരുത്തണം**

സംസ്ഥാനസർക്കാരിന്റെ പുതിയ മദ്യനയം കേരളത്തെ മദ്യത്തിൽ മുക്കിത്താഴ്ത്തുമെന്നും അത് നടപ്പിലാക്കരുതെന്നും ചങ്ങനാശേരി അതിരൂപത പബ്ലിക്ക് റിലേഷൻസ്-ജാഗ്രതാ സമിതി ആവശ്യപ്പെട്ടു. ഘട്ടം ഘട്ടമായി സമ്പൂർണ മദ്യനിരോധനം ഏർപ്പെടുത്തുവാനുള്ള മുൻ സർക്കാരിന്റെ തീരുമാനവും നയവും മദ്യലോപികളെ സഹായിക്കുവാൻ ഈ സർക്കാർ അട്ടിമറിച്ചിരിക്കുന്നത് തികച്ചും അപലപനീയവും പ്രതിഷേധാർഹവുമാണ്.

മദ്യത്തിന്റെ ലഭ്യത കുറച്ചപ്പോൾ മയക്കുമരുന്നിന്റെ ഉപയോഗം കൂടി എന്നുള്ള വാദം വസ്തുനിഷ്ഠമല്ല. മയക്കുമരുന്നിന്റെ ഉപയോഗവും ലഭ്യതയും നിയമം കർശനമായി നടപ്പാക്കി നിയന്ത്രിക്കുന്നതിനു പകരം മദ്യത്തിന്റെ ലഭ്യത കൂട്ടി സ്ഥാപിത താത്പര്യങ്ങൾ സംരക്ഷിക്കാൻ സർക്കാർ ശ്രമിക്കുകയാണ്. സമൂഹത്തെ വിഷലിപ്തമാക്കുന്നതും വികലവുമായ മദ്യനയം തിരുത്തണമെന്നും നടപ്പിലാക്കരുതെന്നും അതിരൂപത പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ, ജാഗ്രതാസമിതി കോ-ഓർഡിനേറ്റർ ഫാ. ആന്റണി തലച്ചെല്ലൂർ എന്നിവർ പത്രക്കുറിപ്പിലൂടെ ആവശ്യപ്പെട്ടു.

**അഭിവന്ദ്യ കുര്യക്കോസ് കുന്നശ്ശേരി പിതാവിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി**

കോട്ടയം അതിരൂപതയുടെ മുൻ അദ്ധ്യക്ഷനും ക്നാനായ സമുദായ ആചാര്യനുമായ അഭിവന്ദ്യ കുര്യാക്കോസ് കുന്നശ്ശേരി പിതാവിന്റെ നിര്യാണത്തിൽ അതിരൂപത പബ്ലിക്ക് റിലേഷൻസ്-ജാഗ്രതാ സമിതി അനുശോചനം രേഖപ്പെടുത്തി. അതിരൂപതാ കേന്ദ്രത്തിൽ കൂടിയ യോഗത്തിൽ അഡ്വ. ജോജി ചിറയിൽ അദ്ധ്യക്ഷത വഹിച്ചു. വികാരി ജനറാൾ റവ. ഡോ. ജയിംസ് പാലയ്ക്കൽ, റവ. ഫാ. ജോസഫ് പനക്കേഴം എന്നിവർ അനുസ്മരണ പ്രസംഗങ്ങൾ നടത്തി. അഭിവന്ദ്യ കുര്യാക്കോസ് കുന്നശ്ശേരി പിതാവ് ക്നാനായ സഭയ്ക്കും പൊതുസമൂഹത്തിനും സീറോമലബാർ സഭയ്ക്കും ചെയ്ത പ്രത്യേക സേവനങ്ങളെയും നേതൃത്വത്തെയും യോഗം വിലയിരുത്തുകയും പിതാവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

**കുട്ടനാട്ടിലെ കർഷകരുടെ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കണം**

കുട്ടനാട്ടിലെ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കണമെന്ന് അതിരൂപത പബ്ലിക്ക് റിലേഷൻസ്-ജാഗ്രതാ സമിതി ആവശ്യപ്പെട്ടു. നെല്ല് ശേഖരിച്ചതിന് ശേഷം കാലവിളമ്പം കൂടാതെ വില നല്കണമെന്നും ഇതിനായി ഒരു റിവോൾവിങ്ങ് ഫണ്ട് സർക്കാർ രൂപീകരിക്കണമെന്നും ആവശ്യപ്പെട്ടു. സബ്സിഡികൾ സമയത്ത് വിതരണം ചെയ്യുക കടക്കെണിയിലായിരിക്കുന്ന കുട്ടനാടൻ കർഷകരെ പലിശ ഇളവുകൾ നല്കി കാർഷിക കടക്കെണിയിൽ നിന്നും ഒഴിവാക്കുക തുടങ്ങിയ കാര്യങ്ങൾ അതിരൂപത പബ്ലിക്ക് റിലേഷൻസ്-ജാഗ്രതാ സമിതി കേരള സർക്കാരിനോട് ആവശ്യപ്പെട്ടു.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ-ഓർഡിനേറ്റർ, ജാഗ്രതാസമിതി

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ

ഈശോയിൽ പ്രിയ സ്നേഹിതരേ,

ബൈബിൾ അപ്പോസ്തലേറ്റ്, കുടുംബക്കൂട്ടായ്മ പ്രേഷിതാലയത്തിന് ഒരു വർഷം നേതൃത്വം നൽകി ബഹു. ആന്റണി പുത്തൻകളം അച്ചൻ ഉപരിപഠനത്തിനായി പോകുമ്പോൾ ആ ശുശ്രൂഷ തുടരാൻ ഞാൻ നിയമിതനായ കാര്യം സ്നേഹപൂർവ്വം അറിയിക്കുന്നു. ഈശോയിൽ ആശ്രയിച്ച് എല്ലാവരുടെയും സഹായസഹകരണത്തോടെ ഈ ദൗത്യം ആത്മാർത്ഥമായി പൂർത്തികരിക്കുവാനുള്ള കൃപ ലഭിക്കുവാൻ എനിക്കായി പ്രാർത്ഥിക്കണമെ.

തന്റെ ജനത്തെ പാടവത്തോടെ നയിക്കുന്നതിനും, അധികാരപൂർവ്വം പഠിപ്പിക്കുന്നതിനും പുരോഹിതർക്ക് ദൈവം കനിഞ്ഞുനൽകിയ അവസരങ്ങളാണ് കുടുംബക്കൂട്ടായ്മകൾ. സംഘടനാ പ്രവർത്തനങ്ങളിൽനിന്ന് വ്യത്യസ്തമായ ചൈതന്യം പുലരേണ്ട കൂട്ടായ്മകൾ ചെറിയ സഭാസമൂഹം (Small Ecclesial Community) തന്നെയാണെന്നറിയുമ്പോൾ കൂട്ടായ്മകൾ നമ്മുടെ പൗരോഹിത്യ പരിഗണനയുടെ മുൻപന്തിയിലെവിടെയോ സ്ഥാനം പിടിക്കുന്നു. സഭ ഈശോയുടെ ശരീരമായതിനാൽ ആ ശരീരത്തിന്റെ ചൂടും, ചൂരും, നാഡിയിടിപ്പും, ഹൃദയത്തുടിപ്പും അനുഭവിച്ചറിയുവാൻ കൂട്ടായ്മയേക്കാൾ നല്ല വേദി ഇല്ല. വിശ്വാസസത്യങ്ങൾ ഒരു ഗുരുകുലത്തിലെന്നപോലെ പകർന്ന് കൊടുക്കുവാൻ, സഭാ മക്കളുടെ ചെറുതും വലുതുമായ കഴിവും മികവും ഊതിക്കാച്ചിയെടുക്കുവാൻ, സന്തോഷങ്ങൾ പങ്കുവെച്ച് ഇരട്ടിയാക്കുവാൻ, സങ്കടങ്ങൾ പങ്കുവെച്ച് പരിഹാരം കാണുവാൻ, ജീവിതത്തിൽ വന്നുപോയേക്കാവുന്ന അക്ഷരതെറ്റുകൾ തിരുത്തുവാൻ, ദൈവം കനിഞ്ഞു നൽകിയ അവസരങ്ങളാണ് കുടുംബക്കൂട്ടായ്മകൾ.

**സെപ്തംബർ 24-ാം** തീയതി നടക്കുന്ന ലോഗോസ് ക്വിസിൽ പരമാവധി ആളുകളെ ഒരുക്കി പങ്കെടുപ്പിക്കുവാൻ ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ. വചനത്തെക്കുറിച്ചുള്ള അജ്ഞത ഈശോയെക്കുറിച്ചുള്ള അജ്ഞതതന്നെ ആകുമെന്നോർത്ത് എല്ലാ പ്രായവിഭാഗത്തിൽപെട്ടവരെയും വചനാനുഭവം നൽകി ഒരുക്കുവാൻ കുടുംബക്കൂട്ടായ്മകൾ പഠനവേദിയാകട്ടെ.

ദൈവാനുഗ്രഹപ്രദമായ ദിനങ്ങൾ ആശംസിക്കുന്നു.

പ്രാർത്ഥനയോടെ,

**ഫാ. മാത്യു നടയ്ക്കൽ**

## അറിയിപ്പുകൾ

### ലോഗോസ് ക്വിസ് 2017

പാഠഭാഗം - സംഖ്യ 22-36, സുഭാഷിതങ്ങൾ 21-31, വി. മത്തായി 1-9, വെളി. 4-9.

രൂപതാതല പരീക്ഷാ തീയതി: 2017 സെപ്തംബർ 24, 2 മുതൽ 3.30 വരെ. രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി - 2017 ജൂലൈ 31.

യൂസർനെയ്മും, പാസ്‌വേഡും ലഭിക്കുവാനുള്ളവർ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഇടവകയിലെ ബൈബിൾ പഠനത്തിനുള്ള നല്ല അവസരമായി ഈ പഠനപരിപാടിയെ കാണണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

## ലോഗോസ് ഫാമിലി ക്വിസ്

കുടുംബങ്ങൾ ഒന്നിച്ചു പങ്കെടുക്കുന്ന ലോഗോസ് ഫാമിലി ക്വിസ് ഈ വർഷവും ഉണ്ടായിരിക്കുന്നതാണ്.

വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പരുകൾ- 8943294544, 8547673162

## ലോഗോസ് ക്വിസ് 2017 - പഠനസഹായി

ബഹുമാനപ്പെട്ട തോമസ് തെക്കേക്കരയച്ചൻ തയ്യാറാക്കിയ പഠനസഹായി കുടുംബക്കൂട്ടായ്മ ഓഫിസിൽ ലഭ്യമാണ്. 336 പേജുകളിലായി തയ്യാറാക്കിയിരിക്കുന്ന പുസ്തകത്തിന്റെ വില 45 രുപയാണ്. 10 കോപ്പിയിൽ കൂടുതലെടുത്താൽ 40 രുപയ്ക്കും 50 കോപ്പിയിൽ കൂടുതലെടുത്താൽ 35 രൂപയ്ക്കും ഓഫിസിൽ ലഭ്യമാണ്.

## ബസാലേൽ കൺവൻഷൻ

ഇടവകകളിൽ കുടുംബക്കൂട്ടായ്മ ലീഡേഴ്സിനായി നടത്തപ്പെടുന്ന സായാഹനകൺവൻഷനാണിത്. വൈകുന്നേരങ്ങളിൽ ആഘോഷമായ റംശാ പ്രാർത്ഥനയോടെ ആരംഭിക്കുന്നു. തുടർന്ന് കൂട്ടായ്മയുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് അതിരൂപതാ ടീം ക്ലാസെടുക്കുന്നു. കൂട്ടായ്മയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്യപ്പെടുന്നു. തുടർന്ന് പരി. കുർബ്ബാനയുടെ ആരാധനയും ഉണ്ടായിരിക്കും. ബഹുമാനപ്പെട്ട വികാരിയച്ചന്റെ സമാപനാശിർവാദത്തോടെ കൺവൻഷൻ പര്യവസാനിക്കുന്നു. ഈ കൺവൻഷൻ നടത്താനാഗ്രഹിക്കുന്ന ഇടവകകൾ അതിരൂപതാ കുടുംബക്കൂട്ടായ്മാ ഓഫിസുമായി ബന്ധപ്പെടേണ്ടതാണ്.

## ബൈബിൾ സ്പോൺസേഴ്സ് ഫോറം

ബൈബിൾ സ്വന്തമായി വാങ്ങുവാൻ നിർവ്വാഹമില്ലാത്തവർക്ക് ബൈബിൾ സൗജന്യമായി നൽകുന്നതിനായി ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗം ആരംഭിച്ച ബൈബിൾ സ്പോൺസേഴ്സ് ഫോറം പദ്ധതിയിലേക്ക് ഏവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുകയാണ്. ഒരാൾക്ക് സൗജന്യമായി ബൈബിൾ നൽകുവാനാഗ്രഹിക്കുന്നവർ ഒരു ബൈബിളിന് 100/-രൂപ എന്ന നിരക്കിൽ ബൈബിൾ അപ്പോസ്തലേറ്റ് ഓഫീസിൽ ഏൽപ്പിച്ചാൽ നിങ്ങളുടെ നിയോഗത്തിൽ അർഹരായവരുടെ കൈകളിൽ അത് എത്തിക്കുന്നതാണ്.

## കുടുംബക്കൂട്ടായ്മ ആത്മീയസംഘം

കുടുംബക്കൂട്ടായ്മ പ്രവർത്തനങ്ങളിൽ പരിശുദ്ധാത്മാവിന്റെ കൃപ ലഭിക്കുന്നതിനായി എല്ലാ മാസത്തെയും അവസാന വെള്ളിയാഴ്ച അതിരൂപതാ

പ്രവർത്തകരുമായി പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കുചേരാനാഗ്രഹിക്കുന്നവരെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. സമയം-വൈകുന്നേരം 4 മണിക്ക്.

### *കെരിഗ്മാ* - കുടുംബക്കൂട്ടായ്മാ ഫൊറോനാതല നേതൃസംഗമം

ഓരോ ഫൊറോനയിലേയും ഇടവകകളിൽനിന്നുള്ള കൂട്ടായ്മ ലീഡേഴ്സിന്റെ സംഗമം ശനിയാഴ്ചകളിലോ ഞായറാഴ്ചകളിലോ ആയി ക്രമികരിക്കുന്നു. ജൂലൈ 9-ാം തീയതി തുരുത്തി ഫൊറോനയിൽ *കെരിഗ്മാ* നടത്തപ്പെടുന്നു. ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ തുരുത്തി മർത്ത് മറിയം ഫൊറോനാ പള്ളിയിൽ വച്ചാണ് സംഗമം ക്രമികരിച്ചിരിക്കുന്നത്. ഫൊറോനയിലെ എല്ലാ ഇടവകകളിൽനിന്നും കുടുംബക്കൂട്ടായ്മാ ലീഡേഴ്സിന്റെ പൂർണ്ണപങ്കാളിത്തം ഉണ്ടാകണമെ.

### നിയമിതരായി

കുടുംബക്കൂട്ടായ്മാ ഫൊറോനാ ഡയറക്ടർമാരായി നിയമിതരായ റവ. ഫാ. ആന്റണി ആനക്കല്ലുങ്കൽ (കുറുമ്പനാടം ഫൊറോന), റവ. ഫാ. ജോൺസൺ ചാലയ്ക്കൽ (അമ്പൂരി ഫൊറോന), റവ. ഫാ. സെബാസ്റ്റ്യൻ മഞ്ചേരിക്കളം (മണിമല ഫൊറോന) എന്നിവർക്ക് ആശംസകൾ സ്നേഹപൂർവ്വം നേർന്നുകൊള്ളുന്നു.

### *ഡിഡാക്കേ*

ജൂലൈ 28-ാം തീയതി രണ്ടാം ശനിയാഴ്ച രാവിലെ 9.45 മുതൽ 12.30 വരെ *ഡിഡാക്കേ* പരിശീലന പരിപാടി മാർതോമ്മാ വിദ്യാനികേതനിൽ നടത്തപ്പെടുന്നു. പങ്കെടുക്കേണ്ടവർ കൃത്യസമയത്തു തന്നെ എത്തിച്ചേരണമേ.

☸

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിലെ
### ജൂലൈ മാസത്തിലെ പ്രോഗ്രാം

| | | |
|---|---|---|
| ജൂലൈ | 1-2 | സിസ്റ്റേഴ്സിന്റെ എക്ലേസിയാ |
| | 5 | നിശാരാധന, അഭിഷേക പ്രാർത്ഥന (6 p.m. - 10 p.m.) |
| | 9-14 | അതിരൂപതാ വൈദികധ്യാനം- I |
| | 16-21 | അതിരൂപതാ വൈദികധ്യാനം- II |
| | 20 | അഖണ്ഡ ജപമാല (10 a.m. - 2 p.m.) |
| | 23-27 | വിശ്വാസാനുഭവ ധ്യാനം (സെഹിയോൻ ടീം) |
| ആഗസ്റ്റ് | 4-6 വരെ | ആന്തരികസൗഖ്യ ധ്യാനം |

**ഫാ. മാത്യു താന്നിയത്ത്**
9446903631

## കെ.സി.എസ്.എൽ.

ഈശോമിശിഹായിൽ സ്നേഹമുള്ള കെ.സി.എസ്.എൽ. കൂട്ടുകാരേ,

കെ.സി.എസ്.എൽ. പ്രവർത്തനവർഷ ഉദ്ഘാടനം സ്കൂൾതലങ്ങളിൽ നടത്തപ്പെട്ടെന്നു കരുതട്ടെ. പ്രാർത്ഥനയോടും പഠനത്തോടുമൊപ്പം സാമൂഹിക പ്രതിബദ്ധതയുടെ ശൈലിയും ചേർത്തിണക്കി കാര്യക്ഷമതയോടെ നമ്മുടെ സംഘടനാ പ്രവർത്തനങ്ങളിൽ മുന്നേറുന്നുവെന്നു വിശ്വസിക്കുന്നു. ഈ മാസം നടക്കുന്ന കർമ്മപദ്ധതികൾ ശ്രദ്ധിക്കുമല്ലോ.

**അതിരൂപതാ പ്രവർത്തനവർഷ ഉദ്ഘാടനവും പ്രതിഭാസംഗമവും**

2017-18 അധ്യായന വർഷത്തെ സംഘടനയുടെ പ്രവർത്തനങ്ങൾക്ക് 2017 ജൂൺ 30 ന് ചങ്ങനാശേരി എസ്.ബി.എച്ച്.എസ്. സ്കൂളിൽ വച്ച് തിരിതെളിഞ്ഞു. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് ഈ വർഷത്തെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. അതിരൂപത കെ.സി.എസ്.എൽ. മാർഗരേഖയുടെ പ്രകാശനവും ഓരോ സ്കൂളിൽ നിന്നും ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷയിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളുടെ സംഗമവും ഇതോടൊപ്പം നടന്നു.

**നേതൃത്വ പരിശീലന ക്യാമ്പ്**

ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് നമ്മുടെ ഇലക്ഷൻ ക്യാമ്പ് 2017 ജൂൺ 23, 24, 25 തീയതികളിൽ ളായിക്കാട് മേരിറാണി പബ്ലിക് സ്കൂളിൽ വച്ച് നടന്നു. 150ഓളം കുട്ടികൾ പങ്കെടുത്തു. അഭിവന്ദ്യ പെരുന്തോട്ടം പിതാവ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

**തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി ഭാരവാഹികൾ**

**അതിരൂപതാ ചെയർമാൻ** :

സച്ചു സ്കറിയ ജോസഫ് (എസ്.ബി. HSS ചങ്ങനാശേരി)

**ജനറൽ സെക്രട്ടറി** :

ദിവ്യാ ആൻ മാത്യു (സെന്റ് തെരേസാസ്, HSS വാഴപ്പള്ളി)

**സെക്രട്ടറിമാർ**

HSS : ജോയൽ ജോസഫ് (എസ്.ബി., HSS ചങ്ങനാശേരി)
സൗമ്യ എലിസബത്ത് തോമസ് (സെന്റ് ജോസഫ് HSS ചങ്ങനാശേരി)
വിജോ എബ്രാഹം (എസ്.ബി., HSS ചങ്ങനാശേരി)

HS : ജിയ മരിയ ഫിലിപ്പ് (സെന്റ് ജോസഫ് HSS ചങ്ങനാശേരി)
അലക്സ് ജോസഫ് (സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ്, നെടുങ്കുന്നം)
കെനിഷ ടി. പുളിക്കൻ (എസ്.എച്ച്., ഫാത്തിമാപുരം)

U.P. : കെവിൻ മാത്യു (സെന്റ് സേവ്യേഴ്സ്, മിത്രക്കരി)
ജോജോ ജോസഫ് (ലിറ്റിൽ ഫ്ളവർ, കാവാലം)

ഏയ്ഞ്ചൽ ബിനോയി (സെന്റ് മേരീസ്, അതിരമ്പുഴ)
അഞ്ജു റോയി (എസ്.എച്ച്., പങ്ങട)

പുതിയ വിദ്യാർത്ഥി ഭാരവാഹികൾക്ക് അനുമോദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

**അൽഫോൻസാ ക്വിസ്**

ഈ വർഷത്തെ അൽഫോൻസാ ക്വിസ് മത്സരം ജൂലൈ 29ന് ചങ്ങനാശേരി സെന്റ് ആൻസ് ജി.എച്ച്.എസിൽ നടത്തപ്പെടുന്നു. യു.പി. എച്ച്.എസ്. സ്കൂളിൽ നിന്നും 2 പേർക്ക് പങ്കെടുക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 50രൂപ.

**പഠനവിഷയം**

| | |
|---|---|
| അൽഫോൻസാമ്മയുടെ ജീവചരിത്രം - സ്നേഹബലി | - 40% |
| ജീവിതം വിസ്മയം | - 25% |
| വി. ജോസ് ലൂയിസ് സാഞ്ചസ് | - 20% |
| കെ.സി.എസ്.എൽ. ചരിത്രം | - 20% |

മാർഗരേഖയും പഠനഗ്രന്ഥങ്ങളും ആധാരമാക്കി പുത്തൻവർഷത്തെ കർമ്മപരിപാടികൾ ക്രമീകരിക്കുവാൻ ബഹു. ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ.

എല്ലാവിധ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥിച്ചുകൊണ്ട്,

**ഫാ. ലൈജു കണിച്ചേരിൽ**
അസി. ഡയറക്ടർ

**ഫാ. മാത്യു വാരുവേലിൽ**
ഡയറക്ടർ

## മാർത്തോമ്മാ വിദ്യാനികേതൻ

## 27 –ാം വാർഷികാഘോഷ സമ്മേളനം ജൂലൈ 3

ചങ്ങനാശേരി: മാർത്തോമ്മാ വിദ്യാനികേതന്റെ 27-ാമത് വാർഷികാഘോഷവും കുടുംബസമ്മേളനവും 2017 ജൂലൈ 3-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് മാർ ജെയിംസ് കാളാശ്ശേരി മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെടുന്നു. പ്രസ്തുത സമ്മേളനത്തിൽ മാർത്തോമ്മാ പുരസ്ക്കാര സമർപ്പണവും ഡയറക്ടറി പ്രകാശനവും നിർവ്വഹിക്കപ്പെടുന്നു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവും മാർ ജോസഫ് പവ്വത്തിൽ പിതാവും മാർ തോമസ് തറയിൽ പിതാവും പെരി. ബഹു. ഡോ. ജോസഫ് മുണ്ടകത്തിൽ, പെരി. ബഹു. ഡോ. ജയിംസ് പാലയ്ക്കൽ, റവ. ഡോ. ജോസഫ് കൊല്ലാറ, റവ. ഡോ. തോമസ് പാടിയത്ത്, റവ. സി. ഡോ. പ്രസന്ന സി. എം. സി. എന്നിവരും പങ്കെടുക്കും.

## ചെറുപുഷ്പ മിഷൻ ലീഗ്

ഈശോയിൽ സ്നേഹമുള്ളവരേ,

സപ്തതി വർഷത്തിൽ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം സമുചിതമായി നടത്തുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തുവെന്ന് കരുതുന്നു. ആഗസ്റ്റ് മാസം 5-ാം തീയതി നടക്കുന്ന അൽഫോൻസാതീർത്ഥാടനത്തിനുള്ള ഒരുക്കങ്ങൾ ആരംഭിക്കേണ്ട മാസമാണിത്. ഭവനസന്ദർശനങ്ങൾ നടത്തിയും നോമ്പും ഉപവാസവും പ്രാർത്ഥനയും വഴിയായി ഒരുക്കങ്ങൾ നടത്തി തീർത്ഥാടനത്തിൽ എല്ലാവരും പങ്കുചേരുക. അതിരൂപതാ നിർദ്ദേശങ്ങളോട് സഹകരിച്ചുകൊണ്ട് ഓരോ മേഖലയിലും തീർത്ഥാടനങ്ങൾ ക്രമീകരിക്കുമല്ലോ. ജൂലൈ 3 ദുക്റാന തിരുനാൾ ദിനത്തിൽ മിഷൻലീഗ് അംഗത്വസ്വീകരണദിനമാണ്. ഓരോ ശാഖയിലും ഇത് ആഘോഷപൂർവ്വം നടത്തി പുതിയ അംഗങ്ങളെ സംഘടനയിലേയ്ക്ക് സ്വീകരിക്കുക. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ നിങ്ങളോടു കൂടെ ഉണ്ടായിരിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

**ജോബിയച്ചൻ**

**ജോസിയച്ചൻ**

**ജൂലൈ മാസത്തെ പരിപാടികൾ**

2 ഞായർ : അംഗത്വസ്വീകരണം-അതിരൂപതാ ഉദ്ഘാടനം മണിമല ഹോളി മെയ്ജൈ ശാഖയിൽവച്ച്

3 തിങ്കൾ : ദുക്റാന തിരുനാൾ, കടമുള്ള ദിവസം, ഓഫീസ് അവധി അംഗത്വസ്വീകരണം ശാഖകളിൽ, മാർ തോമസ് തറയിൽ പിതാവിന്റെ നാമഹേതുക തിരുനാൾ

28 വെള്ളി : വി. അൽഫോൻസാമ്മയുടെ തിരുനാൾ, പ്രത്യേക സമ്മേളനം ശാഖകളിൽ നടത്തുക.

30 ഞായർ : അൽഫോൻസാ തീർത്ഥാനടത്തിന് ഒരുക്കമായുള്ള അതിരൂപതാ ഭാരവാഹികളുടെ പ്രാർത്ഥന കുടമാളൂർ അൽഫോൻസാ ജന്മഗൃഹത്തിൽ

**അതിരൂപതാ പ്രവർത്തനവർഷ ഉദ്ഘാടനം 2017-18**

അതിരൂപതാ ചെറുപുഷ്പ മിഷൻലീഗ് 2017-18 പ്രവർത്തനവർഷ ഉദ്ഘാടനം 2017 ജൂൺ 10ന് പാറേൽ മരിയൻ തീർത്ഥാടന കേന്ദ്രത്തിൽ വച്ച് ചങ്ങനാശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവ്വഹിച്ചു. ഈ വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ, പഠനഗ്രന്ഥമായ 'വൊക്കാരേ' എന്നിവയും പ്രകാശനം ചെയ്തു. ഡയറക്ടർ ഡോ. ജോബി കറുകപ്പറമ്പിൽ മാർഗ്ഗനിർദ്ദേശക പ്രസംഗം നടത്തി. മിഷൻലീഗിന്റെ അസി. ഡയറക്ടറായി

സേവനം അനുഷ്ഠിച്ചിരുന്ന സ്നേഹബഹുമാനപ്പെട്ട ബിജോയ് അറയ്ക്കലച്ചന് ശ്രീ. ജോസഫ് സെബാസ്റ്റ്യൻ പത്തുംപാടം നന്ദി അർപ്പിക്കുകയും പുതിയ പ്രവർത്തന മേഖലയിലേയ്ക്കുള്ള ഭാവുകങ്ങൾ ആശംസിക്കുകയും ചെയ്തു. പ്രസിഡന്റ് ശ്രീ. സോജൻ ചാക്കോ മാർഗ്ഗരേഖ അവതരണവും സി. ലിസി കണിയാംപറമ്പിൽ SABS പഠനവിഷയാവതരണവും നടത്തി. മികച്ച മേഖലകൾ, ശാഖകൾ, കൈയ്യെഴുത്തു മാസികകൾ രണ്ടാം ഘട്ട റിപ്പോർട്ട് ക്രിസ് കാർഡ് വിജയികൾ എന്നിവർക്കായുള്ള സമ്മാനങ്ങളും വിതരണം ചെയ്തു.

**2017-18ലെ മികച്ച മേഖലകൾ**

1-ാം സ്ഥാനം - ചമ്പക്കുളം

2-ാം സ്ഥാനം - തൃക്കൊടിത്താനം

3-ാം സ്ഥാനം - കുറുമ്പനാടം

**മികച്ച ശാഖകൾ**

1-ാം സ്ഥാനം - തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ്

2-ാം സ്ഥാനം - ഹോളി ഫാമിലി കിഴക്കേ മിത്രക്കരി

3-ാം സ്ഥാനം - സെന്റ് ജോർജ്ജ് എടത്വാ

തെക്കൻ മേഖയിലെ ബെസ്റ്റ് യൂണിറ്റ് - മദർ തെരേസാ കണ്ണമ്മൂല തിരുവനന്തപുരം

**29-ാമത് അൽഫോൻസാ തീർത്ഥാടനം**

ജൂലൈ 1 മുതൽ 23 വരെ അൽഫോൻസാ തീർത്ഥാടനത്തിന് ഒരുക്കമായുള്ള ഭവന സന്ദർശനം കാര്യക്ഷമമായി നടത്തുക. ജൂലൈ 21 മുതൽ ജൂലൈ 31 വരെ തീർത്ഥാടനത്തിന് ഒരുക്കമായുള്ള നോമ്പ് നടത്തുക. ആഗസ്റ്റ് 5 അൽഫോൻസാ തീർത്ഥാടത്തിൽ പങ്കുചേരുക. "മിഷനെ അറിയുക മിഷനു വേണ്ടി പ്രാർത്ഥിക്കുക" എന്നതാണ് ഈ വർഷത്തെ തീർത്ഥാടനത്തിന്റെ പ്രാർത്ഥനാനിയോഗം.

**കബറിട സന്ദർശനം**

അൽഫോൻസാ തീർത്ഥാടനത്തോടനുബന്ധിച്ച് മിഷൻലീഗ് സ്ഥാപക ഡയറക്ടർ ബഹു. മാലിപ്പറമ്പിലച്ചന്റെ കബറിടം സ്ഥിതി ചെയ്യുന്ന ആർപ്പൂക്കര ചെറുപുഷ്പ ദൈവാലയം സന്ദർശിച്ച് പ്രാർത്ഥിക്കുവാൻ കുഞ്ഞുമിഷനറിമാർക്ക് അവസരം നല്കുന്ന രീതിയിൽ അൽഫോൻസാ തീർത്ഥാടനം ക്രമീകരിക്കാവുന്നതാണ്. (മാർഗ്ഗരേഖ പേജ് 23 കാണുക.)

**നന്ദി**

മേഖല ഡയറക്ടർമാരായി സ്തുത്യർഹമായ സേവനം നല്കിയശേഷം തൽസ്ഥാനത്തു നിന്നും വിരമിച്ച റവ. ഫാ. ജേക്കബ് പാറയ്ക്കൽ (അമ്പൂരി), റവ. ഫാ. വിൽസൺ പുന്നക്കാലായിൽ (എടത്വാ), റവ. ഫാ. മാത്യു നടയ്ക്കൽ (കൊല്ലം - ആയൂർ), റവ. ഫാ. ജേക്കബ് കുഴിപ്പള്ളിൽ (കുറുമ്പനാടം), റവ.

ഫാ. തോമസ് മണിയൻചിറ (പുളിംകുന്ന്) എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

മേഖലാ ജോ. ഡയറക്ടർമാരായിരുന്ന റവ. സി. അനിജ ആലഞ്ചേരി SABS (ചങ്ങനാശേരി), റവ. സി. ഡെയ്സി മരിയ എസ്.എച്ച് (കോട്ടയം), റവ. സി. സ്റ്റെഫിയ എഫ്.സി.സി. (കുടമാളൂർ), റവ. സി. ഷൈജി റ്റി. എസ്. ജെ. (കുറുമ്പനാടം), റവ. സി. ലിസിയാ സി.എം.സി., (മണിമല), റവ. സി. റോസിറ്റ് ആലഞ്ചേരി എസ്.എ.ബി.എസ്. (തിരുവനന്തപുരം) എന്നിവർക്കും അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**സ്വാഗതം**

മേഖലാ ഡയറക്ടർമാരായി ചുമതലയേറ്റിരിക്കുന്ന റവ. ഫാ. ജോൺസൺ ചാലയ്ക്കൽ (അമ്പൂരി), റവ. ഫാ. ജോസഫ് തോട്ടയ്ക്കാട്ടുകാലായിൽ (അതിരമ്പുഴ), റവ. ഫാ. ഫിലീപ്പോസ് കേഴപ്ലാക്കൽ (എടത്വാ), റവ. ഫാ. ജേക്കബ് ചീരംവേലിൽ (കുറുമ്പനാടം), റവ. ഫാ. മിഖായേൽ കിങ്ങണംചിറ (പുളിംകുന്ന്) എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ സ്വാഗതം.

മേഖലാ ജോ. ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന റവ. സി. റ്റെസി ചൂരപ്പുഴ എസ്. എ. ബി. എസ്. (ചങ്ങനാശേരി), റവ. സി. ജിയോ ട്രീസാ എഫ്. സി.സി. (കുറുമ്പനാടം), റവ. സി. സ്റ്റാർലെറ്റ് സി. എം. സി. (മണിമല), റവ. സി. ജിസ്മരിയ സി. എം.സി. (തുരുത്തി), റവ. സി. അനില വടക്കേക്കുറ്റ് എസ്. എ. ബി. എസ്. (തിരുവനന്തപുരം) എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ സ്വാഗതം.

# സന്ദേശനിലയം

**ഈശോയിൽ സ്നേഹമുള്ളവരേ,**

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാനതിരുനാൾ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു. പുതിയ മതബോധനവർഷം ഏറെ ഉണർവോടെ ആരംഭിച്ചു എന്നു കരുതുന്നു. സന്ദേശനിലയം രൂപീകൃതമായ തിന്റെ വജ്രജൂബിലി വർഷത്തിലാണു നാം. ഗാർഹിക മതബോധനം (ഫാമിലി കാറ്റക്കേസിസ്) എന്നതാണ് ഈ വർഷത്തെ മതബോധന പ്രവർത്തനങ്ങളുടെ സുപ്രധാന വിഷയം. "പങ്കുവയ്ക്കുന്ന ജീവിതത്തിന്റെ തുറന്ന ഭൂമികയിലാണ് ക്രിസ്തീയ വിശ്വാസം തെളിയുന്നത് എന്ന് നാം അറിഞ്ഞിരിക്കണം. പൊതു സമൂഹത്തിന്റെ ജീവിതത്തിൽ അത്ഭുതകരമായ ചൈതന്യം ഉറപ്പുവരുത്താൻ കുടുംബവും ഇടവകയും ഒത്തു ശ്രമിക്കണം". (ഫ്രാൻസിസ് മാർപാപ്പ)

വിശ്വാസപരിശീലനം വിശ്വാസപരമായ അറിവുകളുടെ പരിപോഷണം മാത്രമല്ല, വിശ്വാസം പ്രായോഗികതലത്തിൽ ജീവിക്കുവാനും അതിനായി കുടുംബങ്ങൾ ഒരുക്കപ്പെടുവാനും വേദിയൊരുക്കപ്പെടുന്ന അവസരം കൂടിയാണ്.

ഈ വർഷത്തെ നമ്മുടെ പ്രവർത്തനങ്ങളിൽ മതാധ്യാപകർ അവർ പഠിപ്പിക്കുന്ന കുട്ടികളുടെ ഭവനങ്ങൾ സന്ദർശിക്കുക, മാതാപിതാക്കളുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുക, ഒന്നിച്ചുള്ള പ്രവർത്തനങ്ങൾക്ക് അവസരമൊരുക്കുക എന്നിവയിൽ ഏറെ ശ്രദ്ധിക്കേണ്ടതാണ്.

അധ്യാപക പരിശീലന പരിപാടികൾ ആരംഭിച്ചു കഴിഞ്ഞു. ഫൊറോനതലത്തിലുള്ള സെമിനാറിലും ബി.സി.റ്റി., സി.എൽ.റ്റി., എം.സി.സി. കോഴ്സുകളിലും നല്ല പങ്കാളിത്തമുണ്ടാകണം.

സി.ആർ.റ്റി. സന്ദർശനങ്ങൾ ആരംഭിക്കുന്നു. അവ ഫലപ്രദമായി ക്രമീകരിക്കുവാൻ ശ്രദ്ധിക്കണം. ആഗസ്റ്റ് 5ന് അൽഫോൻസാ തീർത്ഥാടനം വേണ്ടത്ര ഒരുക്കങ്ങളോടെ നടത്താൻ നമുക്കു പരിശ്രമിക്കാം.

ഏവർക്കും നന്മയുടെ നല്ല ദിനങ്ങൾ ആശംസിച്ചുകൊണ്ടും ദുക്റാനയുടെ മംഗളങ്ങൾ ഒരിക്കൽക്കൂടി നേർന്നുകൊണ്ടും.

സ്നേഹത്തോടെ,

**ജോബിയച്ചൻ**
**ജോസിയച്ചൻ**

## അറിയിപ്പുകൾ

| | | |
|---|---|---|
| 1 ശനി | : | ഫൊറോന സെമിനാർ - തൃക്കൊടിത്താനം |
| 3 തിങ്കൾ OH | : | **മാർതോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാൾ കടമുള്ള ദിവസം, അതിരൂപതാ മതാധ്യാപക ദിനം** |
| 8 ശനി | : | CLT, MCC കോഴ്സുകളുടെ ഉദ്ഘാടനം |

| | | |
|---|---|---|
| 9 ഞായർ | : | ശ്ലീഹാക്കാലം ആറാം ഞായർ, ക്ലാസ്സ് 5<br>**പി.റ്റി.എഫ്, സൺഡേസ്കൂൾ ലീഡേഴ്സ് മീറ്റ്** |
| 15 ശനി | : | CLT- ക്ലാസ്സ് 1<br>**Meltho Fest 2017**, അതിരൂപതാതല മത്സരം |
| 29 ശനി | : | CLT- ക്ലാസ്സ് – 2<br>ഫൊറോന സെമിനാർ – ചങ്ങനാശേരി |
| 30 ഞായർ | : | കൈത്താക്കാലം രണ്ടാം ഞായർ, ക്ലാസ്സ് – 8 |

**ആഗസ്റ്റ്**

| | | |
|---|---|---|
| 5 ശനി OH | : | **അൽഫോൻസാ തീർത്ഥാടനം** (ഓഫീസ് അവധി) |
| 6 ഞായർ | : | കൈത്താക്കാലം മൂന്നാം ഞായർ, ക്ലാസ്സ് – 9<br>**കർത്താവിന്റെ രൂപാന്തരീകരണം** |
| 11 വെള്ളി | : | CLT-Camp |
| 12 ശനി | : | CLT- ക്ലാസ്സ് 3, MCC - ക്ലാസ്സ് – 1<br>ഫൊറോന സെമിനാർ – കോട്ടയം |
| 15 ചൊവ്വ OH | : | **പ. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം**<br>ഇൻഡ്യൻ സ്വാതന്ത്ര്യ ദിനം (കടമുള്ള ദിവസം) |

**പ്രത്യേകശ്രദ്ധയ്ക്ക്**

മതബോധനകലണ്ടറിൽ സെപ്റ്റംബർ 23ന് നടത്തുവാൻ തീരുമാനിച്ചിരുന്ന അതിരൂപതാ രചനാമത്സരങ്ങൾ സെപ്റ്റംബർ 12-ാം തീയതി ചൊവ്വാഴ്ച വിവിധ ഫൊറോനകേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നു.

സി.എൽ.റ്റി. 38-ാം ബാച്ച്, എം.സി.സി. 10-ാം ബാച്ച് എന്നിവയുടെ ഉദ്ഘാടനം ജൂലൈ 8 ശനിയാഴ്ച 10ന് സന്ദേശനിലയം ഹാളിൽ വച്ച് നടക്കും. പുതിയ ബാച്ചുകളിലേയ്ക്കുള്ള പ്രവേശനഫോറം സന്ദേശനിലയം ഓഫീസിൽ നിന്നും ലഭ്യമാണ്. കോഴ്സിൽ ചേരുന്നവർ ജൂലൈ 5-നകം ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുക.

- സ്ഥിതി വിവരക്കണക്കുകൾ പൂരിപ്പിച്ച് നല്കിയിട്ടില്ലാത്തവർ ജൂലൈ 15-നകം പൂരിപ്പിച്ച് സന്ദേശനിലയത്തിൽ നല്കേണ്ടതാണ്.
- വേർഡ് & മീഡിയ കിറ്റും സിഡിയും ആവശ്യമുള്ളവർ സന്ദേശനിലയത്തിൽ മുൻകൂട്ടി അറിയിക്കേണ്ടതാണ്.
- ബൈബിൾ കലോത്സവ നിബന്ധനകളടങ്ങിയ ബുക്ക് ലൈറ്റ് ജൂലൈ 15നു ശേഷം സന്ദേശനിലയത്തിൽ ലഭ്യമാണ്.

**സീറോമലബാർ സഭാപ്രതിഭാ അവാർഡ്**

സീറോമലബാർ സിനഡ് കാറ്റകെറ്റിക്കൽ കമ്മീഷൻ ഏർപ്പെടുത്തിയിരിക്കുന്ന ഹയർകോഴ്സ് കുട്ടികൾക്കായുള്ള സഭാപ്രതിഭാ അവാർഡിനുള്ള രൂപതാതല തെരഞ്ഞെടുപ്പ് ആഗസ്റ്റ് മദ്ധ്യത്തിൽ വിവിധ ഫൊറോനകളായി ആരംഭിക്കും. ഓരോ ഇടവകയിൽ നിന്നും ഹയർകോഴ്സ് പന്ത്രണ്ടാം ക്ലാസ്സിൽ നിന്നും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലും വിശ്വാസജീവിതചര്യകളിലും മികവു

പുലർത്തുന്ന രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയും ഫൊറോന തല തിരഞ്ഞെടുപ്പിനായി അയയ്ക്കേണ്ടതാണ്. ഇടവകയിൽ നിന്നും തെര ഞ്ഞെടുക്കപ്പെടുന്നവരുടെ പേരുകൾ ജൂലൈ 23 നു മുമ്പായി സന്ദേശനിലയ ത്തിൽ രജിസ്റ്റർ ചെയ്യുക.

## പി.റ്റി. എഫ്. സൺഡേസ്കൂൾ ലീഡേഴ്സ് മീറ്റ്

സൺഡേസ്കൂൾ ലീഡേഴ്സ് പി.റ്റി. എഫ്. പ്രതിനിധികളുടെ അതിരൂപതാ തലസമ്മേളനം ജൂലൈ 9-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ ഉച്ചക ഴിഞ്ഞ് 1.30 വരെ അസംപ്ഷൻ കോളേജ് ആഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെ ടുന്നതാണ്.

## ARISE - 2K17 മതാദ്ധ്യാപക പരിശീലനപരിപാടി

മതാദ്ധ്യാപകർക്കായുള്ള ഫൊറോന പരിശീലനപരിപാടി **'ARISE - 2K17'**ജൂൺ 24 മുതൽ ആരംഭിച്ചു. തുരുത്തി ഫൊറോനയിലാണ് ആദ്യത്തെ പ്രോഗ്രാം. ഫൊറോന കേന്ദ്രങ്ങളിൽ വച്ചു നടത്തപ്പെടുന്ന ഈ പരിപാടിയിൽ ഫൊറോനയിലെ മുഴുവൻ അദ്ധ്യാപകരും പങ്കെടുക്കേണ്ടതാണ്. രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 4 മണിവരെ വിവിധ സെഷനുകളായി ക്രമീകരിക്കുന്ന ഈ പരിപാടിയിൽ ആദ്യന്തം പങ്കെടുക്കുവാൻ ശ്രദ്ധിക്കുക. മതാദ്ധ്യപകശുശ്രൂഷ യുടെ പുനർസമർപ്പണവും നവീകരണവുമാണ് ഈ പരിശീലന പരിപാടിയുടെ പ്രധാന ലക്ഷ്യം. വിവിധ ഫൊറോനകളുടെ സമയക്രമം മതബോധന കലണ്ട റിൽ ചേർത്തിരിക്കുന്നത് ശ്രദ്ധിക്കുക. സ്വന്തം ഫൊറോനയിൽ പങ്കെടുക്കാൻ സാധിക്കാത്തവർ മറ്റു ഫൊറോനകളിൽ നടക്കുന്ന പ്രോഗ്രാമിൽ പങ്കു ചേരു വാൻ ശ്രദ്ധിക്കുക. പങ്കാളിത്തം പ്രധാനമാണ്.

## CRT സന്ദർശനം

വജ്രജൂബിലി വർഷത്തിലെ അതിരൂപതാ CRT അംഗങ്ങളുടെ സൺഡേസ്കൂൾ സന്ദർശനം ഒന്നാം ഘട്ടം ജൂലൈ - ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലായി നടക്കുന്നു. CRT സന്ദർശനാവസരം വെറുമൊരു പരിശോധനാ സന്ദർശനമല്ല. പ്രത്യുത നമ്മുടെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും അതിന്റെ വെളിച്ചത്തിൽ മികവുറ്റതാക്കാനുമുള്ള മാർഗ്ഗങ്ങൾ തേടേണ്ട അവസരമാണ്. CRT സന്ദർശനം ഫലദായ കമാക്കാൻ അതിനോട് എല്ലാവരും സഹകരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ചുവടെ നല്കിയിരിക്കുന്ന ക്രമമനുസരിച്ച് നിർദ്ദിഷ്ട മാസങ്ങളിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന സൺഡേസ്കൂളുകൾ സന്ദർശിക്കുവാൻ ശ്രദ്ധിക്കുക.

### ജൂലൈ മാസത്തിൽ സന്ദർശനം നടത്തേണ്ട സൺഡേസ്കൂളുകൾ

1. St.Marys Pulincunnoo
2. St.Pious 10th Moncompu
3. St.Xaviers Mithrakkary
4. St.Marys Kainakary
5. Mar Sleeva Pazhavangady
6. St.Gregorios Punnapra
7. L F Aryad
8. L M Charamangalam
9. St.George Edathua
10. St.Joseph Koilmukku
11. St.Nicholas Karumady
12. St.Marys Champakulam
13. S H Thottuvathala

14. St.Jeromes Nazreth Thekkekara
15. L M Chennamkary
16. St Mary's Athirampuzha
17. Christu Raj Ettumanoor
18. St Thomas Nalpathimala
19. St Marys Kudamaloor
20. Cherupuzhpam Arpookkara
21. St Sebastian's Chengalam
22. Lourde Kottayam
23. Marthamariam Cheppumpara
24. St.Thomas Thazhathangady
25. Holimagi Manimala
26. St John Baptist Kottangal
27. St. Antonys Kurumpanadom
28. Lourde Matha Mammoodu
29. St.Marys Thuruthy
30. St.Xaviers Thrickodithanam
31. St.Sebastians Chanjody
32. St.John Baptists Nedumkunnam
33. H F Podipara
34. St. Marys Cathedral
35. Assumption Changanacherry
36. St.Josephs Laikkadu
37. St.Antonys Perunna
38. St.Athanasius Mallappally
39. St.Marys Pulickalkavala
40. St.Josephs Ezhumattoor
41. St.Marys Nirmalapuram
42. St.Ritas Thakazhy
43. St.Thomas Muttar
44. Marthoma sleeha Centre Niranam
45. Lisieux Kavalam
46. St.Antonys Muthoor Thiruvalla
47. Lourde matha Ayiroor
48. Little Flower Punnavely
49. St. Ritas Athirampuzha
50. Fathima Matha Nedumanny

**ആഗസ്റ്റ് മാസത്തിൽ സന്ദർശനം നടത്തേണ്ട സൺഡേസ്കൂളുകൾ**

1. St.Teresas Kavalam
   St.Joseph Kayalpuram
2. L M Mampuzhakary
   Fathima matha Pallikoottumma
3. St.Gregorios Kesaria
   St.Ritas Kannady
4. St.Thomas Pallathuruthy
   St.George Muhamma
5. Immaculate Heart kaithavana
   St.Michales Thathampally
6. Mar Sleeva Purackad
   St.George Puthenangady
7. S H Kainakary
   St.Joseph Kuttamangalam
8. St.sebastians S L Puram
   St.Thomas Kalavoor
9. L M Pacha
   St.George Muttar
10. Mary matha Mariapuram
    Pious 10th Pandankary
11. St.Josephs Karuvatta
    St. Marys Kelamangalam
12. SH Gagultha
    St. Joseph Kondackal
13. St.Joseph Kandankary
    St.Sebastian Narbonapuram
14. H F Pullangady
    St.Antonys Vaisiyambhagam
15. St Gregorios Mannarkunnu,
    St Mathew Kottackapuram,
16. St Joseph's Puzhpagiri,Thellakam
    St. Marys Vettimukal
17. St Thomas Ponga
    Gloria Garden Vadakke - Amichakary
18. St Xaviers Kattachira
    St Sebastians Cheruvandoor

19. Holy Family Mudiyoorkkara
    KCCA Mannanam
20. St Xaviers Villoonni
    St George Aikkarachira
21. St Thomas Kumarakom,
    St Antonys Cheepunmkal,
22. St.Sebastians Ayarkunnam
    St.Antonys Puthuppally
23. L F Kolladu
    S H Pangada
24. St.Thomas Vadavathoor
    Devamatha Pampady
25. St.James Karikkattoor
    S H Karimpanakulam
26. L F Kulathoor
    St.Basils Manimala
27. Assumption Kurumpanadom
    St George Thottackad
28. L M Mammood
    H F Mannila
29. St Marys Vadakkekara
    St.Josephs Kurichy
30. St.Thomas Nalukody
    Fathima matha Fathimapuram
31. Lourde Matha Paippadu
    St.Marys Mundupalam
32. St.Marys Koothrappally
    St.Josephs Champakara
33. St.Marys Ithithanam
    Lourde matha Eara
34. St Marys Parel
    St Josephs Veroor
35. St.Teresas Vazhappally
    St.Gregorios Kidangara
36. St.George Cheeranchira
    St.Antonys Vettithuruthu
37. St.Josephs Manackachira
    St.Thomas Puzhavathu
38. St.Antonys Mundathanam
    St. Joseph vaipur new
    L F Chunkapara
39. L M Thazhathuvadakara
    HF Payattupakka
40. St.Antonys Thadiyoor
    St Antonys Anickad
41. St.Thomas Perunkavu
    St.Joseph Koduppunna
42. St.Antonys Thayankary
    St.Marys Kumarapuram
43. Vimala Muttar
44. St.Alphonsa Mavelikara
    Marthamariam Pulimugham
45. St.Marys Manalady
    St.Pauls Vezhapra
46. St.Marys Nedumon
    Marymatha Chengannoor
47. Mar Sleeva Adoor
    St.Sebastian Pandalam
48. St.Antonys Myladi
    L F Madappally
49. St.Thomas Parolickal
    Lisieux Athirampuzha
    St.Thomas pallikunnu
50. St. Mary's Eravuchira

**നന്ദി**

സൺഡേസ്കൂൾ ഫൊറോന ഓർഗനൈസർമാരായി സ്തുത്യർഹമായി സേവനം ചെയ്ത റവ. ഫാ. ജേക്കബ് പാറയ്ക്കൽ (അമ്പൂരി), റവ. ഫാ. വിൽസൺ പുന്നക്കാലായിൽ (എടത്വാ), റവ. ഫാ. ഫ്രാൻസിസ് കരുവേലിൽ (കുടമാളൂർ), റവ. ഫാ. ജേക്കബ് കുഴിപ്പള്ളിൽ (കുറുമ്പനാടം), റവ. ഫാ. മാത്യു നടയ്ക്കൽ (കൊല്ലം – ആയൂർ), റവ. ഫാ. ടോണി മണിയൻചിറ (പുളിംകുന്ന്) എന്നിവർക്ക് സന്ദേശനിലയത്തിന്റെ ഹൃദയംഗമമായ നന്ദി.

**സ്വാഗതം**

ഫൊറോന ഓർഗനൈസറച്ചന്മാരായി ചുമതലയേറ്റെടുത്ത റവ. ഫാ. ജോൺസൺ ചാലയ്ക്കൽ (അമ്പൂരി) റവ. ഫാ. ഫീലിപ്പോസ് കേഴപ്ലാക്കൽ (എടത്വാ), റവ. ഫാ. ജെയിംസ് കലയങ്കണ്ടം (കുടമാളൂർ), റവ. ഫാ. ജേക്കബ് ചീരംവേലിൽ (കുറുമ്പനാടം), റവ. ഫാ. മിഖായേൽ കിങ്ങണംചിറ (പുളിംകുന്ന്) എന്നിവർക്ക് സന്ദേശനിലയത്തിന്റെ ഹൃദയപൂർവ്വമായ സ്വാഗതം ആശംസിക്കുന്നു.

**നന്ദി**

സൺഡേസ്കൂൾ ഫൊറോന സെക്രട്ടറിമാരായി സ്തുത്യർഹമായി സേവനം ചെയ്ത സി. എൽസിൻ കൈതക്കളം എസ്. എ. ബി. എസ് (അതിരമ്പുഴ) സി. ജെസ്ലിൻ തോമസ് ജെ. എസ് (കുടമാളൂർ) സി. ലിസിയ സി. എം.സി. (മണിമല) സി. റോസിറ്റ് ആലഞ്ചേരി എസ്. എ. ബി. എസ് (തിരുവനന്തപുരം) സി. അനിത മുട്ടത്തുപ്പാറ SABS (തുരുത്തി) എന്നിവർക്ക് സന്ദേശനിലയത്തിന്റെ ഹൃദയംഗമായ നന്ദി.

**സ്വാഗതം**

ഫൊറോന സെക്രട്ടറിമാരായി ചുമതലയേറ്റ സി. ആൻസിൽ തുണ്ടിയിൽ എസ്. എ. ബി. എസ്. (അതിരമ്പുഴ), സി. അന്ന ജെ. എസ് (കുടമാളൂർ), സി. സ്റ്റാർലെറ്റ് സി. എം.സി. (മണിമല), സി. അനില വടക്കേക്കുറ്റ് എസ്. എ. ബി. എസ് (തിരുവനന്തപുരം) സി. ആൻസിൽ മണലാടിൽ എസ്. എ. ബി. എസ് (തുരുത്തി) എന്നിവർക്ക് സന്ദേശനിലയത്തിന്റെ ഹൃദയപൂർവ്വമായ സ്വാഗതം ആശംസിക്കുന്നു.

**ആദരാഞ്ജലികൾ**

സന്ദേശനിലയം സ്റ്റാഫായ ശ്രീ. ഫ്രാൻസിസ് തോമസ് വട്ടക്കളത്തിന്റെ പിതാവിന്റെ നിര്യാണത്തിലും കൂത്രപ്പള്ളി സെന്റ് മേരീസ് സൺഡേസ്കൂൾ അദ്ധ്യാപിക ശ്രീമതി. ജാൻസി കുര്യോട്ടിന്റെ ഭർത്താവിന്റെ നിര്യാണത്തിലും ആലപ്പുഴ പഴവങ്ങാടി മാർസ്ലീവാ ഫൊറോന സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. രാജൻ സ്കറിയായുടെ പിതാവിന്റെ നിര്യാണത്തിലും ആറുമാനൂർ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. അനീഷ് റ്റി. തോമസിന്റെ പിതാവിന്റെ നിര്യാണത്തിലും എടത്വാ സെന്റ് ജോർജ്ജ് ഫൊറോന സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജോർജ്ജ് ജോസഫിന്റെ നിര്യാണത്തിലും പുന്നത്തുറ സെന്റ് തോമസ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ ബിനു ജോൺ കുന്നത്തേട്ടിന്റെ മാതാവിന്റെ നിര്യാണത്തിലും കൊണ്ടാക്കൽ സെന്റ് ജോസഫ് സൺഡേസ്കൂൾ അദ്ധ്യാപിക സി. ജോസിലി എഫ്.സി.സിയുടെ മാതാവിന്റെ നിര്യാണത്തിലും സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ഫാമിലി അപ്പോസ്തലേറ്റ്

സ്നേഹം നിറഞ്ഞ കുടുംബപ്രേക്ഷിതരേ,

സുഖമെന്ന് വിശ്വസിക്കുന്നു. 'സാക്ഷ്യപേടകം' എന്ന നൂറുദിന കർമ്മപദ്ധതി എല്ലാ യൂണിറ്റുകളിലും ആരംഭിച്ചു കഴിഞ്ഞുകാണുമല്ലോ. മാതൃ-പിതൃവേദി പ്രവർത്തനങ്ങളെ ശക്തമാക്കിക്കൊണ്ട് കുടുംബത്തെയും ഇടവകയെയും മറ്റുള്ളവർക്ക് ഒരു സാക്ഷ്യമാക്കി മാറ്റുകയെന്നതാണ് 'സാക്ഷ്യപേടകത്തിന്റെ' ലക്ഷ്യം. നിരവധി അച്ചന്മാരും സിസ്റ്റേഴ്സും കുടുംബപ്രേഷിതപ്രവർത്തകരും ഇതിനോടൊത്ത് സഹകരിക്കുന്നുവെന്നതിൽ സന്തോഷമുണ്ട്.

ജൂലൈ 2-ാം തീയതി ഞായറാഴ്ച മുതൽ പ്രൊലൈഫ് മദ്ധ്യസ്ഥയായ വി. ജിയന്ന ബെറേറ്റ മൊള്ളയുടെ തിരുശേഷിപ്പും ഛായാചിത്രവും ഓരോ പള്ളിയിലും കൊണ്ടുവന്ന് അവിടെ പ്രാർത്ഥനാ ദിനമായി ആചരിക്കുന്നു. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 'ജീവന്റെ സുവിശേഷം' എന്ന ചാക്രിക ലേഖനത്തിൽ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു 'ജീവനെ സേവിക്കാനുള്ള കടമ ഓരോരുത്തനുമുണ്ട്. ഇത് യഥാർത്ഥത്തിൽ "സഭാപരമായ" ഒരു ഉത്തരവാദിത്വമാണ്. ക്രൈസ്തവ സമൂഹത്തിലെ എല്ലാ അംഗങ്ങളും എല്ലാ വിഭാഗക്കാരും ചെയ്യുന്ന ഒന്നുചേർന്നുള്ളതും ഉദാരപൂർണ്ണവുമായ പ്രവർത്തനം അതിന് ആവശ്യമുണ്ട്. ഓരോ വ്യക്തിയും ഓരോരുത്തന്റെ 'അയല്ക്കാരനായിരിക്കാൻ" കർത്താവിനാൽ വിളിക്കപ്പെട്ടവനാണ്.' നാം ജീവന്റെ കാവല്ക്കാരും ജീവന്റെ പ്രഘോഷകരുമാണ്. ജീവന്റെ മൂല്യത്തെ പ്രഘോഷിക്കാനായി നടത്തുന്ന ഛായാചിത്ര തിരുശേഷിപ്പ് പ്രയാണത്തിലും അഖണ്ഡ പ്രാർത്ഥനാ യജ്ഞത്തിലും എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുകയും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസ് മുകളേൽ**

**ഫാ. ജോസഫ് ഇലഞ്ഞിറ്റം**

### ദമ്പതി ധ്യാനം

ജൂലൈ 7,8,9 തീയതികളിൽ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ തുരുത്തി കാനായിൽ വച്ച് ദമ്പതീ ധ്യാനം നടത്തുന്നു. ജൂലൈ 7 വെള്ളി 4.00 pm -ന് ആരംഭിച്ച് 9 ഞായറാഴ്ച 4.00 pm-ന് ആണ് അവസാനിക്കുക. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 600 രൂപ. കൗൺസിലിംഗിനുള്ള അവസരം ഉണ്ടായിരിക്കും.

**കൗൺസിലിംഗ്**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ഓഫീസിൽ സൗജന്യ കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയാണ് കൗൺസിലിംഗിനുള്ള സമയം. ബുക്കിംഗ് ബന്ധപ്പെടേണ്ട നമ്പർ: സി. സാൽവിയ ജോസ് - 8281453527, 0481-2424476, 2420349/ ഫാ. ജോസ് ഇലഞ്ഞിമറ്റം - 9633711990/ ഫാ. ജോസ് മുകളേൽ - 9447033814

## വി. ജിയന്നായുടെ തിരുശേഷിപ്പ് പ്രയാണവും അഖണ്ഡപ്രാർത്ഥനയും

പ്രൊലൈഫ് ആശയങ്ങളെ ജനഹൃദയങ്ങളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ ഫാമിലി അപ്പോസ്റ്റലേറ്റ് ജീവൻ ജ്യോതിസ് പ്രൊലൈഫിന്റെ ആഭിമുഖ്യത്തിൽ നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളെയും തമ്മിൽ ബന്ധിപ്പിച്ച് പ്രൊലൈഫ് മദ്ധ്യസ്ഥ വി. ജിയന്ന ബെരേറ്റ മൊള്ളയുടെ തിരുശേഷിപ്പ് -ഛായാചിത്ര പ്രയാണം നടത്തുന്നു. പ്രയാണത്തേക്കാൾ ബോധവല്ക്കരണത്തിനും അഖണ്ഡ പ്രാർത്ഥനയ്ക്കും പ്രാധാന്യം നല്കിയാണ് പ്രാർത്ഥനാദിവസങ്ങൾ ക്രമീകരിക്കുന്നത്. വി. കുർബാന, യാമപ്രാർത്ഥന, ജപമാല, പ്രബോധനം, ഭവനസന്ദർശനം, വി. ജിയന്നയോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന, എക്സിബിഷൻ തുടങ്ങിയവയാണ് പ്രാർത്ഥനാ ദിനത്തോടനുബന്ധിച്ച് ക്രമീകരിക്കേണ്ടത്. 2017 ജൂലൈ 2-ാം തീയതി അതിരമ്പുഴയിൽ ആരംഭിച്ച് 2018 മാർച്ച് 25-ാം തീയതി കത്തീഡ്രൽ പള്ളിയിൽ അവസാനിക്കുന്ന രീതിയിലാണ് പ്രയാണം സംഘടിപ്പിക്കുന്നത്.

## കൃതജ്ഞതയും സ്വാഗതവും

മാതൃ-പിതൃവേദി ഫൊറോനാ ഡയറക്ടർമാരായിരുന്ന റവ. ഫാ. ആന്റണി നൈനാപറമ്പിൽ (എടത്വ), റവ. ഫാ. റ്റിജോ പുത്തൻപറമ്പിൽ (ചമ്പക്കുളം), റവ. ഫാ. ജോൺസൺ ചാലക്കൽ (കുറുമ്പനാടം), റവ. ഫാ. ജോൺ മഠത്തിപ്പറമ്പിൽ (മണിമല) റവ. ഫാ. സെബാസ്റ്റ്യൻ പുതുശ്ശേരി (കോട്ടയം) എന്നിവരുടെ സ്തുത്യർഹമായ ശുശ്രൂഷകൾക്ക് കൃതജ്ഞത അറിയിക്കുന്നു.

പുതിയ ഫൊറോന ഡയറക്ടർമാരായി ചാർജ്ജെടുത്തിരിക്കുന്ന റവ. ഫാ. ജേക്കബ് നടുവിലേക്കളം (എടത്വ), റവ. ഫാ. സെബാസ്റ്റ്യൻ വെള്ളാമത്തറ (ചമ്പക്കുളം), റവ. ഫാ. ആന്റണി ആനക്കല്ലുങ്കൽ (കുറുമ്പനാടം), റവ.ഫാ. ജോസഫ് കട്ടപ്പുറം (മണിമല)എന്നിവർക്ക് ഫാമിലി അപ്പോസ്റ്റലേറ്റ് കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

ഫൊറോന ആനിമേറ്റർമാരായ റവ. സി. അനിത പുതിയിടം SABS (അതിരമ്പുഴ), റവ. സി. സൂസി മരിയ CMC (ആലപ്പുഴ), റവ. സി. ലിസ്യു CMC (ചങ്ങനാശേരി), റവ. സി. സിസി SABS (കൊല്ലം ആയൂർ), റവ. സി. എൽസി A.O (കോട്ടയം), റവ. സി. റെസി ആറ്റുമാലിൽ SABS (കുറുമ്പനാടം), റവ. സി. ആലീസ് ജോസഫ് MMM (മണിമല) എന്നിവരുടെ ആത്മാർത്ഥമായ ശുശ്രൂഷകൾക്ക് നന്ദി.

**ജൂൺമാസത്തിലെ പ്രോഗ്രാമുകൾ**

ജൂൺ

” 2 ഫാത്തിമാപുരം

”4 പുലിമുഖം, കിഴക്കേ മിത്രക്കരി-മാതൃപിതൃ സംഗമം

മണിമല ഫൊറോന സാക്ഷ്യപേടകം ഉദ്ഘാടനം

” 5 ളായിക്കാട്, മേരിറാണി സ്കൂൾ - മാതാപിതാക്കൾക്ക് സെമിനാർ

” 10 പ്രോലൈഫ് സെൽ സംഗമം, മുഖ്യസന്ദേശം - മാർ തോമസ് തറയിൽ

” 11 സാക്ഷ്യപേടകം - ഫിൽഗിരി പള്ളിയിൽ അതിരൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്തു.

” 16 ഫാമിലി അപ്പോസ്റ്റലേറ്റ് കുടുംബസംഗമം. അഭിവന്ദ്യ മർ തോമസ് തറയിൽ പിതാവിന് സ്വീകരണം.

” 18 കൈനകരി-പിതൃസംഗമം

അതിരമ്പുഴ ഫൊറോന നേതൃസംഗമം, കുടമാളൂർ ഫൊറോന നേതൃ സംഗമം, പുളിക്കൽകവല - മാതൃപിതൃസമഗമം, സാക്ഷ്യപേടകം: മാതൃ-പിതൃ സെമിനാർ

” 21 ക്രൈസ്തവ രചയിതാക്കളുടെ സംഗമം തിരുവല്ലയിൽ

” 22 ഇരവുചിറയിൽ കൺവെൻഷൻ

” 24 പ്രോലൈഫ് മീറ്റിംഗ്

” 25 ആലപ്പുഴ ഫൊറോന ‘സാക്ഷ്യകൂടാരം’ പുന്നമടയിൽ

” 26 ‘മാധ്യമബോധന സെമിനാർ’, മങ്കൊമ്പ് തെക്കേക്കര പള്ളിയിൽ


## വിവാഹ ഒരുക്കധ്യാനം

| 2017 ജൂലൈ | 2017 ആഗസ്റ്റ് | 2017 സെപ്റ്റംബർ |
|---|---|---|
| 7, 8, 9 (Chry) | 7, 8,9 (Zion) | 8,9,10 (Chry) |
| 17, 18, 19 (Chry) | 11,12,13 (Chry) | 19,20,21 (Chry) |
| 24, 25, 26 (Chry) | 21, 22, 23 (Zion) | 25, 26, 27 (Chry) |

FAMILY APOSTOLATE ARCHDIOCESE OF CHANGANASSERY

“Change the world from your home”

# യുവദീപ്തി–എസ്.എം.വൈ.എം.

**മണിമല ഫൊറോനാ പ്രാർത്ഥനാ പഠന പരിശീലനക്യാമ്പ്**

മണിമല ഫൊറോനായുടെ 2017 വർഷത്തെ പ്രാർത്ഥനാ പഠന പരിശീലന ക്യാമ്പ് മെയ് 26, 27, 28 തീയതികളിൽ ഹോളി മെയ്ജൈ പാരിഷ് ഹാളിൽ വച്ചു നടത്തി. ഫൊറോനാ വികാരി വെരി. റവ. ഫാ. ആന്റണി നിരയത്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് ഡിലോ ദേവസ്യാ അദ്ധ്യക്ഷത വഹിച്ചു. ഫൊറോനാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ മഞ്ചേരിക്കളം അതിരൂപത പ്രസിഡണ്ട് നിധിൻ ജോസഫ്, ട്രീസാ തോമസ്, ഷിജോ മാത്യു, മിഥുൻ പി.എം., സി. സെലിൻ ജോസ് എസ്.ഡി. എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ക്ലാസ്സുകൾ, ചർച്ചകൾ, പ്രസംഗപരിശീലനം, നേതൃത്വപരിശീലന പരിപാടികൾ, ആരാധന, അനുരഞ്ജന കൂദാശയുടെ സ്വീകരണം, ആഘോഷമായ വി. കുർബാന എന്നിവയെല്ലാം ക്യാമ്പിലുണ്ടായിരുന്നു.

**പരിസ്ഥിതി ദിനാചരണം**

അതിരൂപത യുവദീപ്തി - എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ ജൂൺ 3ന് ശനിയാഴ്ച മൂന്നു മണി മുതൽ ആലപ്പുഴ ബീച്ചിൽ വച്ച് പരിസ്ഥിതി ദിനാചരണ പരിപാടികൾ നടത്തുകയുണ്ടായി. അതിരൂപതാ പ്രസിഡണ്ട് നിധിൻ ജോസഫിന്റെ അധ്യക്ഷതയിൽ ആലപ്പുഴ ബീച്ചിലെ വിജയ് പാർക്കിൽ നടന്ന സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ഉദ്ഘാടനം ചെയ്തു. ആലപ്പുഴ ഫൊറോനാ ഡയറക്ടർ ഫാ. ജോസഫ് കണയങ്കിൽ വി.സി., മണിമല ഫൊറോനാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ മഞ്ചേരിക്കളം, ലാലിച്ചൻ മറ്റത്തിൽ, ട്രീസാ തോമസ്, ഷിജോ മാത്യു, മിഥുൻ പി.എം., ജിതിൻ തോമസ്, സിറിയക് തോമസ്, നിധിൻ ആന്റണി, അതിരൂപതാ ആനിമേറ്റർ സി. സെലിൻ ജോസ് എസ്.ഡി, അഖിൽ ജോർജ്, എമിൽ ട്രീസാ ജോസ് എന്നിവർ പ്രസംഗിച്ചു.

ശ്രീ. ജോസ് പാറക്കാട്ട്, അഡ്വ. പ്രതീപ് കൂട്ടാല എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ആലപ്പുഴ ബീച്ചിലെ വിജയ് പാർക്കും പരിസരവും യുവദീപ്തി പ്രവർത്തകർ വൃത്തിയാക്കി. മണിമല, ആലപ്പുഴ ഫൊറോനാകൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. പരിസ്ഥിതി ദിനാചരണ പരിപാടികളോടനുബന്ധിച്ച് യുവദീപ്തി-എസ്.എം.വൈ.എം. വൃക്ഷത്തൈ വിതരണവും നടത്തി.

**ആന്റപ്പൻ അമ്പിയായം മെമ്മോറിയൽ പരിസ്ഥിതി പ്രസംഗം മത്സരം**

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ജൂലൈ 4-ാം തീയതി ഞായറാഴ്ച രാവിലെ 11.00 മണി മുതൽ ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ വച്ച് പ്രസിദ്ധ പരിസ്ഥിതി പ്രവർത്തകനും യുവദീപ്തി എടത്വാ ഫൊറോനാ മുൻ പ്രസിഡണ്ടുമായ ആന്റപ്പൻ അമ്പിയായത്തിന്റെ ഓർമ്മയ്ക്കായി പ്രസംഗമത്സരം സംഘ

ടിപ്പിച്ചു. അതിരൂപതാ പ്രസിഡണ്ട് നിധിൻ ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന അനുസ്മരണ സമ്മേളനം കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു നട മുഖം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, ജനറൽ സെക്രട്ടറി ഷിജോ മാത്യു, ട്രഷറർ മിഥുൻ പി.എം., ബ്രദർ സച്ചിൻ എന്നിവർ പ്രസംഗിച്ചു. ശ്രീ. ലാലിച്ചൻ മറ്റത്തിൽ ആന്റപ്പൻ അമ്പിയായം അനുസ്മരണാപ്രസംഗം നടത്തി.

**13-ാമതു നിരണം തീർത്ഥാടനം**

യുവദീപ്തി- എസ്.എം.വൈ.എമ്മിന്റെ അഭിമുഖ്യത്തിൽ 13-ാമതു നിരണം തീർത്ഥാടനം ജൂലൈ 2-ാം തീയതി ഞായറാഴ്ച രാവിലെ 8.00 മണിക്ക് ചങ്ങനാശേരി കത്തീഡ്രൽ ദൈവാലയത്തിൽ നിന്നും ആരംഭിക്കും. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത തീർത്ഥാടനം ഉദ്ഘാടനം ചെയ്യും. പതിനാറു ഫൊറോനാകളിൽ നിന്നുമുള്ള യുവജനങ്ങളും മുതിർന്നവരും കുട്ടികളും തീർത്ഥാനടത്തിൽ പങ്കെടുക്കും.

**യുവദീപ്തി - എസ്സ്.എം.വൈ.എം. സ്വർഗ്ഗീയ മദ്ധ്യസ്ഥ ദിനം (വി. തോമസ് മൂർ ദിനാചരണം)**

യുവദീപ്തി-എസ്സ്.എം.വൈ.എമ്മിന്റെ സ്വർഗ്ഗീയമദ്ധ്യസ്ഥ ദിനാചരണം (വി. തോമസ് മൂർ ദിനാചരണം) ജൂൺ 18ന് ഞായറാഴ്ച കുറുമ്പനാടം ഫൊറോനായിലെ സെന്റ് ആന്റണീസ് യൂണിറ്റിൽവച്ചു നടത്തി. അതിരൂപത പ്രസിഡന്റ് നിധിൻ ജോസഫിന്റെ അദ്ധ്യക്ഷദയിൽ ചേർന്ന സമ്മേളനത്തിൽവച്ച് വികാരി ജനറാൾ റവ. ഡോ. ഫിലിപ്സ് വടക്കേക്കളം വി. തോമസ് മൂർ ദിനാചരണ പരിപാടികൾ ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖ സന്ദേശം നൽകി. വെരി. റവ. ഫാ. ജേക്കബ് അഞ്ചുപങ്കിൽ, ഫാ. ജോബി ആനക്കല്ലുങ്കൽ, ഷിജോ മാത്യു, ട്രീസാ തോമസ്, മിഥുൻ പി. എം., ജിസ്സ് കാലായിൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ലാലിച്ചൻ മറ്റത്തിൽ വി. തോമസ് മൂറിനെക്കുറിച്ച് ക്ലാസ്സ് നയിച്ചു. ഫൊറോനായിലെ വിവിധ യൂണിറ്റുകൾ ദിനാചരണത്തോടനുബന്ധിച്ച് കലാപരിപാടികൾ അവതരിപ്പിച്ചു. അതിരൂപതയിലെ വിവിധ ഫൊറോനാകളിൽ നിന്ന് പ്രവർത്തകർ വി. തോമസ് മൂർ ദിനാചരണ പരിപാടികളിൽ പങ്കെടുത്തു.

**ജൂലൈ മാസത്തെ പരിപാടികൾ**

**ജൂലൈ**

| | |
|---|---|
| 2 ഞായർ | - **13-ാമതു നിരണം തീർത്ഥാടനം** |
| 9 | - സെനറ്റ് - അർദ്ധവാർഷിക റിപ്പോർട്ടവതരണം |
| 16 | - **യുവജനദിനാചരണം** |
| | ആഘോഷപരിപാടികൾ - കൊല്ലം ഫൊറോനായിൽ |
| 21, 22,23 | - ഫൊറോനാ ക്യാമ്പ് - കോട്ടയം |
| 28, 29, 30 | - ഫൊറോനാ ക്യാമ്പ് - കുടമാളൂർ |

# ആത്മതാകേന്ദ്രം

## ആസക്തി രോഗത്തിന് ഹോമിയോപതിക് ചികിത്സാ

ആത്മതാ കേന്ദ്രത്തിന്റെയും ചങ്ങനാശ്ശേരി മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ആശുപത്രിയുടെയും സഹകരണത്തോടെ എല്ലാ വെള്ളിയാഴ്ചകളിലും ആത്മതാകേന്ദ്രത്തിൽ വച്ചും, ഇരവുചിറ സെന്റ് മേരീസ് പള്ളിയുടെ സഹകരണത്തോടെ എല്ലാ ചൊവ്വാഴ്ചയും ,ഇരവുചിറ ഇമ്മാനുവേൽ പ്രാർത്ഥനാകേന്ദ്രത്തിലും, ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയുടെ സഹകരണത്തൊടെ എല്ലാ ചൊവ്വാഴ്ചയും തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയിലും നെടുംങ്കുന്നം മദതെരേസാ ഹോമിന്റെ സഹകരണത്തോടെ നെടുങ്കുന്നം ആതുരാശ്രമത്തിൽ വച്ചും, അതിരമ്പുഴ സെന്റ് മേരീസ് പള്ളിയുടെ സഹകരണത്തോടെ അതിരമ്പുഴ പള്ളി ഹാളിൽ എല്ലാ വ്യാഴാഴ്ചയും, മുണ്ടുപാലം സെന്റ് മേരീസ്പള്ളിയുടെ സഹകരണത്തോടെ മുണ്ടുപാലം പള്ളിയുടെ വചന വിസ്മയ ഹാളിൽ വച്ച് എല്ലാ വെള്ളിയാഴ്ചയും, മണിമല ഹോളിമെയ്ജൈ പള്ളിയുടെ സഹകരണത്തോടെ മണിമല പ്രിൻസ് ഹോമിയോപ്പതി ക്ലീനിക്കിൽ എല്ലാ രണ്ടും നാലും ശനിയാഴ്ചയും മദ്യമയക്കു മരുന്നുകൾക്കെതിരായി ഹോമിയോ ചികിത്സാ നടത്തി വരുന്നു.

## ഹോമിയോപ്പതിക്ക് ചികിത്സ വിശദ വിവരങ്ങൾ

| സ്ഥലം | ദിവസവും സമയവും | ഡോക്ടർമാർ |
|---|---|---|
| ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷാകേന്ദ്രം, ഇരവുചിറ | എല്ലാ ബുധനാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ്<br>ഡോ. ധന്യ പ്രിൻസ് |
| ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറി | എല്ലാ ചൊവ്വാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. സിസ്റ്റർ ടെസ്സിൻ SABS<br>ഡോ. ഹരികുമാർ<br>ഡോ. ഷമീനാ |
| നെടുംകുന്നം ആതുരാശ്രമം ഹോമിയോ ക്ലീനിക്ക | എല്ലാ വ്യാഴാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. സി.ഡി. തോമസ്<br>ഡോ. രാജു തോമസ്<br>ഡോ. കൊച്ചുറാണി |
| ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ | എല്ലാ വെള്ളിയാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. എസ്സ്.ജി. ബിജു<br>ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ് |
| മുണ്ടുപാലം സെന്റ് മേരീസ് പള്ളി | എല്ലാ വെള്ളിയാഴ്ചയും 3 മുതൽ 4.30 വരെ | ഡോ. ധന്യ പ്രിൻസ് |

| | | |
|---|---|---|
| മണിമല<br>പ്രിൻസ് ഹോമിയോപതിക് സ്പെഷ്യാലിറ്റി ക്ലീനിക്ക് | എല്ലാ രണ്ടും നാലും ശനി<br>2 മുതൽ 4 വരെ | ഡോ. സി.ജെ. ജോസഫ്<br>ഡോ. ജെയിംസ് ജോസഫ് |
| അതിരമ്പുഴ സെൻ മേരീസ് ഫൊറോനാ പള്ളി | എല്ലാ വ്യാഴാഴ്ചയും<br>10.30 മുതൽ 12.30 വരെ | ഡോ. ഗീതാ ബാലകൃഷ്ണൻ |

**സപ്പോർട്ട് എ ചൈൽഡ് പദ്ധതി**

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന കോട്ടയം ,ആലപ്പുഴ,പത്തനംതിട്ട,ഇടുക്കി,കൊല്ലം എന്നീ ജില്ലകളിലെ നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷക ആഹാരത്തിനുമായി സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ സമ്മേളനം ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുകയുണ്ടായി. സമ്മേളനത്തിൽ റവ. സി. റോസീനാമ്മ FCC കുട്ടികൾ സമൂഹത്തിൽ നന്മ ചെയ്യുന്നതിനെക്കുറിച്ചും നന്മയിൽ വളരുന്നതിനെക്കുറിച്ചും ഉള്ള ക്ലാസ്സ് നയിച്ചു. തുടർന്ന് ധനസഹായ വിതരണവും, നുട്രീഷൻ കിറ്റ് വിതരണവും നടത്തി.

**സ്കൂൾ ബോധവത്ക്കരണ ക്ലാസ്സ്**

ചങ്ങനാശ്ശേരി സെന്റ് ആൻസ്, ഗവൺമെന്റ് എന്നീ സ്കൂളുകളിലെ ഹയർ സെക്കന്ററി ക്ലാസ്സുകളിലെ കുട്ടികൾക്കായി ലഹരി വിരുദ്ധദിനാചരണത്തോടനുബന്നധിച്ച് ബോധവത്ക്കരണ ക്ലാസ്സും , ലഹരിവിരുദ്ധ പ്രതിജ്ഞയും നടത്തി. പരിപാടികൾക്ക് ഫാ. തോമസ് താന്നിയത്തും, ശ്രീ.റ്റി.എം.മാത്യുതച്ചിലേട്ടും നേതൃത്വം നല്കി.

**നന്ദി.... നന്ദി...**

കഴിഞ്ഞ മൂന്നുവർഷക്കാലം ആത്മതയെ നയിച്ച ബഹു. ജോർജ്ജ് കപ്പാംമൂട്ടിൽ അച്ചന് ഹൃദയംനിറഞ്ഞ നന്ദി.

**ഫാ. തോമസ് താന്നിയത്ത്**
ഡയറക്ടർ

**സ്വാഗതം**

ആത്മതയെ പുതിയ മേച്ചിൽ സ്ഥലത്തേയ്ക്ക് നയിക്കാനായി നിയമിതനായിരിക്കുന്ന ഫാ. തോമസ് താന്നിയത്തച്ചന് ഹൃദ്യമായ സ്വാഗതം.

---

NB. ഇടവക തലത്തിലും, വാർഡുതലത്തിലും സ്കൂൾ, കോളേജ് തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ : **0481 2411819**

# ചാസ്സ്

ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽനിന്നും ആശംസകൾ !!!**

സാമൂഹ്യ ശുശ്രൂഷാമേഖലയിൽ സഭ നിർവഹിക്കുന്ന പ്രവാചക ദൗത്യം ഏറ്റവും കാര്യക്ഷമമായി നടപ്പാക്കാൻ നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്ന വരാണല്ലോ. സഭയുടെ അടിസ്ഥാന സാമൂഹ്യ ദർശനങ്ങളിലടിയുറച്ചു നിന്നു കൊണ്ട്, സമൂഹത്തിലെ ഓരോ വ്യക്തിയുടെയും സർവ്വതോന്മുഖമായ വികസനമാണ് നമ്മുടെ പ്രവർത്തനലക്ഷ്യം. "God's glory is Man fully alive" എന്ന വിശുദ്ധ ഇരണേവൂസിന്റെ വാക്കുകൾ നമുക്ക് മറക്കാതിരിക്കാം. മനുഷ്യമഹത്വം ആദരിക്കപ്പെടുന്നത്, ഈ പ്രപഞ്ചവും പരിസ്ഥിതിയും വാസയോഗ്യമാക്കുന്നതി ലൂടെയും വായുവും, ജലവും മണ്ണും ഓരോ മനുഷ്യന്റെയും അടിസ്ഥാന അവകാശമായി നിലനിർത്തുന്നതിലൂടെയും ഏവർക്കും പ്രാപ്യമാക്കുന്നതിലൂടെ യുമാണ്. മണ്ണും വായുവും വെള്ളവും ഇന്ന് സ്വകാര്യവത്ക്കരിക്കപ്പെട്ട് വമ്പൻ കുത്തകകളുടെ അധീനതയിലാക്കുന്ന സാഹചര്യം നിലവിൽ വന്നുകൊണ്ടിരി ക്കുകയാണ്. ശുദ്ധജലവും ശുദ്ധവായുവും കമ്പോളത്തിൽ വിൽക്കപ്പെടുന്ന അവസ്ഥ സമ്പത്തില്ലാത്തവർക്ക് ലോകത്തിൽ ജീവിക്കാനാവാത്ത സാഹചര്യം സൃഷ്ടിക്കും എന്ന് നമ്മൾ തിരിച്ചറിയണം. പണമുണ്ടെങ്കിലേ ജീവിക്കാൻ കഴിയൂ എന്ന സ്ഥിതിയിലേയ്ക്ക് നാം അടുത്തുകൊണ്ടിരിക്കുന്നു. ഇതിനെതിരെ പ്രതിരോധം സൃഷ്ടിക്കുകയാണ് യഥാർത്ഥ സമൂഹ്യശുശ്രൂഷകൊണ്ടുദ്ദേശി ക്കുന്നത്. ഈ ലക്ഷ്യപ്രാപ്തിക്കായി സഭയോടൊപ്പം സഹകരിക്കാൻ ഏവരും സന്നദ്ധരാകണമെന്ന് ഹൃദയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
**ഫാ. ജേക്കബ് കുഴിപ്പള്ളിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## അറിയിപ്പുകൾ

### അദ്ധ്യാപകർക്ക് കാൻസർ ബോധവത്ക്കരണ പരിശീലനപരിപാടി

കുട്ടികളുടെയിടയിൽ കാൻസർ ബോധവത്ക്കരണം ഫലവത്താക്കുന്നതി ന്റെ ഭാഗമായി ചങ്ങനാശ്ശേരി അതിരൂപതയുടെ മേൽനോട്ടത്തിലുള്ള സ്കൂളു കളിലെ അദ്ധ്യാപകർക്കുവേണ്ടി (HS & HSS) ഒരു പരിശീലനപരിപാടി **ജൂലൈ 11-ാം തീയതി ചെവ്വാഴ്ച രാവിലെ 10:30 മുതൽ ഉച്ചയ്ക്ക് 1:30 വരെ ചാസ് കേന്ദ്ര ഓഫീസിൽ** ക്രമീകരിച്ചിരിക്കുന്നു.

### യൂണിറ്റ് സെക്രട്ടറിമാരുടെ യോഗം

ട്രസ്റ്റ് രജിസ്ട്രേഷൻ നടത്തി 12 A ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയ യൂണിറ്റുകളിലെ സെക്രട്ടറിമാരുടെ യോഗം ജൂലൈ 15

ശനിയാഴ്ച രാവിലെ 10.30 ന് ചാസ് കേന്ദ്രഓഫീസിൽ ക്രമീകരിച്ചിരിക്കുന്നു.

**ചാസ് ഓണം ഖാദി ഫെസ്റ്റ്**

ഓണത്തോടനുബന്ധിച്ച് 30% സ്പെഷ്യൽ റിബേറ്റോടുകൂടി നടത്തപ്പെടുന്ന ഖാദി മേള ചാസിന്റെ കോട്ടയം, ചങ്ങനാശ്ശേരി, മല്ലപ്പള്ളി, പള്ളികൂട്ടുമ്മ ഷോറൂമുകളിൽ ജൂലൈ 14 മുതൽ ആരംഭിക്കും.

**ജൂലൈ മാസത്തെ യൂണിറ്റ് പരിപാടികൾ**

| തീയതി | മേഖല | യൂണിറ്റ് | പരിപാടികൾ |
|---|---|---|---|
| 01.07.2017 | കോട്ടയം | വടവാതൂർ | സ്വാശ്രയസംഘ സംഗമം |
| 02.07.2017 | ആലപ്പുഴ | കൈനകരി | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| 03.07.2017 | കുറുമ്പനാടം | അസംപ്ഷൻ | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റ് |
| ” | തുരുത്തി | കൈനടി | ക്രെഡിറ്റ് യൂണിയൻ ഉദ്ഘാടനം |
| 04.07.2017 | മണിമല | മണിമല ന്യൂ | ആശാകിരണം |
| ” | ആലപ്പുഴ | ആര്യാട് | സ്വാശ്രയസംഘ സംഗമം |
| 06.07.2017 | മണിമല | മണിമല ഓൾഡ് | സ്വാശ്രയസംഘ സംഗമം |
| ” | അതിരമ്പുഴ | ലിസ്യൂ | സ്വാശ്രയസംഘ സംഗമം |
| ” | കുറുമ്പനാടം | കുറുമ്പനാടം | കുടനിർമ്മാണ പരിശീലനം |
| 07.07.2017 | മണിമല | കടയനിക്കാട് | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| ” | എടത്വാ | ചങ്ങങ്കരി | സ്വാശ്രയസംഘ സംഗമം |
| 08.07.2017 | ചങ്ങനാശ്ശേരി | ളായിക്കാട് | ഫ്ളവർ അറേഞ്ച്മെന്റ് പരിശീലനം |
| ” | കോട്ടയം | അയർക്കുന്നം | ജൈവവിപണി ഉദ്ഘാടനം |
| ” | ആലപ്പുഴ | പള്ളാത്തുരുത്തി | കാർഷിക സെമിനാർ |
| ” | തുരുത്തി | ഇത്തിത്താനം | ഫ്ളവർ അറേഞ്ച്മെന്റ് പരിശീലനം |
| 09.07.2017 | കോട്ടയം | വടവാതൂർ | യൂണിറ്റ് വാർഷികം |
| ” | അതിരമ്പുഴ | കോട്ടയ്ക്കപ്പുറം | എക്സിക്യൂട്ടീവ് മീറ്റിംഗ് |
| ” | എടത്വാ | എടത്വാ | സ്വാശ്രയസംഘ സംഗമം |
| 10.07.2017 | ആലപ്പുഴ | തത്തംപള്ളി | സംഗമം |
| ” | തുരുത്തി | ഈര | എക്സിക്യൂട്ടീവ്& ലീഡേഴ്സ്മീറ്റിംഗ് |
| 13.07.2017 | കോട്ടയം | കൂരോപ്പട | ബേക്കറി പരിശീലനം |
| ” | അതിരമ്പുഴ | ചെറുവാണ്ടൂർ | സംഗമം |
| 14.07.2017 | കുറുമ്പനാടം | മാമ്മൂട് | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റ് |
| 15.07.2017 | എടത്വാ | മുട്ടാർ ഓൾഡ് | സ്വാശ്രയസംഘ സംഗമം |
| ,, | ആലപ്പുഴ | മുഹമ്മ | സ്വാശ്രയസംഘ സംഗമം |
| ” | തുരുത്തി | പൊടിപ്പാറ | ബേക്കറി പരിശീലനം |
| 17.07.2017 | മണിമല | കരിമ്പനക്കുളം | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| 18.07.2017 | എടത്വാ | പുതുക്കരി | തയ്യൽ പരിശീലനം സമാപനം |

| | | | |
|---|---|---|---|
| 19.07.2017 | എടത്വാ | പുതുക്കരി | കുടനിർമ്മാണ പരിശീലനം |
| 19.07.2017 | കോട്ടയം | അയർക്കുന്നം | കാർപെറ്റ് നിർമ്മാണം |
| 21.07.2017 | അതിരമ്പുഴ | ലിസ്യൂ | തയ്യൽ പരിശീലനം |
| ” | കുറുമ്പനാടം | കുറുമ്പനാടം | സ്വാശ്രയസംഘ സംഗമം |
| 22.07.2017 | തൃക്കൊടിത്താനം | പായിപ്പാട് | സ്വാശ്രയസംഘ സംഗമം |
| ” | മണിമല | കുളത്തൂർ | സ്വാശ്രയസംഘ സംഗമം |
| ” | കോട്ടയം | ചീപ്പുങ്കൽ | ബേക്കറി പരിശീലനം |
| 24.07.2017 | മണിമല | മണിമല | ആശാകിരണം-വോളണ്ടിയേഴ്സ് സംഗമം |
| ” | കുട്ടനാട് | തോട്ടുവാത്തല | സ്വാശ്രയസംഘ സംഗമം |
| 25.07.2017 | അതിരമ്പുഴ | വെട്ടിമുകൾ | പഴവർഗ്ഗസംസ്ക്കരണം പരിശീലനം |
| 27.07.2017 | കുറുമ്പനാടം | ഇരവുചിറ | മാലിന്യസംസ്ക്കരണ ബോധവത്ക്കരണം |
| 29.07.2017 | അതിരമ്പുഴ | ഏറ്റുമാനൂർ | ബേക്കറി പരിശീലനം |
| ” | കുറുമ്പനാടം | മാന്നില | കുടനിർമ്മാണം |
| 31.07.2017 | മണിമല | കറിക്കാട്ടൂർ | സ്വാശ്രയസംഘ സംഗമം |
| ” | അതിരമ്പുഴ | മണ്ണാർകുന്ന് | കുടനിർമ്മാണം |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി **2017 ജൂൺ മാസം** ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### (1) SHG മരണാനന്തര സഹായം

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 325. റോസമ്മ ചാർളി | മരിയ | ആറാട്ടുവഴി | ആലപ്പുഴ |
| 326. തോമസ് വർഗ്ഗീസ് | ജീവധാര | കോയിൽമുക്ക് | എടത്വാ |
| 327. തങ്കമ്മ സ്ക്കറിയാ | സ്നേഹജ്വാല | മുട്ടാർ ഒൾഡ് | എടത്വാ |
| 328. വിജയമ്മ രാജു | കൃപ | ചെറുവാണ്ടൂർ | അതിരമ്പുഴ |
| 329. ഷേർളി സജി | അർച്ചന | തെള്ളകം | അതിരമ്പുഴ |

### (2) മ്യൂച്ചൽ ബെനിഫിറ്റ് സ്കീം

- **മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 94. ബിജി ചാക്കോ പൂച്ചാലിൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 95. റോസമ്മ ചാർളി, പറമേൽ | ആറാട്ടുവഴി | ആലപ്പുഴ |
| 96. അന്തോണിക്കുട്ടി മണ്ണാരുപറമ്പിൽ | ചങ്ങങ്കരി | എടത്വാ |
| 97. വർഗ്ഗീസ് മുണ്ടൻകടുപ്പിൽ | വള്ളംചിറ | മണിമല |

• **ചികിത്സാസഹായം**

| **പേര്** | **യൂണിറ്റ്** | **മേഖല** |
|---|---|---|
| 26. എൽസമ്മ പാപ്പച്ചൻ നാലുപറ | കിഴക്കേമിത്രക്കരി | എടത്വ |
| 27. ജോൺസി ജോസഫ് കുന്നുംപുറം | കുറുമ്പനാടം | കുറുമ്പനാടം |
| 28. ബാബു ആന്റണി, വീയപുരം | നാലുകോടി | തക്കൊടിത്താനം |
| 29. സിബിച്ചൻ തോമസ് വേഷ്ണാൽ | നാലുകോടി | തക്കൊടിത്താനം |
| 30. ചാക്കോ വർഗ്ഗീസ് പുത്തൻപറമ്പിൽ | കൊടുപ്പുന്ന | എടത്വാ |
| 31. ലാലിമ്മ ദേവസ്യ | പായിപ്പാട് | തക്കൊടിത്താനം |
| 32. കമലം പാലയ്യൻ റോഡരികത്ത് | രാജഗിരി | അമ്പൂരി |

(3) **ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ **2017 ജൂൺ മാസം 5** കുടുംബങ്ങൾക്ക് ചികിത്സാചെലവായി 36,000/- രൂപ അനുവദിച്ചു.

| **പേര്** | **യൂണിറ്റ്** | **തുക** |
|---|---|---|
| 1. കെ.എം. തോമസ് കിഴക്കേവെളിയിൽ | മുഹമ്മ | 6200.00 |
| 2. ലിസമ്മ ജോസഫ് കാലായിൽ | വടക്കേകര | 7350.00 |
| 3. സൂസമ്മ സേവ്യർ പുത്തൻപറമ്പിൽ | കൊടുപ്പുന്ന | 8850.00 |
| 4. കുര്യാക്കോസ് ജോർജ്, ജോർജ് ഭവൻ | കരവാളൂർ | 8700.00 |
| 5. റോയി ജോസഫ്, കുടകശ്ശേരി | ചെത്തിപ്പുഴ | 4900.00 |

(4) **ആം ആദ്മി ബീമാ യോജന** (AABY)

കേന്ദ്രസർക്കാർ, LIC യിലൂടെ ചാസുമായി സഹകരിച്ച് നടപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയായ ആം ആദ്മി ബീമാ യോജനയിൽ **ജൂൺ മാസം** നാല് കുടുംബങ്ങൾക്ക് 1,20,000/- രൂപ സാമ്പത്തിക സഹായം ലഭിച്ചു.

| **പേര്** | **യൂണിറ്റ്** | **മേഖല** |
|---|---|---|
| 1. കെ.എസ്. തോമസ് കളപ്പുരയ്ക്കൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 2. ത്രേസ്യാമ്മ ആന്റണി 12-ൽ ചിറ | കൊടുപ്പുന്ന | എടത്വാ |
| 3. ശാന്തമ്മ സാമുവേൽ | പങ്ങട | കോട്ടയം |
| 4. തങ്കമ്മ തോമസ് പാറക്കുഴി | മായം | അമ്പൂരി |

(5) **ജീവകാരുണ്യനിധി**

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2017 ജൂൺ മാസം 26 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 39 അപേക്ഷകർക്ക് 72,200/- രൂപ നൽകി.

## കേന്ദ്രവാർത്തകൾ

### അതിരൂപതാ സാമൂഹിക പ്രവർത്തക സംഗമവും അഗാപ്പേ ഭവന നിർമ്മാണ പദ്ധതി രജതജൂബിലിയാഘോഷവും

2017-20 കാലഘട്ടത്തിലേയ്ക്ക് യൂണിറ്റ്കൾക്ക് നേതൃത്വം നൽകാൻ

തെരഞ്ഞെടുക്കപ്പെട്ട സാമൂഹ്യപ്രവർത്തകരുടെ നേതൃസംഗമം 2017 ജൂൺ 2ന് ഉച്ചകഴിഞ്ഞ് പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. ചാസ് പ്രസിഡന്റ് റവ. ഡോ. ജോസഫ് മുണ്ടകത്തിൽ അദ്ധ്യക്ഷതവഹിച്ച സംഗമം ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. സഹായ മെത്രാൻ മാർ തോമസ് തറയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. സമ്മേളനത്തിൽ 25 വർഷക്കാലം തുടർച്ചയായി അഗാപ്പേ ഭവനനിർമ്മാണപദ്ധതി ചാസിലൂടെ നടപ്പിലാക്കിയ അതിരൂപതാ വികാരി ജനറാൾ റവ. ഡോ. ജോസഫ് മുണ്ടകത്തിലിനെ ആദരിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖ പ്രഭാഷണം നടത്തി. അസി. ഡയറക്ടർമാരായ ഫാ. ജോർജ്ജ് മാന്തുരുത്തി, ഫാ. ലിജോ കുഴുപ്പള്ളിൽ പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ പ്രസംഗിച്ചു.

**പരിസ്ഥിതി ദിനാചരണം**

ചാസും, ചങ്ങനാശ്ശേരി താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റിയും സംയുക്തമായി ചാസ് കേന്ദ്രഓഫീസിൽ ജൂൺ 6 ന് അന്താരാഷ്ട്ര പരിസ്ഥിതി ദിനാചരണം മുൻസിഫ് മജിസ്ട്രേറ്റ് ജുബിയ എ. ചാസ് അങ്കണത്തിൽ നെല്ലിമരം നട്ട് ഉദ്ഘാടനം ചെയ്തു.

**ആശാകിരണം വോളണ്ടിയേഴ്സ് മീറ്റ്**

കാൻസറിനെതിരെ പോരാടുക എന്ന ലക്ഷ്യത്തോടെ ആശാകിരണം വോളണ്ടിയേഴ്സിന്റെ സംഗമം ജൂൺ 10 ന് ചാസ് കോൺഫറൻസ് ഹാളിൽ നടത്തപ്പെട്ടു. വികാരി ജനറാൾ വെരി റവ. ഫാ. ജെയിംസ് പാലയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. സ്വർഗ്ഗത്തിന്റെ താക്കോൽ കൈയ്യിലേന്തിയവരാണ് ആശാകിരണം വോളണ്ടിയേഴ്സ് എന്നും അവരുടെ പ്രവർത്തനത്തിന്റെ പ്രതിഫലം ഈ ലോകത്തിൽ ആയിരക്കണക്കിനാളുകൾക്ക് ആശ്വാസമേകുമെന്നും ബഹു. അച്ചൻ പ്രസ്താവിച്ചു. മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അച്ചാമ്മ മാത്യു ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. കാരിത്താസ് ഇൻഡ്യ പ്രോഗ്രാം ഓഫീസർ ശ്രീമതി സിബി പൗലോസ് വോളണ്ടിയേഴ്സിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ചെത്തിപ്പുഴ ഹോസ്പിറ്റൽ പ്രകൃതി ചികിത്സാ വിഭാഗം ഡോ. അഭിരാമി പ്രകാശ് സ്ത്രീകളും കാൻസറും എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നയിച്ചു. പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി ജീവിതശൈലിരോഗങ്ങളെക്കുറിച്ചും അവയെ തിരിച്ചറിഞ്ഞ് തിരിച്ചുവരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സംസാരിച്ചു. ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് നേതൃത്വം നൽകി.

**അന്താരാഷ്ട്ര ലഹരിവിരുദ്ധവാരാചരണം**

കേന്ദ്ര സർക്കാരിന്റെ സാമൂഹ്യനീതി ശാക്തീകരണ വിഭാഗത്തിന്റെ സഹകരണത്തോടെ ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള റീജിയണൽ റിസോഴ്സ് ട്രെയിനിംഗ് (RRTC) സെന്ററിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര ലഹരിവിരുദ്ധ വാരാചരണം ജൂൺ 23 മുതൽ 30 വരെ

നടത്തപ്പെട്ടു. **'ലഹരി വിരുദ്ധ ഭാരതം എന്ന ലക്ഷ്യത്തിനായി അണിചേരുക'** എന്നതായിരുന്നു ലഹരി വിരുദ്ധ ദിനത്തിന്റെ ഈ വർഷത്തെ ആപ്തവാക്യം.

**ജൂൺ 23 വെള്ളിയാഴ്ച** രാവിലെ 10 മുതൽ 1 വരെ ചങ്ങനാശ്ശേരി എസ്.ബി. കോളേജിന് എതിർവശത്തുള്ള മുനിസിപ്പൽ ടൗൺ ഹാളിൽ 1 മുതൽ 7 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി മദ്യവിമുക്തകേരളം, മദ്യപാനം ആരോഗ്യത്തിന് ഹാനികരം എന്നി വിഷയങ്ങളെ ആസ്പദമാക്കി പോസ്റ്റർ ഡിസൈനിംങ് മത്സരം നടത്തപ്പെട്ടു. മുനിസിപ്പൽ ചെയർമാൻ സെബാസ്റ്റ്യൻ മാത്യു മണമേൽ ഉദ്ഘാടനം നിർവഹിച്ചു. 123 കുട്ടികൾ പങ്കെടുത്തു.

**24 ജൂൺ, ശനിയാഴ്ച** രാവിലെ 10 മണിക്ക് ഇത്തിത്താനം ലിസ്യൂ കാർമ്മൽ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ലഹരിവിരുദ്ധ സന്ദേശം പങ്കുവയ്ക്കുന്ന എക്സിബിഷനും സെമിനാറും സംഘടിപ്പിച്ചു. കുറിച്ചി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ. രാജഗോപാൽ സെമിനാർ ഉദ്ഘാടനം ചെയ്തു. വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് 9-ാം വാർഡ് മെമ്പർ ബീനാ തോംസൺ അദ്ധ്യക്ഷത വഹിച്ചു.

**ജൂൺ 27 ചൊവ്വാഴ്ച** ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലെ സോഷ്യൽ വർക്ക് വിഭാഗവുമായി സഹകരിച്ച് **മദ്യപാനം ആരോഗ്യത്തിന് ഹാനികരം** എന്ന വിഷയത്തെ ആസ്പദമാക്കി S.H. പബ്ലിക്ക് സ്കൂൾ കിളിമല, A.K.M. മോർക്കുളങ്ങര, പെരുന്ന ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ തെരുവ് നാടകം അവതരിപ്പിച്ചു.

## മേഖലവാർത്തകൾ

### കോഴികുഞ്ഞുങ്ങളുടെ വിതരണം

പാറേൽ യൂണിറ്റിന്റെ നേതൃത്വത്തിൽ മൂന്ന് മാസം പ്രായമായ 'ഗ്രാമപ്രിയ' കോഴികുഞ്ഞുങ്ങളെ ജൂൺ 1 ന് വിതരണം ചെയ്തു.

### സ്വാശ്രയസംഘ സംഗമം

കുടമാളൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജൂൺ 3 ന് സ്വാശ്രയസംഘങ്ങളുടെ സംഗമം നടത്തി. ഫൊറോനാ ഡയറക്ടർ വെരി. റവ. ഫാ. എബ്രഹാം വെട്ടുവയലിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ഹരിതവർഷം ഹരിതഗ്രാമം, ശ്രദ്ധ, ലിവ് ഫ്രീ, സ്പർശം എന്നിവയെക്കുറിച്ച് ക്ലാസെടുത്തു. 115 പേർ യോഗത്തിൽ പങ്കെടുത്തു.

### പരിസ്ഥിതി ദിനാചരണം

**പാറേൽ** യൂണിറ്റിന്റെ നേതൃത്വത്തിൽ ജൂൺ 4 ന് പരിസ്ഥിതി ദിനാചരണം നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് വാരിക്കാട്ട് ഫലവൃക്ഷതൈകൾ വിതരണം ചെയ്തു. റവ. ഫാ. സെബാസ്റ്റ്യൻ ഈറ്റോലിൽ പള്ളി അങ്കണത്തിൽ വൃക്ഷതൈനട്ടു. 500 വൃക്ഷതൈകൾ വിതരണം ചെയ്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**കുടമാളൂർ** യൂണിറ്റിൽ ജൂൺ 8 ന് പരിസ്ഥിതിദിനാചരണം നടത്തി. യൂണിറ്റ് പ്രസിഡന്റ് ശ്രീ. മാത്യു മുട്ടത്തുപാടം അദ്ധ്യക്ഷതവഹിച്ചു. ഇടവകാംഗങ്ങൾക്ക് ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു.

**കത്തീഡ്രൽ** യൂണിറ്റിന്റെ നേതൃത്വത്തിൽ ജൂൺ 18 ന് പരിസ്ഥിതി ദിനാചരണം നടത്തി. ശ്രീ. സി.എഫ്. തോമസ് എം.എൽ.എ. കത്തീഡ്രൽ വികാരി റവ. ഫാ. കുര്യൻ പുത്തൻപുരയ്ക്കൽ വൃക്ഷത്തൈ നൽകി ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**സുവർണ്ണ സംഗമവും പരിസ്ഥിതിദിനാചരണവും**

കുറുമ്പനാടം മേഖല സുവർണ്ണസംഗമം സെന്റ് ആന്റണീസ് ഫൊറോനാ പള്ളി പാരീഷ്ഹാളിൽ ജൂൺ 5 ന് സംഘടിപ്പിച്ചു. മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അച്ചാമ്മ മാത്യു ഉദ്ഘാടനം നിർവഹിച്ചു. ഫൊറോനാ വികാരി വെരി. റവ. ഫാ. ജേക്കബ് അഞ്ചുപങ്കിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖസന്ദേശവും അസി. ഡയറക്ടർ ഫാ. ലിജോ കുഴിപ്പള്ളിൽ, മേഖലാ സെക്രട്ടറി ശ്രീ. പ്രസാദ് ജോസഫ് കളരിമുറിയിൽ, കമ്മറ്റി മെമ്പർ ശ്രീ. ലൂക്കോസ് എം.സി. എന്നിവർ പ്രസംഗിച്ചു. തദവസരത്തിൽ പരിസ്ഥിതിദിനാചരണത്തോടനുബന്ധിച്ച് മാടപ്പള്ളി പഞ്ചായത്ത് മെമ്പർ ശ്രീ. ജേൺ തോമസ് കുരിശുംമൂട്ടിൽ ഫലവൃക്ഷതൈ വിതരണം നടത്തി. ചാസ് പ്രോഗ്രാം ഡയറക്ടർ പരിസ്ഥിതിദിന സന്ദേശം നൽകി. ഭാരവാഹികൾ നേതൃത്വം നൽകി.

**സംഘവാർഷികം**

പഴവങ്ങാടി യൂണിറ്റിൽ പ്രവർത്തിക്കുന്ന 'നീതി' പുരുഷ സ്വാശ്രയസംഘത്തിന്റെ വാർഷികം ജൂൺ 12 ന് ആഘോഷിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് തൂമ്പുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. നിർദ്ധനരായ വിധവകൾക്ക് പെൻഷൻ പദ്ധതി, ജൈവകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി സൗജന്യമായി ഗ്രോ ബാഗും പച്ചക്കറിവിത്തും, നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സൈക്കിൾ, കുട, നീതി വായ്പ, SSLC പരീക്ഷയിൽ A+ വാങ്ങിയ വിദ്യാർത്ഥികൾക്ക് കാഷ് അവാർഡ് എന്നിവ വിതരണം ചെയ്തു.

**കൂത്രപ്പള്ളി** യൂണിറ്റിൽ പ്രവർത്തിക്കുന്ന 'കാസ്' സ്വാശ്രയസംഘത്തിന്റെ വാർഷികാഘോഷങ്ങൾ ജൂൺ 4 ഞായറാഴ്ച സംഘടിപ്പിച്ചു. ശ്രീ. ആന്റോ ആന്റണി എം.പി. ഉദ്ഘാടനം ചെയ്തു. ഡോ. എൻ ജയരാജ് MLA 10th +2th വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫിലിപ്പ് വൈക്കത്തുകാരൻ വീട്ടിൽ അനുഗ്രഹ പ്രഭാഷണവും ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖസന്ദേശവും നൽകി.

**വനിതാസംഗമം**

**മീൻകുളം** യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ക്രെഡിറ്റ് യൂണിയൻ അംഗങ്ങളുടെ സംഗമം ജൂൺ 12 ന് സംഘടിപ്പിച്ചു. യൂണിറ്റിൽ കൂടുതൽ സ്വാശ്രയസംഘങ്ങൾ രൂപിക്കേണ്ട ആവശ്യകതെക്കുറിച്ചും, അടുക്കളത്തോട്ടം, ജൈവകൃഷി, ഗവൺമെന്റ് ആനുകൂല്യങ്ങൾ എന്നിവയെ കുറിച്ചും മേഖലാ കോ-ഓർഡിനേറ്റർ വിശദീകരിച്ചു.

**ജൈവകൃഷി**

മീൻകുളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കാൻസർ ബോധവത്ക്കരണ പരി

പാടിയുടെ ഭാഗമായി ജൂൺ 14 ന് പള്ളിയുടെ പരിസരത്ത് തരിശായിക്കിടക്കുന്ന ഭൂമിയിൽ ജൈവകൃഷി ആരംഭിച്ചു.

**മഹിളാസമാജം രൂപീകരണം**

**നാൽപ്പാത്തിമല** യൂണിറ്റിൽ ജൂൺ 17 ന് 'ഒരുമ' മഹിളാസമാജം രൂപീകരിച്ച് ഭാരവാഹികളെ തിരഞ്ഞെടുത്തു. എല്ലാ മാസവും 3-ാം ശനിയാഴ്ച മഹിളാസമാജത്തിന്റെ മീറ്റിംഗ് കൂടുവാൻ തീരുമാനിച്ചു.

**സ്വാശ്രയസംഘസംഗമം**

അതിരമ്പുഴ ലിസ്യൂ യൂണിറ്റിൽ ജൂൺ 20 ന് സ്വാശ്രയസംഘസംഗമം നടത്തി. ആശാകിരണം കാൻസർ സുരക്ഷാപദ്ധതിയെ കുറിച്ചും കാൻസർ രോഗത്തിനു കാരണമാകുന്ന ജീവിതശൈലിയെ കുറിച്ചും പ്ലാസ്റ്റിക് നിർമ്മാർജ്ജനം, 'ലിവ് ഫ്രീ' എന്നിവയെക്കുറിച്ചും കോ-ഓർഡിനേറ്റർ അൽഫോൻസാ വർഗ്ഗീസ് ക്ലാസെടുത്തു. 60 അംഗങ്ങൾ പങ്കെടുത്തു.

**ആശാകിരണം കാൻസർ ബോധവത്ക്കണം**

**കരിമ്പനക്കുളം** യൂണിറ്റിൽ മെയ് 27 ന് സ്വാശ്രയസംഘാംഗങ്ങൾക്ക് കാൻസർ സുരക്ഷാ പദ്ധതികളെക്കുറിച്ചും ജീവിതശൈലി രോഗങ്ങളെക്കുറിച്ചും രോഗപ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ചും 'ലിവ് ഫ്രീ' യെക്കുറിച്ചും മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ ക്ലാസ് നയിച്ചു. 135 അംഗങ്ങൾ പങ്കെടുത്തു.

**മരിയാപുരം** യൂണിറ്റിൽ ജൂൺ 12 ന് കാൻസർ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. കോ-ഓർഡിനേറ്റർമാരായ ശ്രീമതി സജി ഷാജി, ശ്രീമതി അൽഫോൻസാ വർഗ്ഗീസ് എന്നിവർ ക്ലാസ് നയിച്ചു. 50 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റിലെ 5 കുടുംബങ്ങൾക്ക് ചികിത്സാ സഹായം വിതരണം ചെയ്തു.

**കോയിൽമുക്ക്** യൂണിറ്റിൽ ജൂൺ 15 ന് കാൻസർ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. കോ-ഓർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ ക്ലാസ് നയിച്ചു.

**വില്ലൂന്നി** സെന്റ് ഫിലോമിനാസ് സ്കൂളിൽ ജൂൺ 16 ന് കാൻസർ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. ഹെഡ് മിസ്ട്രസ് റവ. സിസ്റ്റർ ടെസിൻ ജോസഫ് അദ്ധ്യക്ഷതവഹിച്ചു. ജീവിതശൈലി രോഗങ്ങളെക്കുറിച്ചും 'ലിവ് ഫ്രീ' യുടെ പ്രാധാന്യത്തെക്കുറിച്ചും ആശാകിരണം ടീം അഗങ്ങൾ ക്ലാസ് നയിച്ചു.

**പാറേൽക്കടവ്** യൂണിറ്റിൽ ആശാകിരണം പദ്ധതിയുടെ ഭാഗമായി ജൂൺ 19 ന് കാൻസർ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോബി മൂലയിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി രമാദേവി ആശംസകൾ അർപ്പിച്ചു. കോ-ഓർഡിനേറ്റർ ബിന്ദു തോമസ് ക്ലാസ് നയിച്ചു. 108 പേർ പങ്കെടുത്തു.

## ത്രിദിന വിദ്യാർത്ഥി ക്യാമ്പ്

ചങ്ങനാശ്ശേരി അതിരൂപത DCMS ന്റെ നേതൃത്വത്തിൽ 2017 മേയ് 26,27, 28 തീയതികളിലായി എസ്.ബി. ഹൈസ്കൂളിൽ വിദ്യാർത്ഥികൾക്കായുള്ള ത്രിദിന ക്യാമ്പ് നടന്നു. 26-ാം തീയതി ഉച്ചകഴിഞ്ഞ് 6 മണിക്ക് ആരംഭിച്ച ക്യാമ്പ് അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജെയിംസ് ഇലവുങ്കൽ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. ജെസ്റ്റിൻ കായംകുളത്തുശ്ശേരി സ്വാഗതവും, ജോയി ജോസഫ് നന്ദിയും പറഞ്ഞു. തുടർന്ന് സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം, ക്യാമ്പ് നിർദ്ദേശങ്ങളും, ക്യാമ്പ് അംഗങ്ങളുടെ പരിചയപ്പെടുത്തലും നടന്നു.

തുടർന്നുള്ള രണ്ടു ദിവസങ്ങളിലായി തിരുസ്സഭ എന്റെ മാതാവ്, പഠനം എങ്ങനെ എളുപ്പമാക്കാം, വ്യക്തിത്വവികസനം, വിശുദ്ധകുർബാന എന്നീ വിഷയങ്ങളിൽ ശ്രീമതി സോഫി, ഡീക്കൻ ബിബിൻ കണ്ണച്ചേൽ, ശ്രീമതി ഷിജി റോയി, ഫാ. ജേക്കബ് ചക്കാത്തറ എന്നിവർ ക്ലാസ്സുകൾ നയിച്ചു. അഭി. മാർ ജോസഫ് പവ്വത്തിൽ ക്യാമ്പ് സന്ദർശിച്ച് സന്ദേശം നൽകി. വിവിധ തരത്തിലുള്ള ഗയിമുകളും, ഗാനപരിശീലനങ്ങളും, ചർച്ചകളും, ക്യാമ്പ് ഫയറും നടന്നു. ബ്രദർ ആന്റണി (റ്റോമിൻ) കിഴക്കേത്തലയ്ക്കൽ, ബ്രദർ മാത്യു (ജസ്റ്റിൻ) പള്ളിക്കളം എന്നിവർ ക്യാമ്പ് ചീഫായി പ്രവർത്തിച്ചു. ഷൈജു ജോസഫ്, സോബിൻ ജോർജ്, ശ്യാം എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി. സി.സി. കുഞ്ഞുകൊച്ച്, മിനി റോയി, ആൻസമ്മ ദേവസ്യ, ജിന്റു അൽഫോൻസ് ജോസഫ്, ജിജമ്മ ബാബു എന്നിവർ ക്യാമ്പിൽ സന്നിഹിതരായിരുന്നു. ക്യാമ്പ് വിലയിരുത്തലിനും സമാപന പ്രാർത്ഥനയ്ക്കുശേഷം ക്യാമ്പ് സമാപിച്ചു. 85 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

## ഏകദിന വനിതാ കൺവൻഷനും അതിരൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും

ചങ്ങനാശേരി അതിരൂപതാ ദലിത് കത്തോലിക്കാ വനിതാസംഘത്തിന്റെ നേതൃത്വത്തിൽ 2017 ജൂൺ 18-ാം തീയതി രാവിലെ 9 മുതൽ വൈകിട്ട് 3 മണി വരെ ഏകദിന കൺവൻഷൻ സന്ദേശനിലയം ഓഡിറ്റോറിയത്തിൽ നടന്നു. അഭി. പിതാവ് മാർ ജോസഫ് പവ്വത്തിൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. മാതൃത്വത്തിന്റെ മഹത്വം ബോധ്യമാകുന്ന തലമുറയെയാണു ഇന്നത്തെ ആവശ്യം. ആ സമൂഹത്തിനു മാത്രമേ സ്ത്രീകളെ അമ്മയായും സഹോദരിയായും കണ്ട് ആദരിക്കാൻ കഴിയൂ. അന്നേ സ്ത്രീകൾക്കു നേരേയുള്ള അതിക്രമങ്ങൾക്കു അറുതി വരൂ. മക്കളെ ധാർമ്മിക മൂല്യങ്ങളിൽ വളർത്തുന്നതിൽ മുഖ്യ ഉത്തരവാദിത്വം മാതാക്കൾക്കാണ്. സംസ്ഥാന വനിതാ കമ്മീഷൻ അംഗം ഡോ. ജെ. പ്രമീളാദേവി മുഖ്യ പ്രഭാഷണം നടത്തി. പ്രസിഡന്റ് മിനിറോയി അദ്ധ്യക്ഷത

വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. ജെസ്റ്റിൻ കായംകുളത്തുശ്ശേരി, DCMS പ്രസിഡന്റ് ജെയിംസ് ഇലവുങ്കൽ, DCYL പ്രസിഡന്റ് കുമാരി സ്വാതിമോൾ പി.എം., ജെസ്സി ജോൺ, ആൻസമ്മ ദേവസ്യ എന്നീവർ പ്രസംഗിച്ചു. സ്ത്രീ ആരാണ്" എന്ന വിഷയത്തിൽ ശ്രീ. റ്റോമിച്ചൻ കാലായിൽ ക്ലാസ്സെടുത്തു. തുടർന്നു നടന്ന അതിരൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിൽ - പ്രസിഡന്റ്: മിനിറോയി (തുരുത്തി ഫൊറോന), വൈസ് പ്രസിഡന്റ് ജെസ്സി ജോൺ (കോട്ടയം ഫൊറോന), സെക്രട്ടറി: റ്റീനാ ടോമി (എടത്വ ഫൊറോന), ജോ. സെക്രട്ടറി: മേഴ്സി തോമസ് (നെടുങ്കുന്നം ഫൊറോന), ഖജാൻജി: ആൻസമ്മ ദേവസ്യാ (ചങ്ങനാശേരി)

**കമ്മറ്റിയംഗങ്ങൾ**

റൂബി സെബാസ്റ്റ്യൻ (ചങ്ങനാശേരി ഫൊറോന), കൊച്ചുമോൾ റ്റോമി (പുളിങ്കുന്ന് ഫൊറോന), മറിയാമ്മ ജോസഫ് (ചങ്ങനാശേരി), സിന്ധു ജസ്റ്റിൻ (കുറുമ്പനാടം) എന്നിവരെയും തെരഞ്ഞെടുത്തു.

**ഭവനസന്ദർശനം നടത്തി**

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ കീഴിലുള്ള എസ്.സി./ എസ്.റ്റി/ബി.സി. കമ്മീഷൻ കേരളത്തിലെ എല്ലാ കത്തോലിക്കാ രൂപതകളിലും ഉള്ള ദരിദ്രരായ ഭവനരഹിതരായ ദലിത് കത്തോലിക്കർക്കുള്ള ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി അതിരൂപതയിലെ ഭവനരഹിതരായ ദലിത് കത്തോലിക്കരിൽനിന്നും അപേക്ഷകൾ സ്വീകരിച്ചിരുന്നു. ഈ അപേക്ഷകരുടെ വിശദ വിവരങ്ങൾ നേരിട്ടറിയുന്നതിനായി അതിരൂപതയിലെ കമ്മറ്റിയംഗങ്ങളായ പി.ജെ. ജോൺ, റ്റോമി മംഗലത്ത്, ജോയി ജോസഫ് എന്നിവർ, ചെത്തിപ്പുഴ, ഇരവിനല്ലൂർ, പുന്നക്കുന്നം, പുളിങ്കുന്ന്, കായൽപ്പറം, മങ്കൊമ്പ്, നസ്രത്ത്, കൊടുപ്പുന്ന, നെടുങ്കുന്നം, നെടുമണ്ണി എന്നീ ഇടവകകളിലെ ഭവനങ്ങൾ സന്ദർശിച്ചു വിവരശേഖരണം നടത്തി. ലിസ്റ്റും തയ്യാറാക്കി.

അതിരൂപത കമ്മറ്റിക്കുവേണ്ടി,

**റ്റോമി മംഗലത്ത്**
(ജ. സെക്രട്ടറി DCMS)

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
(ഡയറക്ടർ DCMS)

# ദീപിക സൗഹൃദ ക്ലബ് (DFC)

**ചങ്ങനാശ്ശേരി അതിരൂപത**

**ദീപിക ഫ്രണ്ട്സ് ക്ലബിന്റെ ഫൊറോനാ ഡയറക്ടേഴ്സായി നിയമിതരായവർ**

1. ആലപ്പുഴ - റവ. ഫാ. ചെറിയാൻ കാരിക്കൊമ്പിൽ
2. ചങ്ങനാശേരി - റവ. ഫാ. ജോർജ്ജ് മാന്തുരുത്തി
3. എടത്വാ - റവ. ഫാ. തോമസ് കാഞ്ഞിരവേലിൽ
4. കുറുമ്പനാടം - റവ. ഫാ. ജേക്കബ് ചീരംവേലിൽ
5. കുടമാളൂർ - റവ. ഫാ. തോമസ് പുത്തൻപുരയ്ക്കൽ
6. കോട്ടയം - റവ. ഫാ. പോൾ വേങ്ങാശ്ശേരി
7. പുളിങ്കുന്ന് - റവ. ഫാ. തോമസ് മണിയഞ്ചിറ
8. തൃക്കൊടിത്താനം - റവ. ഫാ. ജോസഫ് കാക്കനാട്ട്
9. തുരുത്തി - റവ. ഫാ. മാത്യു തുമ്പേച്ചിറയിൽ

**റീജണൽ ഡയറക്ടേഴ്സ്**

1. കോട്ടയം റീജൺ - റവ. ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ
2. നെടുങ്കുന്നം റീജൺ - റവ. ഫാ. ജേക്കബ് ചീരംവേലിൽ

**ഫാ. ജേക്കബ് ചക്കാത്തറ**

# കത്തോലിക്കാ കോൺഗ്രസ്

**നന്ദി.... സ്വാഗതം...**

ചങ്ങനാശേരി അതിരൂപത കത്തോലിക്കാ കോൺഗ്രസിന്റെ ഡയറക്ടറായി കഴിഞ്ഞ രണ്ടുവർഷം നിസ്വാർത്ഥമായി, ആത്മാർത്ഥതയോടെ സേവനം ചെയ്ത് ചുമതലയൊഴിയുന്ന പ്രിയപ്പെട്ട കാരുവേലിൽ ഫ്രാൻസിസ് അച്ചന് കത്തോലിക്കാ കോൺഗ്രസ് കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനാശംസകളും...

പുതിയ ഡയറക്ടറായി ചുമതലയേറ്റെടുത്തിരിക്കുന്ന ബഹുമാനപ്പെട്ട മുകളേൽ ജോസച്ചന്, കത്തോലിക്കാ കോൺഗ്രസ് കുടുംബത്തിലേയ്ക്ക് സ്വാഗതം.

**കത്തോലിക്കാ കോൺഗ്രസ് തെരഞ്ഞെടുപ്പ്**

പുതിയ ഭരണസമിതിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് യുണിറ്റു തലത്തിൽ ആരംഭിച്ചിരിക്കുകയാണ്. കേന്ദ്ര നിർദ്ദേശമനുസരിച്ച് ജൂലൈ 25 നുള്ളിൽ യൂണിറ്റ് രജിസ്ട്രേഷനും, ഇലക്ഷനും പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരും വിവരങ്ങളും, രജിസ്ട്രേഷൻ ഫീസായ 50 രൂപയിൽ നിന്ന് ശാഖാവിഹിതം കഴിഞ്ഞുള്ള അംഗത്വ ഫീസും (ഒരാൾക്ക് 25 രൂപ നിരക്കിൽ) അതിരൂപതാ ട്രഷറർ ശ്രീ. ബാബു വള്ളപ്പുരയെ എൽപ്പിക്കേണ്ടതാണ്. ശാഖാ രജിസ്ട്രേഷൻ ഫീസായി 100 രൂപയും, ബുള്ളറ്റിൻ വരിസംഖ്യയായി 100 രൂപയും രജിസ്ട്രേഷൻ സമയത്ത് നൽകേണ്ടതാണ്. കൂടാതെ യൂണിറ്റിലെ മുഴുവൻ അംഗങ്ങളുടെയും പേരുവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ഇതിനോടൊപ്പം തരേണ്ടതാണ്.

30-05-2017 ലും 23-06-2017 ലുമായി അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗുകൾ കൂടുകയുണ്ടായി. ഇലക്ഷനുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചിന്തിക്കുവാനും, തീരുമാനിക്കുവാനുമാണ്, പ്രധാനമായും ഈ രണ്ടും മീറ്റിംഗുകളും നടത്തിയത്. മീറ്റിംഗുകളിലെ തീരുമാനമനുസരിച്ച് അംഗത്വ സ്വീകരണവും തെരഞ്ഞെടുപ്പ് പ്രക്രിയ മുഴുവനും ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ അറിവോടും അനുവാദത്തോടും കൂടിയായിരിക്കണം. ശാഖാ തെരഞ്ഞെടുപ്പ് ബഹുമാനപ്പെട്ട വികാരിയച്ചന്മാരാണ് നടത്തേണ്ടത്. യൂണിറ്റിന് പുറത്തുനിന്നുള്ളവരുടെ സാന്നിദ്ധ്യമോ നിരീക്ഷണമോ നിർബന്ധമില്ല. എക്സിക്യൂട്ടീവ് മീറ്റിംഗിലെ തീരുമാനമനുസരിച്ച് ബഹു. വികാരിയച്ചന്മർക്ക് ഇലക്ഷൻ ബുള്ളറ്റിൻ തയ്യാറാക്കി അതിരൂപതാ സമിതി എത്തിച്ചു നൽകിയിട്ടുണ്ട്. കൂടാതെ അഭിവന്ദ്യ തോമസ് തറയിൽ പിതാവും, ബഹുമാനപ്പെട്ട ഡയറക്ടർ ജോസ് മുകളേൽ അച്ചനും പ്രത്യേക കത്തും, ഇലക്ഷന്റെ നിർദ്ദേശങ്ങളും ബഹു. വികാരിയച്ചന്മാർക്ക് കൈമാറിയിട്ടുണ്ട്. ഇലക്ഷൻ പ്രക്രിയയിൽ സഹകരിക്കുന്ന മുഴുവൻ നേതാക്കന്മാർക്കും ഇലക്ഷൻ നോട്ടിഫിക്കേഷനും നൽകിയിട്ടുണ്ട്. മുകളിൽ പറഞ്ഞ അറിയിപ്പുകളിലെ നിർദ്ദേശമനുസരിച്ച് ഇലക്ഷൻ വിജയകരമായി പൂർത്തിയാക്കുവാൻ ഇടവക വികാരിയച്ചനോട് ചേർന്ന് പ്രവർത്തിക്കുവാൻ എല്ലാ കത്തോലിക്കാ കോൺഗ്രസ് നേതാക്കന്മാരും ശ്രമിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**അംഗത്വം**

ഏതെങ്കിലും ഒരിടവകയിൽ അംഗമായിരിക്കുകയും പതിനെട്ട് വയസ്സ് പൂർത്തിയായിരിക്കുകയും, സഭാസംബന്ധമായ ശിക്ഷാനടപടികൾക്ക് വിധേയ രല്ലാതിരിക്കുകയും പൊതുവെ കത്തോലിക്കാ സഭയിൽ നിരോധിക്കപ്പെട്ടതും രൂപതാദ്ധ്യക്ഷനാൽ വിലക്കപ്പെട്ടതും ആയ ഒരു സംഘടനയിലും അംഗമല്ലാ തിരിക്കുകയും ചെയ്യുന്ന ഏതൊരു കത്തോലിക്കനും, സ്ത്രീ പുരുഷ ഭേദമെന്യേ ഈ ഭരണഘടനയ്ക്കു വിധേയമായി കത്തോലിക്ക കോൺഗ്രസ്സിന്റെ അംഗമാ കാവുന്നതാണ്.

**തെരഞ്ഞെടുക്കപ്പെടേണ്ട ഭാരവാഹികൾ**

ശാഖകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പ്രസിഡന്റ്, സെക്രട്ടറി, ട്രഷ റർ, രണ്ട് വൈസ് പ്രസിഡന്റുമാർ, ജോയിന്റ് സെക്രട്ടറി എന്നീ ഭാരവാഹിക ളോടൊപ്പം ആകെ 11-ൽ കുറയാതെയും 17 ൽ കൂടാതെയും അംഗങ്ങൾ ഉൾപ്പെ ടുന്ന ഒരു ഭരണസമിതിയെ ശാഖാ അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കേണ്ട താണ്. ശാഖാ സമിതിയുടെ കാലാവധി മൂന്ന് വർഷമായിരിക്കും. വൈസ് പ്രസി ഡന്റുമാരിൽ ഒരാൾ വനിത ആയിരിക്കും.

**പ്രതിഷേധിച്ചു.**

കർഷകർ നിരവധി വെല്ലുവിളികളും പ്രതിസന്ധികളും നേരിടുന്ന ഈ കാല ഘട്ടത്തിൽ കർഷക കടം എഴുതി തള്ളുന്നതിൽ അധികാരികൾ പ്രകടിപ്പിക്കുന്ന നിഷേധാത്മക നിലപാടിൽ പ്രതിഷേധിച്ച് കത്തോലിക്കാ കോൺഗ്രസ് അതി രൂപതാ സമിതി പ്രമേയം പാസാക്കി. കർഷക ആത്മഹത്യകൾ പെരുകി വരു ന്നതിനിടയിലും അധികാരികൾ വച്ചുപുലർത്തുന്ന നിസംഗതാ മനോഭാവത്തിൽ യോഗം ആശങ്ക പ്രടിപ്പിച്ചു.

**മതസൗഹാർദ്ദ സമ്മേളനം**

കരിമ്പനക്കുളം തിരുഹൃദയ ഇടവക യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മതസൗ ഹാർദ്ദ സംഗമം നടത്തി. ഇടവക വികാരി ഫാ. ജോസഫ് കട്ടപ്പുറം അദ്ധ്യക്ഷ തവഹിച്ചു. ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം മതസൗഹാർദ്ദ സംഗമം ഉദ്ഘാടനം ചെയ്തു. ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി മുഖ്യപ്രഭാഷണം നട ത്തി. മുസ്ലീം സമൂഹത്തിൽ നിന്നും, ഹൈന്ദവ സമൂഹത്തെ പ്രതിനിധീകരിച്ച് NSS, SNDP, CSDS സംഘടനകളിൽനിന്നും പ്രതിനിധികൾ യോഗത്തിൽ പങ്കെ ടുത്ത് മതസൗഹാർദ്ദ സന്ദേശം നൽകി. കത്തോലിക്കാ കോൺഗ്രസ് അതിരൂ പതാ പ്രസിഡന്റ് ശ്രീ. ടോമി ഇളംതോട്ടം, യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോസ് പാലത്തിങ്കൽ, സെക്രട്ടറി വർഗ്ഗീസ് തുണ്ടിയിൽ, വനിതാ വിഭാഗം പ്രസിഡന്റ് റാണി തടത്തേൽ തുടങ്ങിയവർ ആശംസകൾ നേർന്നു.

**ഫാ. ജോസ് മുകളേൽ** (ഡയറക്ടർ)
**ശ്രീ. ടോമി ഇളംതോട്ടം** (പ്രസിഡന്റ്)
**ശ്രീ. ജാൻസൻ ജോസഫ് പുതുപ്പറമ്പിൽ** (ജന. സെക്രട്ടറി)
**ശ്രീ. ബാബു വള്ളപ്പുര** (ട്രഷറർ)

# കരിസ്മാറ്റിക് നവീകരണ വാർത്തകൾ

"സഭാനേതൃത്വത്തിൽ നിന്നല്ലാതെ താഴേക്കിടയിൽ നിന്ന് ഉയർന്നുവന്ന ഒരു മുന്നേറ്റമാണിതെന്നത് മനോഹരമായ കാര്യമാണ്. എന്നാൽ ഇവ പരിശുദ്ധാത്മാവിന്റെ ദാനമായത് കൊണ്ട് ഉന്നതങ്ങളിൽ നിന്ന് തന്നെയാണ് വരുന്നത്. എല്ലാക്കാലത്തും തിരുസഭയിൽ നവജീവന്റെ തുടിപ്പുകൾ പരിശുദ്ധാത്മാവ് നൽകിക്കൊണ്ടിരിക്കുന്നത്". -

**(ബെനഡിക്ട് പതിനാറാമൻ മാർപാപ്പ,**

**റോമാരൂപതയിലെപുരോഹിതർക്ക് നൽകിയ സന്ദേശം 22.11.2007)**

**ലോക കരിസ്മാറ്റിക് മലയാളി സംഗമം:**

ഓഗസ്റ്റ് 12 മുതൽ 15 വരെ തീയതികളിൽ ഇരിഞ്ഞാലക്കുട, ലൂമൻ യൂത്ത് സെന്ററിൽ (ആളൂർ) വച്ച് സംഘടിപ്പിക്കപ്പെടുന്ന ജൂബിലി സംഗമത്തിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ഒരു സബ്സോണിൽ നിന്നും 50 പേർ എന്ന ക്രമത്തിൽ മുന്നൂറ് പേരെങ്കിലും ചങ്ങനാശേരി സോണിൽ നിന്നും പങ്കെടുക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. ജൂബിലി സംഗമത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സെക്രട്ടറി, മഞ്ചു മാത്തൂരിനെയോ (9847648550) അതാത് സബ്സോണൽ കോ-ഓർഡിനേറ്റർമാരെയോ ബന്ധപ്പെടേണ്ടതാണ്.

**ഫാത്തിമാ ശതാബ്ദി സന്ദേശയാത്ര**: ഫാത്തിമാ മാതാവിന്റെ തിരുസ്വരൂപവുമായി, സന്ദേശപ്രയാണം സെപ്റ്റംബർ 30, ഒക്ടോബർ 1, 2 തീയതികളിലാണ് ചങ്ങനാശേരിയിൽ എത്തുന്നത്. സന്ദേശപ്രയാണവുമായി ബന്ധപ്പെട്ട് വിവിധ ഇടവകകളിൽ മരിയൻ കൺവൻഷൻ, സ്വീകരണം മുതലായവ സംഘടിപ്പിക്കുവാൻ കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷനിൽ നിന്നും നിർദ്ദേശം ലഭിച്ചിരിക്കുന്ന വിവരം അറിയിക്കുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ചങ്ങനാശേരിയിലെ ഒരുക്കങ്ങൾ ആസൂത്രണം ചെയ്യുവാനും വിലയിരുത്തുവാനുമായി "സോണൽ ഫാത്തിമാ സെന്റിനറി സെലിബ്രേഷൻ കമ്മിറ്റി" (ZFCCC) കൂടുകയുണ്ടായി. വിവിധ സർവീസ് ടീം അംഗങ്ങളോടൊപ്പം അതിരൂപതയിലെ വിവിധ മരിയൻ സംഘടനകളുടെ പ്രതിനിധകളും പങ്കെടുക്കുകയുണ്ടായി. പാസ്റ്ററൽ സെന്റർ ഓഫീസിൽ വച്ച്, ഡയറക്ടർ ഫാ. മാത്യു താന്നിയത്തിന്റെ നേതൃത്വത്തിൽ ജൂലൈ 14-ാം തീയതി കൂടിയ യോഗത്തിൽ, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ അഭിവന്ദ്യ പിതാക്കന്മാരെ സന്ദർശിക്കാനും ഉപദേശനിർദ്ദേശങ്ങൾ ആരായാനും തീരുമാനമായി.

**സബ്സോണൽ പുനഃസംഘടനകൾ**: കുട്ടനാട്, കുന്നന്താനം, കുറുമ്പനാടം, ചെത്തിപ്പുഴ, നെടുങ്കുന്നം, മണിമല എന്നീ ആറ് സബ്സോണുകളിലെയും സർവീസ് ടീം പുനഃസംഘടന വിജയകരമായി പൂർത്തീകരിക്കുകയും സേവനസമിതികൾ നിലവിൽ വരികയും ചെയ്തു. നിർജ്ജീവാവസ്ഥയിലായിരുന്ന 'മണിമല' സബ്സോണിനെ പുനരുജ്ജീവിപ്പിക്കാൻ സാധിച്ചത് നേട്ടമായി

കരുതുന്നു. ജൂൺ 30, ജൂലൈ 4 തീയതികളിൽ തെരഞ്ഞെടുക്കപ്പെട്ട സബ്സോണൽ ടീമംഗങ്ങൾക്കായി പരിശീലന പരിപാടി കളത്തിപ്പടിയിലുള്ള ക്രിസ്റ്റീൻ ധ്യാനകേന്ദ്രത്തിൽ.

**സിക്കിം സംസ്ഥാനത്തിന് വേണ്ടി പ്രാർത്ഥിക്കുക**: ചങ്ങനാശേരിയുടെ മിഷൻ സംസ്ഥാനമായി സിക്കിം സംസ്ഥാനത്തെ തെരഞ്ഞെടുത്തിരിക്കുന്ന വിവരം അറിയിക്കുന്നു. നമുക്ക് സിക്കിം സംസ്ഥാനത്തിന് വേണ്ടി പ്രാർത്ഥിക്കാനും പ്രവർത്തിക്കാനും ശ്രദ്ധവയ്ക്കാം.

**ചങ്ങനാശേരി സോണിന്റെ പൊതുപരിപാടികൾ**

എല്ലാ മൂന്നാം ചൊവ്വാഴ്ചകളിലും സേവനസമിതി യോഗം, പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വച്ച് എല്ലാ രണ്ടാം ബുധനാഴ്ചകളിലും വൈകിട്ട് ആറ് മുതൽ പത്ത് വരെ നിശാരാധന എല്ലാ വ്യാഴാഴ്ചകളിലും രാവിലെ പത്ത് മണി മുതൽ അഖണ്ഡജപമാലയും മദ്ധ്യസ്ഥ പ്രാർത്ഥനയും പതിവ് പോലെ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച്

**ജയിംസ് നടുവിലേപ്പറമ്പിൽ**
(കോ-ഓർഡിനേറ്റർ)

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)

❁

# വിൻസെൻഷ്യൻ വേദി

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

"അഹങ്കാരത്തിൽനിന്നും അതിലൂടെ ഉടലെടുക്കുന്ന പാപത്തിൽനിന്നും മുക്തി നേടുവാൻ ദൈവമേ എനിക്കു ശക്തിതരേണമേ. തിന്മയിൽ നിന്നും വ്യതിചലിക്കുന്നതിനും, നന്മയിലേക്കു നമ്മെ നയിക്കുന്നതിനും ഇവ കാരണമാകുന്നു. ദൈവത്തിലൂടെ ശക്തി ലഭിക്കുന്നതാണ് എന്റെ അഹങ്കാരം."

**വി. വിൻസെന്റ് ഡി പോൾ**

ജീവന്റെ തുടക്കം അതു സംരക്ഷിക്കുവാനുള്ള അവകാശവും മനുഷ്യനുണ്ട്. ജീവിതത്തെ സംരക്ഷിക്കുകയും, ബഹുമാനിക്കുകയും ചെയ്യേണ്ടതു നമ്മുടെ കടമയാണ്. ജീവന്റെ തുടക്കം ഗർഭാവസ്ഥയിൽ തുടങ്ങുന്നതു മുതൽ അതു സംരക്ഷിക്കപ്പെടേണ്ടതാണ്. ജീവന്റെ സംരക്ഷണം സഭയ്ക്കു ദൈവം നല്കിയിട്ടുള്ളതാണ്. അവിടെ വിശ്വാസിയെന്നോ, അവിശ്വാസിയെന്നോ വ്യത്യാസമില്ല. ജീവിതത്തിന്റെ ബുദ്ധിമുട്ടുകളിലും, അകൃത്യങ്ങളിലും അവനു പ്രകാശം കൊടുക്കുവാനാണ് യഥാർത്ഥത്തിൽ വിൻസെൻഷ്യൻ പ്രവർത്തകർ ശ്രദ്ധിക്കേണ്ടത്. ക്രിസ്തീയ വിശ്വാസികൾ ദൈവത്തിൽനിന്നു കൃപയിലൂടെ, ജീവന്റെ സംരക്ഷണത്തിനു ബുദ്ധിമുട്ടനുഭവിക്കുന്നവരെ കണ്ടുമുട്ടി അവർക്കു നവജീവൻ പ്രദാനം ചെയ്യണം. ദൈവവിളിയിലൂടെ അതിനു പ്രേരകമായ ഘടകം നമുക്ക് ലഭിച്ചിട്ടുണ്ട് എന്നുള്ളകാര്യം ഓരോ വിൻസെൻഷ്യനും തിരിച്ചറിയണം. ജീവന്റെ സംരക്ഷണത്തിനുവേണ്ടിയാണല്ലോ പിതാവ് തന്റെ ഏകജാതനെ ഭൂമിയിലേയ്ക്കയച്ചത്. അതുവഴി വിലമതിക്കാനാവാത്ത ഒരു കർത്തവ്യമാണല്ലോ പിതാവിൽനിന്നുണ്ടായത്. സഭയുടെ കാഴ്ചപ്പാട് സാധുസംരക്ഷണമാണെങ്കിൽ അതിലൂടെ പ്രചോദനം ലഭിച്ച നമുക്ക് അതു നിലനിർത്തുവാനും ബാദ്ധ്യതയുണ്ട്. ഇവിടെ പരിമിതികൾ ഉണ്ടായേക്കാം. പക്ഷേ അതിനെ അതിജീവിക്കുവാൻ സ്ഥാപകൻ നമ്മോടാഹ്വാനം ചെയ്തിട്ടുണ്ടല്ലോ. ഇവിടെ സംക്ഷിക്കപ്പെടേണ്ടവ അതിന്റെ അവസ്ഥയനുസരിച്ച് സംരക്ഷകന് മാറ്റം ഭവിച്ചേ തീരൂ.

ജീവന്റെ സംരക്ഷണത്തിന് അസൂയാവഹമായ സ്വാർത്ഥത വെടിഞ്ഞ് പ്രവർത്തിക്കുവാൻ സന്നദ്ധരാകണം. സ്നേഹത്തിലൂടെ സമ്പാദിച്ച അറിവ് ആവശ്യങ്ങൾ മനസ്സിലാക്കി വിജയപ്രദമാക്കുവാനുള്ള വഴികൾ, ആത്മവിശ്വാസത്തിലൂടെയും, ചെറുപുഞ്ചിരിയോടുകൂടിയും ഫലപ്രദമാക്കുവാൻ പരിശ്രമിക്കുക.

**യുവജനങ്ങൾ**

കെ.ആർ.സി.സി. സംഘടിപ്പിച്ച ത്രിദിനക്യാമ്പിൽ പങ്കെടുത്ത നമ്മുടെ സി.സിയിലെ ബ്രദർ തോമസ് പി. പത്തിലിനെ കമ്മിറ്റിയിലും, ബ്ര. ജോസഫ് സേവ്യറിനെ പ്രത്യേക പരിഗണനാവിഭാഗത്തിലും പെടുത്തിയിട്ടുണ്ടെന്ന കാര്യം സസന്തോഷം അറിയിക്കുന്നു. അതുപോലെ ബ്ര. ബിനു കുര്യാക്കോസിനെ

കെ.ആർ.സി.സി. സെക്രട്ടറിയാക്കിയ വിവരം അറിവുള്ളതാണല്ലോ. ഏവർക്കും സെൻട്രൽ കൗൺസിലിന്റെ പ്രത്യേക അഭിനന്ദനങ്ങൾ.

## സി.സി. മീറ്റിംഗ്

അടുത്ത സി.സി. മീറ്റീംഗ് ജൂലൈ 8–ന് ശനിയാഴ്ച നടത്തുന്ന വിവരം അറിവുള്ളതാണല്ലോ. ബന്ധപ്പെട്ട എല്ലാ ഭാരവാഹികളും പങ്കെടുക്കുന്ന കാര്യത്തിൽ ഉപേക്ഷ വിചാരിക്കരുതെന്നപേക്ഷിക്കുന്നു. സമയക്രമം പതിവുപോലെ കാലത്ത് 9.30–ന്.

## തുരുത്തി എ.സി.

തുരുത്തി മർത്ത് മറിയം ഫൊറോന രൂപപ്പെട്ടതുവഴി വേറൊരു എ.സി. ''തുരുത്തി എരിയാ കൗൺസിൽ'' എന്നപേരിൽ രൂപംകൊണ്ടിരിക്കുന്നു. അതിന്റെ ഔദ്യോഗിക ഉദ്ഘാടനം ജൂൺ 4–ന് തുരുത്തി ഫൊറോനപ്പള്ളിയിൽ നടത്തുകയുണ്ടായി. നിലവിലുള്ള എ.സി.കളുടെ എണ്ണത്തിൽ മാറ്റമില്ലാതെ വാഴപ്പള്ളി എസിയെ ഇല്ലാതാക്കിക്കൊണ്ടാണ് തുരുത്തിക്കു രൂപം നല്കിയത്.

ജൂലൈ മാസത്തിൽ കാലവർഷക്കെടുതിയിൽ വിഷമിക്കുന്നവർക്ക് പ്രത്യേക പരിഗണന കൊടുക്കുവാൻ മറക്കരുത്. നമ്മുടെ ഓരോ പ്രവർത്തനങ്ങളിലും പരമകാരുണ്യവാനായ പിതാവിന്റെ അനുഗ്രഹവും, പുത്രൻ തമ്പുരാന്റെ സംരക്ഷണവും പരിശുദ്ധാത്മാവിന്റെ പ്രവർത്തനവുമുണ്ടാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹത്തോടെ,

ഈശോയിൽ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്

☸

"സമാധാനം - സൗഭാഗ്യം"

സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

ഭാരതമണ്ണിൽ ക്രൈസ്തവ വിശ്വാസത്തിന്റെ അഗ്നികൊളുത്തിയ വിശുദ്ധ തോമാശ്ലീഹായെ സ്മരിക്കുന്ന ദിവസമാണല്ലോ ജൂലൈ 3 ദുക്റാനത്തിരുനാൾ. വിശ്വാസാനുഭവം പ്രതീക്ഷിച്ച് ഈശോയുടെ പാർശ്വത്തിൽ തൊട്ട് "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് ഏറ്റുചൊല്ലി തോമാശ്ലീഹാ ഈശോയെ വിശ്വസിച്ചേറ്റുപറയുന്നു. "നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു. എന്നെ കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ" (യോഹ 20:29) എന്ന് ഈശോ പറയുന്നു. ഉത്ഥിതനിലുള്ള ഉറച്ച വിശ്വാസത്തോടുകൂടി ജീവിതത്തോണിയിൽ യാത്ര ചെയ്യാനും, വേണ്ടിവന്നാൽ അവനുവേണ്ടി മരിക്കാനും നമ്മുക്കു തയ്യാറാകാം എന്നു പഠിപ്പിച്ച തോമാശ്ലീഹായുടെ ദുക്റാനത്തിരുനാളിന്റെയും ഈശോയ്ക്കുവേണ്ടി തന്നെ മുഴുവനായും സമർപ്പിച്ച സഹനദാസിയും ഫ്രാൻസിസ്ക്കൻ വിശുദ്ധാരാമത്തിലെ പുണ്യവതിയുമായ വി. അൽഫോൻസാമ്മയുടെയും തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

## ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്മാരക അനുസ്മരണ അഖില കേരളാ ക്വിസ്സ് മത്സരം

SFO ചങ്ങനാശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ 2017 ആഗസ്റ്റ് 15-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് വാഴപ്പള്ളി ഗെത്സെമനി ആശ്രമത്തിന്റെ സോഷ്യൽ സെന്ററിൽ ദൈവദാസൻ പുത്തൻപറമ്പിൽ തമ്മച്ചൻ സ്മാരക അഖിലകേരള ക്വിസ്സ് മത്സരം നടത്തുന്നു.

വിഷയങ്ങൾ: വി. മത്തായിയുടെ സുവിശേഷം 1 മുതൽ 9 വരെ അദ്ധ്യായങ്ങൾ, സുഭാഷിതങ്ങൾ 21 മുതൽ 31 വരെ അദ്ധ്യായങ്ങൾ, വെളിപാട് - 4 മുതൽ 9 വരെ അദ്ധ്യായങ്ങൾ, 50% മാർക്ക്, വി. ഫ്രാൻസിസ് അസ്സീസിയുടെ ജീവചരിത്രം (ഫാ. ലിയോ കീപ്രത്ത് എഴുതിയ പുസ്തകത്തിൽ നിന്ന്) 20 മുതൽ 40 വരെ അദ്ധ്യായങ്ങൾ 35% മാർക്ക്, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ജീവചരിത്രം "സുവിശേഷഭാഗ്യങ്ങളുടെ മനുഷ്യൻ" (പ്രൊഫ. ജെയിംസ് സെബാസ്റ്റ്യൻ എഴുതിയത്) എന്ന പുസ്തകത്തിൽ നിന്നു മുഴുവൻ അദ്ധ്യായങ്ങൾ-15% മാർക്ക്, എന്നിവയിൽ നിന്നുമായിരിക്കും ചോദ്യങ്ങൾ. മത്സരവിജയികൾക്ക് ഒന്നാം സമ്മാനം 5000 രൂപയും എവർറോളിംഗ് ട്രോഫിയും, രണ്ടാം സമ്മാനം 3000 രൂപയും എവർറോളിംഗ് ട്രോഫിയും, മൂന്നാം സമ്മാനം 2000 രൂപയും എവർറോളിംഗ് ട്രോഫിയും, പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹന സമ്മാനവും നൽകുന്നു. ഒരു ഭ്രാതൃത്വത്തിൽനിന്നും രണ്ടുപേരടങ്ങുന്ന രണ്ടു ടീമുകൾക്ക് വരെ മത്സരത്തിൽ പങ്കെടുക്കാം. ചങ്ങനാശേരി അതി

രൂപതയിലെയും മറ്റു രൂപതയിലെ SFO അംഗങ്ങൾക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കുവാൻ പാടുള്ളൂ. രജിസ്ട്രേഷൻ ഫീസ് 50 രൂപാ മാത്രം. 2017 ആഗസ്റ്റ് 10-ാം തീയതി വൈകുന്നേരം 5 മണിവരെ രജിസ്ട്രേഷൻ സ്വീകരിക്കുകയുള്ളൂ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ടീമുകൾ ഈ ഫോൺനമ്പരുകളിൽ ബന്ധപ്പെടുക. ഫാ. ജോമോൻ ആശാംപറമ്പിൽ OFm. Cap -9947997828, ബ്ര. സിബിച്ചൻ സ്രാങ്കൻ-9447322927, ശ്രീമതി എൽസമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട് -0481-2447322, 9400944733. ക്വിസ്സ് മാസ്റ്ററുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും. മത്സരസഹായ പഠനഗ്രന്ഥങ്ങൾ വാഴപ്പള്ളി ഗെത്സെമനി ആശ്രമത്തിൽ ലഭ്യമാണ്.

## ജോമോനച്ചന് യാത്രയയപ്പ്

നീണ്ട 10 വർഷക്കാലം വാഴപ്പള്ളി ഗെത്സെമനി ആശ്രമത്തിൽ സ്തുത്യർഹമായ ശുശ്രൂഷ ചെയ്തതിനുശേഷം കാവാലം സെന്റ് തോമസ് ആശ്രമത്തിലേയ്ക്കു സ്ഥലംമാറി പോകുന്ന ബഹു. ജോമോൻ ആശാംപറമ്പിൽ അച്ചന് വാഴപ്പള്ളി SFO ഗെത്സെമനി ഭാതൃത്വാംഗങ്ങൾ സമുചിതമായ യാത്രയയപ്പു നല്കി. SFO ചങ്ങനാശേരി അതിരൂപത പ്രസിഡന്റ് ബ്ര. സിബിച്ചൻ സ്രാങ്കന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ സ്ത്രീവിഭാഗം പ്രസിഡന്റ് ശ്രീമതി ഗ്രെയ്സുകുട്ടി എബ്രഹാം മുതിരപ്പറമ്പിൽ സ്വാഗതം ആശംസിച്ചു. ബഹു. ജോമോനച്ചൻ വാഴപ്പള്ളി ഗെത്സെമനി ആശ്രമത്തിന്റെ സുപ്പീരിയർ എന്ന സ്ഥാനത്തുനിന്നും മാറിയാണ് സ്ഥലംമാറി പോകുന്നതെന്നും SFO യുടെ അതിരൂപതാ സ്പിരിച്ച്വൽ അസിസ്റ്റന്റ് എന്നനിലയിൽ തുടരുകയാണെന്നും 10 വർഷക്കാലം ജോമോനച്ചന്റെ ശുശ്രൂഷയിൽ വാഴപ്പള്ളി ഗെത്സെമനിയുടെസുവർണ്ണകാലമായിരുന്നെന്നും SFO യുടെ പ്രവർത്തനങ്ങൾക്ക് പുതിയ മുഖച്ഛായ സൃഷ്ടിക്കാനും കഴിഞ്ഞു എന്ന് സിബിച്ചൻ സ്രാങ്കൻ ആശംസിച്ചു. പുരുഷ വിഭാഗം പ്രസിഡന്റ് ശ്രീ. പി.റ്റി. തോമസ് പുന്നശ്ശേരി, ശ്രീ. പ്രമോദ് പി. ജോസഫ്, എത്സമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട്, റ്റി.റ്റി. ഫ്രാൻസിസ് തട്ടുപുരയ്ക്കൽ, ലീലാമ്മ പോത്തൻ ചിറ്റേട്ടുകളം, ലീലാമ്മ ദേവസ്യ വൈപ്പിശ്ശേരി എന്നിവർ യാത്രാമംഗളങ്ങൾ നേർന്നു സംസാരിച്ചു. മോളി ജേക്കബ് പാലാത്ര, ഡെയ്സി മഞ്ചേരിക്കളം എന്നിവർ മംഗളഗാനങ്ങൾ ആലപിച്ചു. ഭ്രാതൃത്വത്തിന്റെ പേരിൽ ഉപഹാരങ്ങൾ സമർപ്പിച്ചു. തുടർന്ന് ജോമോനച്ചൻ മറുപടി പ്രസംഗം നടത്തി. വാഴപ്പള്ളി ഗെത്സെമനി കൂട്ടായ്മയിലെ ഓരോരുത്തരുടെയും പ്രോത്സാഹനവും പ്രാർത്ഥനയും  ഒന്നുകൊണ്ടാണ് തനിക്കും ദൈവകൃപയാൽ നല്ല ശുശ്രൂഷകൾ ചെയ്യുവാൻ സാധിച്ചതെന്നും തുടർന്നും നിങ്ങളുടെ പ്രാർത്ഥനകൾ യാചിച്ചുകൊണ്ട് അച്ചൻ പ്രസംഗം അവസാനിപ്പിച്ചു. തുടർന്ന് പ്രാർത്ഥനകൾക്കും സ്നേഹവിരുന്നിനും ശേഷം സമ്മേളനം പര്യവസാനിച്ചു.

## ജൂലൈ 8- ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 181-ാം ജന്മവാർഷികം

കേരള കത്തോലിക്കാ സഭയിലെ ആദ്യ അല്മായ ദൈവദാസനായ

പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 181-ാം ജന്മവാർഷികം 2017 ജൂലൈ 8-ാം തീയതിയാണ്. പൊതുവായ ആഘോഷങ്ങളിലെങ്കിലും അതിരൂപതയിലെ എല്ലാ ഭ്രാതൃത്വങ്ങളും അന്നേദിവസം ഇടവക ദൈവാലയങ്ങളിൽ വി. കുർബാന ചൊല്ലിക്കാൻ ഏർപ്പാടുചെയ്യുകയും SFO അംഗങ്ങൾ വി. കുർബാനയിൽ പങ്കെടുക്കുകയും ചെയ്യുക.

## നിര്യാതരായി

നാലുകോടി സെന്റ് തോമസ് ഭ്രാതൃത്വാംഗങ്ങളായ ശ്രീ. തോമസുകുട്ടി ചാക്കോ, മാളിയേക്കൽ (44), ശ്രീമതി റാണി ജെയിംസ് വേഷ്ണാലിന്റെ ഭർതൃമാതാവ് മറിയാമ്മ ശൗര്യാർ (93), എന്നിവർ നിര്യാതരായി. SFO നേതൃത്വാംഗങ്ങൾ പരേതരുടെ ഭവനത്തിലെത്തി ഒപ്പീസ് പ്രാർത്ഥന നടത്തുകയും ശവസംസ്കാര കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതർക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കണമെ!

വി. തോമാശ്ലീഹായുടെ ദുക്റാനതിരുനാളിന്റെയും വി. അൽഫോൻസാമ്മയുടെ തിരുനാളിന്റെയും, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ജന്മവാർഷികത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട്.

പ്രാർത്ഥനാപൂർവ്വം,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. ജോമോൻ ആശാംപറമ്പിൽ OFM.Cap.**
SFO അതിരൂപതാ Spiritual Assistant

# ആവേ മരിയ

**ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കമ്മീസിയം**

ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കമ്മീസിയത്തിന്റെ ജൂൺമാസ മീറ്റിംഗ് 11.06.2017 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് പാറേൽ ലീജിയൻ ഹാളിൽ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടന്നു. പ്രാരംഭപ്രാർത്ഥന, ജപമാല, നിയമഗ്രന്ഥത്തിൽനിന്നുള്ള പാരായണം "ദൈവഭക്തിയെ സംബന്ധിച്ച ലീജിയന്റെ വീക്ഷണഗതി-പേജ് 13- ഇവയ്ക്കുശേഷം സെക്രട്ടറി റിപ്പോർട്ടു വായിച്ചു, പാസ്സാക്കി.

വൈസ് പ്രസിഡന്റ് ഹാജർ രേഖപ്പെടുത്തി. ആദ്ധ്യാത്മിക നിയന്താവ് ലീവായിരുന്നു. കമ്മീസിയ ഭാരവാഹികൾ എല്ലാവരും കൂത്രപ്പള്ളി കൂരിയ വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരും അതിരമ്പുഴ കൂരിയ സെക്രട്ടറി, കമ്മീസിയത്തിൽ അഫിലിയേറ്റു ചെയ്യപ്പെട്ട 21 പ്രസീദിയങ്ങളിൽ നിന്നുമുള്ള ഭാരവാഹികളടക്കം ആകെ 44 അംഗങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു. വൈസ് പ്രസിഡന്റ് എല്ലാവർക്കും പരി. അമ്മയുടെ പേരിൽ സ്വാഗതം അർപ്പിച്ചു.

സെനാത്തൂസിൽ നിന്നും ലഭിച്ച ഏപ്രിൽമാസ മിനിട്ട്സിലെ പ്രസക്തഭാഗങ്ങളും, ജൂൺമാസ മദ്ധ്യസ്ഥനിൽ വന്ന മെയ് മാസ റിപ്പോർട്ടും സഭയിൽ വായിച്ചു.

ഖജാൻജി ഏപ്രിൽ മാസത്തെ കമ്മീസിയം വരവ്-ചെലവ് കണക്ക് സഭയിൽ വായിച്ചു പാസ്സാക്കി.

സൈനിക ജപശൃംഖല ചൊല്ലി.

കമ്മീസിയം പുതിയ ഭാരവാഹികളുടെ പേരുവിവരം താഴെ കൊടുക്കുന്നു. പ്രസിഡന്റ് ബ്ര. തോമസ് ഫിലിപ്പ്, പാലാത്ര, വൈസ് പ്രസിഡന്റ് സി. വത്സമ്മ ജോസ് കൂട്ടുമ്മ, സെക്രട്ടറി സി. ജമിനി ജോസഫ് കണ്ണമ്പള്ളി, ഖജാൻജി സി. എത്സമ്മ തോമസ് കോട്ടപ്പുറം, ജോ. സെക്രട്ടറി ബ്ര. ഐസക് ആന്റണി കരിങ്ങണാമറ്റം.

ഫാത്തിമായിൽ പരിശുദ്ധ മറിയത്തിന്റെ പ്രത്യക്ഷീകരണത്തിന്റെ നൂറാം വാർഷിക ആഘോഷങ്ങളുടേയും ഫാത്തിമാ സന്ദേശത്തിന്റെ പ്രചരണാർത്ഥം ഫാത്തിമായിൽ നിന്നും പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം നമ്മുടെ രൂപതയിലെ തെരഞ്ഞെടുക്കപ്പെട്ട ദൈവാലയങ്ങളിൽ സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ മൂന്നുദിവസം എത്തിക്കുന്നതിനായി സഭയിൽ പരാമർശിക്കപ്പെട്ടു.

സമാപനപ്രാർത്ഥനകൾക്കും വാഴ്ത്തപ്പെട്ട ഫ്രാങ്ക്ഡഫിനെ വിശുദ്ധനെന്നു നാമകരണത്തിനായുള്ള പ്രാർത്ഥനയ്ക്കുശേഷം എല്ലാവരും പരസ്പരം സ്തുതി ചൊല്ലി. മീറ്റിംഗ് 4.30ന് സമംഗളം പര്യവസാനിച്ചു.

**റവ. ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മിക നിയന്താവ്

**ബ്ര. തോമസ് ഫിലിപ്പ് പാലാത്ര**
പ്രസിഡന്റ് ☸

119

# പൗരോഹിത്യ ആദ്ധ്യാത്മികത:
# സുവിശേഷവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## പുരോഹിതൻ: ദൈവത്തിന്റെ മനുഷ്യൻ

**(തിരുവചനഭാഗം: മർക്കോ 9, 2-50)**

ഈ തിരുവചനഭാഗം ഈശോയുടെ യഥാർത്ഥ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്ന ഒരു ഭാഗമാണ്. എട്ടാമദ്ധ്യായത്തിൽ തന്റെ വ്യക്തിത്വത്തെപ്പറ്റിയുള്ള ചോദ്യവും ഉത്തരവും ശിഷ്യന്മാരുമായുള്ള സംഭാഷണത്തിൽ പങ്കുവച്ച ഈശോ (8,27-30) ഈ അദ്ധ്യായത്തിൽ അത് കൂടുതൽ വ്യക്തമാക്കുന്നു. അഞ്ച് പ്രധാനപ്പെട്ട സംഭവങ്ങളിലൂടെയാണ് ഇത് ഈശോ നിർവഹിക്കുന്നത്. 1. രൂപാന്തരീകരണം (9,2-8); 2. അപസ്മാരബാധിതനായ കുട്ടിയെ സുഖപ്പെടുത്തുന്നു (9,14 -29); 3. രണ്ടാം പീഡാനുഭവപ്രവചനം (9,30-32); 4. ചെറിയവരാകുവാനുള്ള ആഹ്വാനം (9,33-37); 5. ചെറിയവർക്ക് ഇടർച്ച നല്കാതിരിക്കാനുള്ള ആഹ്വാനം (9,42-48). "നീ മിശിഹായാണ്" എന്ന് പത്രോസ് ഏറ്റുപറഞ്ഞപ്പോൾ, യഹൂദർക്ക് അന്ന് മിശിഹായെക്കുറിച്ച് ഉണ്ടായിരുന്ന കാഴ്ചപ്പാടും ധാരണയുമൊക്കെയാണ് ശിഷ്യർക്കും ഉണ്ടായിരുന്നത്. എന്നാൽ അതിനെ തിരുത്തി ദൈവപുത്രനടുത്ത തന്റെ ശരിയായ വ്യക്തിത്വമാണ് ഇവിടെ ഈശോ വെളിപ്പെടുത്തിക്കൊടുക്കുന്നത്. ഈ സുവിശേഷഭാഗത്തിന്റെ പശ്ചാത്തലത്തിൽ പുരോഹിതന്റെ ദൈവികമായ വ്യക്തിത്വം മനസ്സിലാക്കാൻ നമുക്കു കഴിയും. പുരോഹിതശുശ്രൂഷ വെറും മാനുഷികമായി നിർവഹിക്കേണ്ടതല്ല. അത് ദൈവൈക്യത്തിൽ നിർവഹിക്കേണ്ട ഒന്നാണ്.

### 1. പുരോഹിതൻ: ദൈവൈക്യത്തിൽ ജീവിക്കുന്നവൻ

*"ആറു ദിവസം കഴിഞ്ഞ്, പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ മാത്രം കൂട്ടിക്കൊണ്ട് ഈശോ ഒരു ഉയർന്ന മലയിലേക്കു പോയി. അവൻ അവരുടെ മുമ്പിൽവച്ചു രൂപാന്തരപ്പെട്ടു. ...അപ്പോൾ ഒരു മേഘം വന്ന് അവരെ ആവരണം ചെയ്തു. മേഘത്തിൽനിന്ന് ഒരു സ്വരം പുറപ്പെട്ടു: ഇവൻ എന്റെ പ്രിയപുത്രൻ; ഇവന്റെ വാക്കു ശ്രവിക്കുവിൻ" (9,2-8).*

താബോർമലയിൽ വച്ചുനടന്ന ഈശോയുടെ രൂപാന്തരീകരണമാണ് ഇവിടെ

വിവരിക്കുന്നത്. മുൻവാക്യത്തിൽ ഈശോ നടത്തിയ പീഡാനുഭവപ്രവചനത്തിന്റെ പൂർത്തീകരണമാണ് ഈ സംഭവം. ഈശോ അപമാനകരമായ മരണത്തിനു വിധേയനാകുമെങ്കിലും ആത്യന്തികമായി മഹത്ത്വം പ്രാപിക്കുമെന്ന ഉറപ്പാണ് ഈ സംഭവം ശിഷ്യന്മാർക്കു നല്കുന്നത്. 'ആറു ദിവസം കഴിഞ്ഞ്' എന്ന പരാമർശം പുറ 24,15-16 നെ അനുസ്മരിപ്പിക്കുന്നതാണ്. മോശ ആറു ദിവസം സീനായ് മലയിൽ കഴിഞ്ഞു. ഏഴാം ദിവസമാണ് ദൈവം പ്രത്യക്ഷപ്പെട്ടത്. മോശയും ഏലിയായും ഈ സംഭവത്തിലെ കഥാപാത്രങ്ങളാണ്. അവർ ഈശോയോടു സംസാരിച്ചുകൊണ്ടിരുന്നു (9,4). അവർ രണ്ടു പേരും ദൈവാനുഭവത്തോടുകൂടിയും ദൈവത്തിന്റെ നിർദ്ദേശപ്രകാരവും തങ്ങളുടെ ദൈവദത്തമായ ദൗത്യം നിർവഹിച്ചവരാണ്. നിയമത്തെയും പ്രവാചകരെയും, അഥവാ പഴയനിയമത്തെ, പ്രതിനിധാനം ചെയ്യുന്നവരാണ് മോശയും ഏലിയായും. ഈശോയുടെ ജീവിതവും പ്രവർത്തനങ്ങളും ദൈവഹിതപ്രകാരമുള്ളതും ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ പൂർത്തീകരണവുമാണെന്നതിന്റെ സൂചനയാണ് ഈശോയുമൊത്തുള്ള അവരുടെ സാന്നിദ്ധ്യവും സംസാരവും.

"മേഘത്തിൽനിന്ന് ഒരു സ്വരം പുറപ്പെട്ടു: ഇവൻ എന്റെ പ്രിയപുത്രൻ" (9,7). മാമ്മോദീസായുടെ സന്ദർഭത്തിലുണ്ടായ വെളിപ്പെടുത്തലിന്റെ നവീകരണമാണ് ഇവിടെ സംഭവിക്കുന്നത്. ദൈവപിതാവുമായുള്ള ഈശോയുടെ പുത്രനടുത്ത ബന്ധം അവിടുത്തെ ജീവിതത്തിന്റെയും ശുശ്രൂഷയുടെയും അടിസ്ഥാനമാണെന്ന് ഇതു വ്യക്തമാക്കുന്നു. "പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതൻ" (യോഹ 1,18) എന്നാണല്ലോ ഈശോ വിശേഷിപ്പിക്കപ്പെടുന്നത്. ഈ ലോകത്തിൽ ശുശ്രൂഷയിലേർപ്പെട്ട് മനുഷ്യരുടെ മദ്ധ്യേ ജീവിച്ചിരുന്നപ്പോഴും പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും കടന്നുപോയപ്പോഴും ഈശോ പിതാവിന്റെ മടിയിലാണ് ഇരുന്നതെന്ന് ഈ പ്രസ്താവന വെളിപ്പെടുത്തുന്നു. ഈ വെളിപ്പെടുത്തലിനോടൊപ്പം "അവന്റെ വാക്കു ശ്രവിക്കുവിൻ" എന്നുകൂടി പറയുന്നു. ഈശോ ദൈവൈക്യത്തിൽ ജീവിക്കുക മാത്രമല്ല, ദൈവഹിതമനുസരിച്ച് തന്റെ ശുശ്രൂഷ പൂർത്തിയാക്കുകയും ചെയ്തു. ഈശോയുടെ സഹനവും മരണവും ഉത്ഥാനവുമെല്ലാം ഈ ദൈവൈക്യത്തിന്റെ പ്രകാശനമായിരുന്നു. പുരോഹിതൻ നിരന്തരം ദൈവൈക്യത്തിൽ വ്യാപരിക്കേണ്ടവനാണ്. ദൈവഹിതപ്രകാരം അനുനിമിഷം തന്റെ ശുശ്രൂഷ നിർവഹിക്കേണ്ടവനുമാണ്.

**2. പ്രാർത്ഥനാജീവിതത്തിലൂടെ ശക്തി പ്രാപിക്കുന്നവൻ**

*"അവൻ അവരോടു പ്രതിവചിച്ചു: വിശ്വാസമില്ലാത്ത തലമുറയേ, എത്രനാൾ ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കും? എത്രനാൾ ഞാൻ നിങ്ങളോടു ക്ഷമിച്ചിരിക്കും? അവനെ എന്റെയടുക്കൽ കൊണ്ടുവരൂ. ... ഈശോ വീട്ടിലെത്തിയപ്പോൾ ശിഷ്യന്മാർ സ്വകാര്യമായി ചോദിച്ചു: എന്തുകൊണ്ടാണ് അതിനെ ബഹി*

*ഷ്കരിക്കാൻ ഞങ്ങൾക്കു കഴിയാതെ പോയത്? അവൻ പറഞ്ഞു: പ്രാർത്ഥന കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗം പുറത്തുപോവുകയില്ല" (9,19.28 –29).*

രൂപാന്തരീകരണാനുഭവത്തോടെ മലയിൽ നിന്നിറങ്ങിവന്ന ഈശോയുടെ ദർശനമാത്രയിൽ ജനങ്ങൾക്കനുഭവപ്പെടുന്ന ഉൽക്കടമായ ആശ്ചര്യവും അവരുടെ ആവേശപൂർവകമായ അഭിവാദനവും സൂചിപ്പിക്കുന്നത് രൂപാന്തരീകരണ മഹത്ത്വം അവിടുന്നിൽ പ്രതിഫലിച്ചിരുന്നുവെന്നാണ്. ദൈവദർശനം കഴിഞ്ഞ് സീനായ് മലയിൽനിന്നും ഇറങ്ങിവന്ന മോശയുടെ മുഖം ദിവ്യശോഭയാൽ തിളങ്ങിയിരുന്നതിനെ (പുറ 34,29; 2 കൊറി 3,7) ഇത് ഓർമ്മിപ്പിക്കുന്നു. മലയിൽനിന്നിറങ്ങി വന്ന ഈശോയ്ക്കും ശിഷ്യന്മാർക്കും നേരിടേണ്ടിവന്നത് അശുദ്ധാരൂപിയെ ബഹിഷ്കരിക്കുന്നതിൽ താഴെ നിന്ന ശിഷ്യന്മാർക്കുണ്ടായ പരാജയമാണ്. ഈ പരാജയം ആവർത്തിച്ചു പരാമർശിക്കപ്പെട്ടിരിക്കുന്നു (9,18.28). ശിഷ്യർക്ക് അശുദ്ധാത്മാക്കളെ ബഹിഷ്കരിക്കുവാനുള്ള അധികാരം സുവിശേഷപ്രഘോഷണദൗത്യത്തോടൊപ്പം നല്കപ്പെട്ടതാണ് (മർക്കോ 6,7). അവർ ഇതിനുമുമ്പ് ഈ അധികാരം പ്രായോഗികമാക്കിയിട്ടുമുണ്ട് (മർക്കോ 6,13). എങ്കിലും ഇപ്പോൾ അവർക്കു കഴിയാതെപോയി എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അധികാരമുണ്ടായിട്ടും അത് പ്രായോഗികമാക്കാൻ കഴിയാതെ പോകുന്ന സ്ഥിതിവിശേഷം പുരോഹിതജീവിതത്തിലും ശുശ്രൂഷയിലും അനുഭവപ്പെടാം. ഇപ്രകാരം സംഭവിച്ചതിൽ ഈശോ അസ്വസ്ഥനാകുന്നുമുണ്ട് (9,19).

അധികാരമുണ്ടായിട്ടും അത് പ്രാവർത്തികമാക്കുവാൻ കഴിയാതെ പോയതിന്റെ കാരണമെന്താണെന്ന് ഈശോ ഈ സന്ദർഭത്തിൽ വ്യക്തമാക്കുന്നുണ്ട്. അതിലൊന്ന് വിശ്വാസമില്ലായ്മയാണ്. ഈശോ പറയുന്നു: "വിശ്വാസമില്ലാത്ത തലമുറയേ, എത്രനാൾ ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കും? എത്രനാൾ ഞാൻ നിങ്ങളോടു ക്ഷമിച്ചിരിക്കും?" (9,19). പിന്നീട് വീട്ടിലെത്തിയപ്പോൾ ശിഷ്യന്മാർ സ്വകാര്യമായി, എന്തുകൊണ്ടാണ് തങ്ങൾക്ക് അതിനെ ബഹിഷ്കരിക്കാൻ കഴിയാതെ പോയതെന്ന് ഈശോയോടു ചോദിച്ചു (9,28). അപ്പോൾ ഈശോ പറഞ്ഞു: "പ്രാർത്ഥന കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗം പുറത്തുപോകുകയില്ല" (9,29). ചില കയ്യെഴുത്തുപ്രതികളിൽ 'പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ' എന്നും കാണുന്നുണ്ട്. പ്രാർത്ഥന വിശ്വാസത്തിനു പ്രകാശനം നല്കുന്ന സന്ദർഭമാണ്. പ്രാർത്ഥനയിലൂടെ വിശ്വാസം നവീകരിക്കപ്പെടുകയും ചെയ്യും. ഉപവാസം പ്രാർത്ഥനയുടെ ഒരു അവിഭാജ്യഘടകമാണ്. ദൈവത്തോടുകൂടെ വസിക്കാൻ ഉപവാസം നമ്മെ സഹായിക്കുന്നു. ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും വിശ്വാസത്തെ ഉണർത്തുകയും ശക്തിപ്പെടുത്തുകയും വളർത്തുകയും ചെയ്തുകൊണ്ടിരുന്നാലേ പൗരോഹിത്യസ്വീകരണത്തി

ലൂടെ നമുക്കു ലഭിച്ചിരിക്കുന്ന ദൈവികശക്തി ശുശ്രൂഷയിലൂടെ ഫലപ്രദമായ വിധം പ്രായോഗികമാക്കുവാൻ കഴിയൂ.

**3. ദൈവഹിതത്തിന് സ്വയം ഏല്പിച്ചു കൊടുക്കുന്നവൻ**

*"അവൻ പറഞ്ഞു: മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെടുകയും അവർ അവനെ വധിക്കുകയും ചെയ്യും. അവൻ വധിക്കപ്പെട്ടു മൂന്നു ദിവസം കഴിയുമ്പോൾ ഉയിർത്തെഴുന്നേല്ക്കും. ഈ വചനം അവർക്കു മനസ്സിലായില്ല. എങ്കിലും, അവനോടു ചോദിക്കാൻ അവർ ഭയപ്പെട്ടു" (9,31-32).*

തന്റെ പീഡാനുഭവത്തെപ്പറ്റിയുള്ള ഈശോയുടെ രണ്ടാമത്തെ പ്രവചനമാണിത്. സന്ദർഭം ഗലീലിയായിലൂടെയുള്ള യാത്രയാണ്. ശിഷ്യന്മാരെ പഠിപ്പിക്കുകയായിരുന്നതുകൊണ്ട് ഇക്കാര്യം ആരും അറിയരുതെന്ന് ഈശോ ആഗ്രഹിച്ചു (9,30). അറിഞ്ഞാൽ വലിയ ജനക്കൂട്ടം തന്നെ തേടിവരുമെന്നും ആ സാഹചര്യത്തിൽ ശിഷ്യന്മാരെ പഠിപ്പിക്കുക അസാദ്ധ്യമാകുമെന്നും ഈശോ മനസ്സിലാക്കിയിട്ടുണ്ടാവും. ശിഷ്യന്മാരെ പഠിപ്പിക്കുന്നതിന്റെ പ്രാധാന്യമാണ് ഇതു വ്യക്തമാക്കുന്നത്. മനുഷ്യപുത്രനെന്ന നിലയിൽ തന്റെ വ്യക്തിത്വം ശിഷ്യർ മനസ്സിലാക്കണം എന്നതിന് ഈശോ നല്കിയ പ്രാധാന്യമാണ് ഇതു വ്യക്തമാക്കുന്നത്. അത് അത്ര എളുപ്പമായിരുന്നില്ല എന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നുമുണ്ട്: "ഈ വചനം അവർക്കു മനസ്സിലായില്ല. എങ്കിലും അവനോടു ചോദിക്കാൻ അവർ ഭയപ്പെട്ടു" (9,32). ഈശോയുടെ വ്യക്തിത്വത്തെക്കുറിച്ചും ദൗത്യത്തെക്കുറിച്ചും അവിടുത്തെ ശിഷ്യത്വം ജീവിക്കുവാൻ വിളിക്കപ്പെട്ട പുരോഹിതർക്ക് വ്യക്തമായ ബോദ്ധ്യങ്ങൾ ഉണ്ടായിരിക്കണം. എങ്കിൽമാത്രമേ, ഈശോയുടെ പുരോഹിതദൗത്യം ഏറ്റെടുത്തിരിക്കുന്നവർക്ക് അതു വേണ്ടവിധത്തിൽ നിർവഹിക്കുവാൻ കഴിയൂ.

ഏറ്റവും ലളിതവും ഹ്രസ്വവുമാണ് ഈ രണ്ടാം പ്രവചനം. സഹനത്തിന്റെ ആവശ്യകതയോ, ഉത്തരവാദികളായ യഹൂദനേതാക്കന്മാരെയോ, പീഡാനുഭവരംഗങ്ങളോ പരാമർശിക്കുന്നില്ല. എന്നാൽ, പീഡാനുഭവരഹസ്യത്തിന്റെ അഗാധങ്ങളെ സ്പർശിക്കുന്ന പ്രസ്താവനയാണ് ഈ പ്രവചനത്തിന്റെ കേന്ദ്രത്തിലുള്ളത്: "മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെടുന്നു" (9,31). പിന്നീട് ഗദ്സേമനിയിൽ തന്റെ പീഡാനുഭവത്തെ വിശേഷിപ്പിക്കുന്നത് ഈ വിധത്തിലാണ്: "ഇതാ, മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ ഏല്പിക്കപ്പെടുന്നു" (മർക്കോ 14,41). 'ഏല്പിക്കപ്പെടുക' എന്നത് ദൈവശാസ്ത്രപരമായി വളരെ അർത്ഥവത്തായ ഒരു പ്രയോഗമാണ്. ഈശോ ഏല്പിക്കപ്പെട്ടത് ദൈവത്തിന്റെ നിശ്ചിത പദ്ധതിപ്രകാരമാണ് (നട 2,23). ഈശോയെ യഹൂദരുടെ കൈകളിൽ ഏല്പിച്ചത് യൂദാ സ്ക്കറിയോത്തായാണ് (മത്താ 26,14-16). അതേ

സമയം ഈശോ യഹൂദരുടെ കൈകളിൽ ഏല്പിക്കപ്പെട്ടത് ദൈവഹിതത്തിനു വിധേയപ്പെട്ട് അവിടുന്നുതന്നെ അപ്രകാരം തീരുമാനമെടുത്തതുകൊണ്ടാണ് (മർക്കോ 14,36). ഈശോയുടെ രക്ഷാകരദൗത്യത്തിൽ പങ്കുചേരുന്ന പുരോഹിതനും ദൈവഹിതത്തിനു വിധേയപ്പെട്ട് സ്വയം ഏല്പിച്ചുകൊടുക്കുവാൻ തയ്യാറാവണം. സഹനത്തിനു കാരണമായിത്തീരുന്ന മാനുഷികസാഹചര്യങ്ങളിൽ പ്രാർത്ഥനയിലൂടെ ദൈവഹിതം വിവേചിച്ചറിഞ്ഞ് അതിനു വിധേയപ്പെടുവാൻ പുരോഹിതനു കഴിയണം.

**4. എല്ലാവരുടെയും ശുശ്രൂഷകൻ**

*"അവൻ ഇരുന്നിട്ടു പന്ത്രണ്ടു പേരെയും വിളിച്ചുപറഞ്ഞു: ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനുമാകണം" (9,35).*

ഈശോ തന്റെ പീഡാനുഭവത്തിലേക്ക് യാത്ര ചെയ്യുകയും അതിന്റെ അർത്ഥതലങ്ങൾ ശിഷ്യന്മാരെ പഠിപ്പിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ, അവർ തങ്ങളിൽ ആരാണ് വലിയവൻ എന്നതിനെപ്പറ്റി തർക്കിക്കുന്നു. മനുഷ്യപുത്രന്റെ സഹനഭാഗധേയത്തെയും ശിഷ്യത്വത്തെയുംകുറിച്ച് ഈശോയോടു ചോദിക്കാനുള്ള ഭയത്തിന്റെയും തുടരുന്ന അജ്ഞതയുടെയും (9,32) വ്യക്തമായ പ്രകാശനമാണ് അവരുടെ തർക്കം. ഈശോയുടെ ചോദ്യത്തോട് മൗനം വഴി പ്രതികരിച്ചതു സൂചിപ്പിക്കുന്നത് തങ്ങളുടെ തർക്കം അനുചിതമാണെന്ന് അവർക്കു ബോദ്ധ്യമായി എന്നാണ്. ഈ സാഹചര്യത്തിൽ വളരെ പ്രാധാന്യമുള്ള ഒരു പ്രബോധനം ഈശോ ശിഷ്യർക്കു നല്കുകയാണ്. "അവൻ ഇരുന്നിട്ട് പന്ത്രണ്ടു പേരെയും വിളിച്ചു പറഞ്ഞു" (9,35) എന്നത് അതിന്റെ സൂചനയാണ്. ആരാണ് ഏറ്റം വലിയവൻ എന്ന തർക്കം ഉന്നതപദവിക്കും അധികാരത്തിനുംവേണ്ടിയുള്ള അവരുടെ സ്വാർത്ഥപരമായ ദുരഭിലാഷത്തിന്റെ അടയാളമാണ്. മിശിഹായെയും അവിടുത്തെ സഹനഭാഗധേയത്തെയും കുറിച്ചുള്ള ചിന്തകൾക്കു പകരം, മാനുഷികവും സ്വാർത്ഥപരവുമായ ചിന്തകൾക്കാണ് അവരുടെ മനസ്സിൽ ആധിപത്യം. കുരിശിന്റെ വഴിയിൽ മനുഷ്യപുത്രനെ അനുഗമിക്കേണ്ടവരായ ശിഷ്യന്മാർക്ക് പ്രഥമസ്ഥാനമോഹം തികച്ചും നിഷിദ്ധമാണ്.

ശിഷ്യന്മാർ തമ്മിലുള്ള ബന്ധത്തെ നിയന്ത്രിക്കേണ്ടത് സ്വാർത്ഥപരമായ വ്യർത്ഥമോഹങ്ങളല്ല. മനുഷ്യപുത്രന്റെ വിനീതശുശ്രൂഷയുടെ പൊരുൾ ഗ്രഹിച്ച്, അംഗീകരിച്ച് എല്ലാവരിലും അവസാനത്തവരും സകലരുടെയും ശുശ്രൂഷകരുമാകുകയാണ് ശിഷ്യന്മാരുടെ ധർമ്മം. 'ശുശ്രൂഷകൻ' എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുവാക്ക് 'ദിയാക്കൊനോസ്' എന്നതാണ്. മർക്കോസിന്റെ സുവിശേഷത്തിൽ ഇവിടെ ആദ്യമായിട്ടാണ് ഈ വാക്ക് ഉപയോഗിക്കുന്നത്.

ഭക്ഷണമേശയിലെ ശുശ്രൂഷയുടെ പ്രത്യേകതകൾ ശ്രദ്ധിക്കപ്പെടേണ്ടവയാണ്. അത് സ്നേഹത്തോടെയുള്ള ശുശ്രൂഷയാണ്. വ്യക്തിപരമായ കരുതലും, വ്യക്തിപരമായ ആവശ്യങ്ങളെക്കുറിച്ചുള്ള ജാഗ്രതയും പുലർത്തുന്ന ശുശ്രൂഷയാണ്. ഈ വാക്കാണ് സഭയിലെ ശുശ്രൂഷയെ കുറിക്കുന്ന വാക്കായിത്തീർന്നത്. 'ഒരു ശിശുവിനെ എടുത്ത്, അവരുടെ മദ്ധ്യേ നിറുത്തി, അവനെ കൈകളിൽ വഹിച്ചുകൊണ്ട്, അതുപോലുള്ള ഒരു ശിശുവിനെ സ്വീകരിക്കുന്നവൻ തന്നെയും തന്നെ അയച്ച പിതാവിനെയും സ്വീകരിക്കുന്നു' (9,36-39) എന്നു പറഞ്ഞുകൊണ്ടാണ് ഈ പ്രബോധനം ഈശോ നല്കിയത്. അതുകൊണ്ട് തങ്ങളുടെ ശുശ്രൂഷയ്ക്കായി ഏല്പിക്കപ്പെടുന്ന ഓരോരുത്തരുടെയും, അവർ മാനുഷിക പരിഗണനയിൽ എത്ര നിസ്സാരരായാലും, ശുശ്രൂഷകരാകുവാൻ ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ച പുരോഹിതരെല്ലാം വിളിക്കപ്പെട്ടിരിക്കുന്നു.

**5. എല്ലാവർക്കും മാതൃകയാകേണ്ടവൻ**

*"വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവന് ഇടർച്ച വരുത്തുന്നവൻ ആരായാലും, അവനു കൂടുതൽ നല്ലത്, ഒരു വലിയ തിരികല്ലു കഴുത്തിൽ കെട്ടി കടലിൽ എറിയപ്പെടുന്നതാണ്" (9,42).*

മറ്റുള്ളവർക്ക് ഇടർച്ച നല്കുന്നതിന്റെ ഗൗരവം എടുത്തുകാണിക്കുന്ന ഒരു സുവിശേഷഭാഗമാണിത്. "വിശ്വസിക്കുന്ന ഈ ചെറിയവരിൽ" ഒരുവന് എന്നു പറഞ്ഞിരിക്കുന്നതുകൊണ്ട്, അത് മിശിഹായിൽ വിശ്വസിക്കുന്നവരെ ഉദ്ദേശിച്ചാണ് പറയുന്നതെന്ന് വ്യക്തമാണ്. മിശിഹായുടെ ശിഷ്യത്വപാതയിൽനിന്നു വിശ്വാസികളെ വ്യതിചലിപ്പിക്കുന്നവർക്ക് ദൈവത്തിൽനിന്നും കഠിനമായ ശിക്ഷ ലഭിക്കും എന്ന് ഈശോ പറയുന്നു. 'ഇടർച്ച വരുത്തുക' എന്ന പദം വിശ്വാസം നഷ്ടപ്പെടുത്തുന്നതിനെയാണു സൂചിപ്പിക്കുന്നത് (4,17; 14,27.29). മിശിഹാശിഷ്യത്വത്തിന്റെ പാതയിൽ ചരിക്കുന്നവരുടെ പാദങ്ങൾ ഇടറത്തക്കവിധം പാതയിൽ ഇടർച്ചവസ്തുക്കളിടുന്നവർ വലിയ പാതകമാണു ചെയ്യുന്നത്. അത്തരക്കാർ ഭൂമിയിൽ ജീവിക്കാതിരിക്കുന്നതാണ് കൂടുതൽ അഭികാമ്യമെന്ന് ഈശോ സൂചിപ്പിക്കുന്നു. ഇടർച്ച കൊടുക്കുന്നത്, അഥവാ മറ്റുള്ളവർക്കു പാപകാരണമായിത്തീരുന്നത്, വളരെ ഗൗരവാവഹമായ കുറ്റമാണെന്ന് ഈശോ ഇവിടെ പഠിപ്പിക്കുന്നു.

പുരോഹിതൻ വിശുദ്ധിയുടെ ശുശ്രൂഷകനാണ്. സഭയിൽ എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു (ഘഏ അദ്ധ്യായം 5). പുരോഹിതന്റെ ശുശ്രൂഷയുടെ ഫലമായി സഭയിൽ എല്ലാവരും ആത്യന്തികമായി വിശുദ്ധിയിൽ വളരണം. സഭയിൽ എല്ലാവരെയും വിശുദ്ധിയിലേക്കു വളർത്തേണ്ടവനാണ് പുരോഹിതൻ. ഇതു സാദ്ധ്യമാകണമെങ്കിൽ പുരോഹിതൻതന്നെ വിശുദ്ധിയിൽ വള

രേണ്ടിയിരിക്കുന്നു. വിശുദ്ധിയിൽ വളരണമെങ്കിൽ പാപത്തോടു പടവെട്ടണം. മനുഷ്യശരീരത്തിലെ അവയവങ്ങളെ പാപത്തിന്റെ പിണിയാളുകളായിട്ടാണ് ഇവിടെ ചിത്രീകരിക്കുന്നത്. പാപപ്രലോഭനങ്ങൾ കൈകളിലൂടെയും (നാം ചെയ്യുന്നവ) കാലുകളിലൂടെയും (നാം പോകുന്ന ഇടങ്ങൾ) കണ്ണുകളിലൂടെയും (നമ്മുടെ നോട്ടം, കാഴ്ചകൾ, കണ്ടുമുട്ടുന്ന വ്യക്തികൾ, വസ്തുക്കൾ തുടങ്ങിയവ) കടന്നുവരാം. പാപത്തിന്റെ കടന്നുവരവിന് കാരണമാകാത്തവിധം അവയെ നിയന്ത്രിച്ചുകൊണ്ട് വിശുദ്ധിയിൽ ജീവിക്കുവാനും അപ്രകാരം ജീവിക്കുവാൻ എല്ലാവർക്കും മാതൃകയായിത്തീരുവാനും പുരോഹിതനു കഴിയണം.

**ജീവിതസൂചിക**

1. പ്രാർത്ഥനാജീവിതത്തിലൂടെ നിരന്തരം ദൈവൈക്യത്തിൽ വ്യാപരിച്ച് അജപാലനശുശ്രൂഷ നിർവഹിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
2. പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും വിശ്വാസത്തെ ശക്തിപ്പെടുത്തി പുരോഹിതശുശ്രൂഷ ചെയ്യുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
3. ദൈവഹിതത്തിന് സ്വയം ഏല്പിച്ചുകൊടുക്കുന്ന ജീവിതം നയിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. എല്ലാവരുടെയും, പ്രത്യേകിച്ച് ഈശോയുടെ ചെറിയവരുടെയും ശുശ്രൂഷകനാകുവാൻ ഞാൻ എപ്രകാരം ശ്രമിക്കണം?
5. വിശുദ്ധയിൽ ജീവിക്കുവാനും എന്റെ ശുശ്രൂഷാതലങ്ങളിലെല്ലാം മറ്റുള്ളവർക്കു വിശുദ്ധിയുടെ മാതൃകയാകുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?

**BIBLE STUDY FORUM FOR PRIESTS**

The next session of the Bible Study Forum for Priests of the Archdiocese of Changanacherry will be held at the Spirituality Centre, Manganam, on 11 th July 2017. The course will begin at 9.30 a.m. and come to a close at 4.00 p.m.

**Fr. Mathew Vellanickal**

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ജൂൺ 2017**

1 രാവിലെ വി. കുർബാനയ്ക്കുശേഷം സി. അനില LSC യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കൈതവനപള്ളിയിൽ കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

2 രാവിലെ കത്തീഡ്രൽ കബറിടപള്ളിയിൽ വി. കുർബാനയർപ്പിച്ച് കുര്യാളശ്ശേരി പിതാവിന്റെ ചരമവാർഷികാചരണത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് സന്ദർശകരെ സ്വീകരിക്കുകയും, ചാസിന്റെ ആഭിമുഖ്യത്തിൽ നടന്ന അഗാപ്പേ ഹൗസിംഗ് സ്കീമിന്റെ 25-ാം വാർഷികാഘോഷത്തിൽ പങ്കെടുക്കുകയും ചെയ്തു. വൈകുന്നേരം ബഹു. വർഗ്ഗീസ് തയ്യിൽ MCBS അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

3 കൊല്ലം-ആയൂർ ഫൊറോനയുടെ ഫൊറോന കൗൺസിലിൽ പങ്കെടുത്തു. വൈകുന്നേരം ചെറുകടവ് പള്ളിയിൽ അജപാലന സന്ദർശനം നടത്തി.

4 ഞായറാഴ്ച പത്തനാപുരം മാർ അപ്രേം പള്ളിയിൽ അജപാലന സന്ദർശനം നടത്തി. തുടർന്ന്, പുനലൂരിനടുത്തുള്ള 'സ്നേഹതീരം' സന്ദർശിച്ച് അന്തേവാസികൾക്കുവേണ്ടി പ്രാർത്ഥിച്ചു. പന്തക്കുസ്താ ദിനമായ അന്നേദിവസം അതിരൂപത കേന്ദ്രത്തിൽ കുട്ടികളെ എഴുത്തിനിരുത്തി. അജപാലന ജീവിതത്തിൽനിന്ന് റിട്ടയർ ചെയ്ത ബഹു. ജോർജ്ജ് കൂടത്തിൽ അച്ചന് നാലുകോടി ഇടവക സമൂഹം നൽകിയ യാത്രയയപ്പിൽ പങ്കെടുത്തു. പ്രീസ്റ്റ്ഹോം ഡയറക്ടറച്ചന്റെ യാത്രയയപ്പു സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

5 ഉച്ചയ്ക്ക് ചീരഞ്ചിറ ചാരിറ്റി വേൾഡിന്റെ ആഭിമുഖ്യത്തിൽ നടന്ന വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ബഹു. വർഗ്ഗീസ് ചെത്തിപ്പുഴ അച്ചന്റെ സഹോദരന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് അതിരൂപത കേന്ദ്രത്തിൽ നടന്ന ഇന്റർ ഡിപ്പാർട്ടുമെന്റ് മീറ്റിംഗിൽ പങ്കെടുത്തു.

6–8 കെ.സി.ബി.സി. സമ്മേളനത്തിൽ പങ്കെടുത്തു.

9 ചമ്പക്കുളം ഇടവകയിൽ, റവ. ഫാ. സെബാസ്റ്റ്യൻ മുണ്ടകംചിറയിൽ SJ യുടെ മാതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിരൂപത കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. അരമനയിലെ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

10 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. പാറേൽപള്ളിയിൽ ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തനവർഷ ഉദ്ഘാടനം നിർവഹിച്ചു. ഉച്ചകഴിഞ്ഞ് എം.ഒ.സി.യിൽ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. മാങ്ങാനം Little Sisters of Christ (LSC) സമൂഹാംഗങ്ങളെ സന്ദർശിച്ചു.

11 മനയ്ക്കച്ചിറ സെന്റ് ജോസഫ് പള്ളിയിൽ അജപാലന സന്ദർശനം നടത്തി.

12 ഉച്ചയ്ക്കുശേഷം അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു; തുടർന്ന് പുന്നത്തുറയിലെ ആദപ്പള്ളി കപ്പേള തിരുനാളിനു വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

13 രാവിലെ കുന്നന്താനം സെഹിയോനിൽ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ വി. കുർബനയർപ്പിച്ചു. രാമങ്കരി ഇടവകയിലെ ചേന്നാട്ടുശ്ശേരി സി.പി. ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് സെന്റ് ജോസഫ്

പ്രസ്സിലെ ജീവനക്കാരുടെ സമ്മേളനത്തിൽ പങ്കെടുത്ത് അവരുടെ മക്കൾക്ക് 10, +2 ക്ലാസ്സുകളിൽ എല്ലാവിഷയങ്ങൾക്കും A+ കിട്ടിയവരെ അഭിനന്ദിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപത കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. കാനായിൽ നടന്ന ജൂണിയർ വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

14 ഉച്ചകഴിഞ്ഞ് സന്ദർശകരെ സ്വീകരിക്കുകയും, അതിരൂപതാ കേന്ദ്രത്തിൽ നടന്ന ഫൊറോന വികാരിമാരുടെ സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

15 രാവിലെ പുന്നത്തുറ വെള്ളാപ്പള്ളിയിൽ മരണമടഞ്ഞ കുടുംബാംഗങ്ങളെ അനുസ്മരിച്ച് വി. കുർബാനയർപ്പിക്കുകയും തുടർന്ന് കബറിടത്തിൽ പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന്, അതിരൂപത കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം റീജൻസി ബ്രദേഴ്സിന്റെ മാസധ്യാനത്തോടനുബന്ധിച്ച് അവരോട് സംസാരിച്ചു.

16 അതിരൂപതാ കേന്ദ്രത്തിലെ സമ്മേളനത്തിനുശേഷം ഉച്ചകഴിഞ്ഞ് അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശ്ശേരിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

17 കത്തീഡ്രൽ ഇടവകാംഗമായ വട്ടക്കളം ശ്രീ. ഫ്രാൻസിസ് തോമസ് (മോനിച്ചൻ) ന്റെ മാതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് കോട്ടയം-വില്ലൂന്നി പള്ളിയിൽ സാൽവത്തോറിയൻ സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാനത്തിൽ പങ്കെടുത്ത് ആശീർവാദം നല്കി. തുടർന്ന് എസ്.എച്ച്. ജനറലേറ്റിൽ നടന്ന എസ്.എച്ച്. സ്പിരിച്ച്വാലിറ്റി മീറ്റിൽ പങ്കെടുത്ത് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. അതിനുശേഷം പുന്നത്തുറ ഇടവകയിലെ കുന്നത്തേട്ട് ബിനു ജോണിന്റെ മാതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

18. പെരുങ്കാവ് സെന്റ് തോമസ് ഇടവക ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി. ഉച്ചകഴിഞ്ഞ് കരിമ്പനക്കുളം ഇടവകയുടെ ആഭിമുഖ്യത്തിൽ നടന്ന മത സൗഹാർദ്ദ സമ്മേളനത്തിൽ പങ്കെടുത്തു.

21 അതിരൂപത പ്രസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് സന്ദർശകരെ സ്വീകരിച്ചു.

22 രാവിലെ വടവാതൂർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു. സെമിനാരി കമ്മീഷൻ സന്ദർശനത്തിന്റെ ഭാഗമായി അന്നേദിവസം കമ്മീഷനംഗങ്ങളോടൊപ്പം വടവാതൂർ സെമിനാരിയിൽ ചിലവഴിച്ചു. വൈകുന്നേരം തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് എസ്.എച്ച്. മെഡിക്കൽ സെന്റർ ആശുപത്രിയിൽ വി. കുർബാനയർപ്പിക്കുകയും, പുതുതായി നിർമ്മിച്ച മുറികളുടെ ആശീർവാദം നിർവ്വഹിക്കുകയും ചെയ്തു.

23 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചശേഷം വൈകുന്നേരത്തോടെ അജപാലന സന്ദർശനത്തിനൊരുക്കമായി മാടപ്പള്ളി ഇടവകയിൽ രോഗീസന്ദർശനം നടത്തി. തുടർന്ന് ളായിക്കാട് മേരി റാണി സ്കൂളിൽ ആരംഭിച്ച കെ.സി.എസ്.എൽ. ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

24 രാവിലെ വി. കുർബാനയ്ക്കുശേഷം മരണമടഞ്ഞ സി. ടെസ്സി ഞായർകുളം SH ന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് തിരുവനന്തപുരം ലൂർദ്ദ് ഇടവകയിൽ പുതുതായി നിർമ്മിച്ച മുറികളുടെ ആശീർവാദം നിർവഹിച്ചു. അതിനുശേഷം, തിരുവനന്തപുരം കേശവദാസപുരത്ത് പുതുതായി ആരംഭിച്ച ദൈവാലയത്തിന്റെ കൂദാശ നിർവഹിക്കുകയും മാർ ഗീവർഗ്ഗീസ് സഹദാ അജപാലനകേന്ദ്രം എന്ന് നാമകരണം ചെയ്തു പ്രഖ്യാപിക്കുകയും ചെയ്തു.

25 മാടപ്പള്ളി ലിറ്റിൽ ഫ്ളവർ ഇടവക ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി. തുടർന്ന് പുന്നത്തുറ ഇടവകയിലെ കൊങ്ങാണ്ടുചാലയ്ക്കൽ അന്നമ്മ തോമസിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

# മാർ തോമസ് തറയിൽ

**ജൂൺ 2017**

1 കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

2 കുരിശുംമൂട് മീഡിയ വില്ലേജിൽ ടീച്ചേഴ്സിന് ക്ലാസ്സെടുക്കുകയും പുതിയതായി നിർമ്മിച്ച കെട്ടിടം ആശീർവദിക്കുകയും ചെയ്തു. ചങ്ങനാശേരി കത്തീഡ്രൽ പള്ളിയിൽ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 92-ാം ചരമവാർഷികദിനത്തിൽ വി. കുർബാനയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

ചാസിന്റെ നേതൃത്വത്തിൽ നടന്ന *അഗാപ്പെ* ഹൗസിംഗ് ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി.

പറവൂർ ഹോളിഫാമിലി ദൈവാലയത്തിന്റെ കൽക്കുരിശ് ആശീർവദിക്കുകയും വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

വെഞ്ഞാറമ്മൂട് അമല പാസ്റ്ററൽ സെന്ററിൽ നടന്ന ജാഗരണപ്രാർത്ഥനയിൽ പങ്കെടുത്ത് സന്ദേശം നൽകി.

3 തിരുവനന്തപുരത്ത് കേരള ഗവർണർ പി. സദാശിവത്തെ സന്ദർശിച്ചു. ആയൂർ ക്രൈസ്റ്റ് ദ കിംഗ് ഫൊറോന പള്ളിയിൽ നടന്ന ആയൂർ ഫൊറോന കൗൺസിലിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി.

4 കൊണ്ടാക്കൽ സെന്റ് ജോസഫ് ദൈവാലയത്തിന്റെ ഇടവകദിനാഘോഷത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. കിടങ്ങറ സെന്റ് ഗ്രിഗോറിയോസ് ദൈവാലയത്തിന്റെ ഇടവകദിനാഘോഷത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. നാലുകോടി സെന്റ് തോമസ് ദൈവാലയത്തിൽ ബഹു. കൂടത്തിൽ ജോർജ്ജച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ ബഹു. കിഴക്കേവീട്ടിൽ ആന്റണിയച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

5 മല്ലപ്പള്ളി സോഫിയ സ്കൂളിൽ നേഴ്സറി ക്ലാസ്സ് റൂം ആശീർവ്വദിച്ചു. അരമനയിൽ നടന്ന ചാരിറ്റി വേൾഡ് എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു. ഇന്റർ ഡിപ്പാർട്ടുമെന്റ് മീറ്റിംഗിൽ പങ്കെടുത്തു.

6-8 പാലാരിവട്ടം പി.ഒ.സി.യിൽ നടന്ന കെ.സി.ബി.സി.യിൽ പങ്കെടുത്തു.

9 മാങ്ങാനത്ത് Little Sisters of Christ മഠത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. നെടുങ്കുന്നം CMC മഠത്തിൽ സി. ബോനിഫെയ്സിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ളായിക്കാട് മേരി റാണി സ്കൂളിൽ മെറിറ്റ് അവാർഡ്ദാന സമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി.

10 എം.സി. ജോസഫ് മടമാത്രയുടെ ചരമവാർഷികത്തിന് ചമ്പക്കുളം ബസിലിക്കയിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ നടന്ന പ്രോലൈഫ് ദിനാചരണത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. തിരുവനന്തപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ കൈക്കാരന്മാരുടെയും കണക്കന്മാരുടെയും സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു. തിരുവനന്തപുരം YMCA സംഘടിപ്പിച്ച സ്ഥാപകദിനാഘോഷത്തിൽ പങ്കെടുത്ത് അനുഗ്രഹ പ്രഭാഷണം നടത്തി.

11 പത്തനാപുരം മാർ അപ്രേം ദൈവാലയത്തിൽ തിരുനാൾ കുർബാനയർപ്പിച്ചു സന്ദേശം നൽകി. അതിരമ്പുഴ സെന്റ് മേരീസ് ദൈവാലയത്തിൽ ഇടവകദിനാഘോഷത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. ചങ്ങനാശേരി കത്തീഡ്രൽ പള്ളിയിൽ KLM ന്റെ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്ത് സന്ദേശം നൽകി.

12 മൈനർ സെമിനാരിയിൽ സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു. വടവാതൂർ മേജർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

13 തുരുത്തി കാനായിൽ യുവവൈദികർക്കായുള്ള On Going Formation Camp ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ചങ്ങനാശേരി ഹോളിക്വീൻസ് മഠത്തിൽ സിസ്റ്റേഴ്സിന് ക്ലാസ്സെടുത്തു. ചെങ്ങളം സെന്റ് ആന്റണീസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

14 വില്ലൂന്നി ജോസഫൈൻസ് ജനറലേറ്റിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

16 പുന്നവേലി FDSHJ മഠത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. എസ്.ബി. ഹയർ സെക്കന്ററി സ്കൂളിൽ മെറിറ്റ് അവാർഡ്ദാന സമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. ചെത്തിപ്പുഴ നേഴ്സിംഗ് കോളേജിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. തായങ്കരി സെന്റ് ആന്റണീസ് ദൈവാലയ തിരുനാളിന് കൊടിയേറ്റുകയും വി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും ചെയ്തു.

17 കോട്ടയം അതിരൂപതാ മുൻ ആർച്ചുബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിന്റെ മൃതസംസ്കാര കർമ്മത്തിൽ പങ്കെടുത്തു.

18 ആറ്റിങ്ങൽ സെന്റ് ജൂഡ്സ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

19. മോർക്കുളങ്ങര AKM സ്കൂളിൽ മെറിറ്റ് അവാർഡ് ദാന സമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. താഴത്തങ്ങാടി സെന്റ് എസ്.എച്ച്. ദൈവാലയത്തിൽ ആഘോഷമായ റംശാ പ്രാർത്ഥനയ്ക്ക് കാർമ്മികത്വം വഹിക്കുകയും പള്ളിമേട ആശീർവദിക്കുകയും ചെയ്തു.

20 SVD സെമിനാരിയിൽ അദ്ധ്യയനവർഷ ആരംഭത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. പുന്നപ്ര ദനഹാലയിൽ ക്ലാസ്സ് നയിച്ചു. ബഹു. പുതുവീട്ടിക്കളം ജോസഫച്ചന്റെ അമ്മയുടെ മൃതസംസ്കാര കർമ്മത്തിന് സിമിത്തേരിയിൽ സഹകാർമ്മികത്വം വഹിച്ചു. കല്ലൂപ്പാറ ലൂർദ്ദുമാതാ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും ഓർഫനേജിലെ കുട്ടികളെ സന്ദർശിക്കുകയും ചെയ്തു.

21 സെഹിയോൻ റിട്രീറ്റ് സെന്ററിൽ നടന്ന വിവാഹഒരുക്ക സെമിനാറിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ചങ്ങനാശേരി സെന്റ് ആൻസ് GHSS ൽ മെറിറ്റ് അവാർഡ് ദാന സമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. കുറുമ്പനാടം സെന്റ് പീറ്റേഴ്സ് ഹയർസെക്കന്ററി സ്കൂളിൽ മെറിറ്റ് അവാർഡ് ദാന സമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. നിരണം മൈനർ സെമിനാരി സന്ദർശിക്കുകയും ബ്രദേഴ്സിനെ കാണുകയും ചെയ്തു.

22 കാഞ്ഞിരപ്പള്ളി ഗത്സെമനി ദൈവാലയത്തിൽ വി. കുർബാനമധ്യേ മാമ്മോദീസായും തൈലാഭിഷേകവും പരികർമ്മം ചെയ്തു സന്ദേശം നൽകി. ചങ്ങനാശേരി അസംപ്ഷൻ കോളേജിലെ മെറിറ്റ് അവാർഡ് ദാന സമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. മൈനർ സെമിനാരിയിൽ പുതിയതായി എത്തിയ ബ്രദേഴ്സിനെ സന്ദർശിക്കുകയും സംസാരിക്കുകയും ചെയ്തു.

23 എടത്വാ സെന്റ് അലോഷ്യസ് സ്കൂളിന്റെ മെറിറ്റ് അവാർഡ് ദാന സമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. പച്ച-ചെക്കിടിക്കാട് ലൂർദ്ദ്മാതാ സ്കൂളിലെ മെറിറ്റ് അവാർഡ് ദാന സമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. തത്തംപള്ളി സഹൃദയ ഹോസ്പിറ്റലിൽ തിരുഹൃദയ തിരുനാളാഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. ചങ്ങനാശേരി സെന്റ് ജോസഫ് എൽ.പി. സ്കൂളിൽ പേരന്റ്സ് ഡേയിൽ പങ്കെടുത്ത് സന്ദേശം നൽകി. കുത്രപ്പള്ളി SABS പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന സുപ്പീരിയേഴ്സിന്റെ സമ്മേളനത്തിൽ പങ്കെടുത്ത് ക്ലാസ്സ് നയിച്ചു. പാറേൽ SH പ്രൊവിൻഷ്യൽ ഹൗസിൽ സി. റ്റെസി ജോസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

24 തിരുവനന്തപുരം ലൂർദ്ദ് ഇടവകാംഗം കുന്നുപുറം ഏലിയാമ്മയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അഭി. തറയിൽ പിതാവിന്റെ തിരുവനന്തപുരം ലൂർദ്ദിലെ വസതിയുടെ ആശീർവാദ കർമ്മത്തിൽ പങ്കെടുത്തു. കേശവദാസപുരം നസ്രത്ത് സബ്-സ്റ്റേഷന്റെ കൂദാശയിൽ പങ്കെടുക്കുകയും വി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും ചെയ്തു.

25 തിരുവനന്തപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തിരുവല്ലം സേക്രട്ട് ഹാർട്ട് ദൈവാലയത്തിൽ ആഘോഷമായ റാസകുർബാനയർപ്പിച്ചു

സന്ദേശം നൽകി. നിർമ്മലാ ഭവൻ സബ് സെന്ററിന്റെ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു.

26 KVS ന്റെ നേതൃത്വത്തിൽ മാമ്പുഴക്കരിയിൽ കാർഷികകടം എഴുതിതള്ളണമെന്നാവശ്യപ്പെട്ടു നടന്ന സത്യാഗ്രഹത്തിൽ പങ്കെടുത്ത് ഐക്യദാർഢ്യം അറിയിച്ചു. പുന്നപ്ര ദനഹാലയിൽ ക്ലാസ്സ് നയിച്ചു. പുന്നവേലിൽ സി. ടെസീന FDSHJ യുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

27 ചങ്ങനാശേരി MLF ജനറലേറ്റിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. പുന്നപ്ര ദനഹാലയായിൽ ക്ലാസ്സെടുത്തു. പാല ബിഷപ്പ് ഹൗസിൽ റീജിയണൽ ബിഷപ്സിന്റെ റികളക്ഷനിൽ പങ്കെടുത്തു.

## മാർ ജോസഫ് പവ്വത്തിൽ

**ജൂൺ 2017**

1 കത്തീഡ്രൽ പള്ളിയിൽ മാർ തോമസ് കുര്യാളശേരി പിതാവിന്റെ 92-ാം ചരമവാർഷികത്തിൽ കുർബാനമദ്ധ്യേ വചനസന്ദേശം നൽകി.

3 കടുവാക്കുളം ലിറ്റിൽ ഫ്ളവർ പള്ളിയിൽ ബഹു.തയ്യിൽ അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചോല്ലി, പ്രാർത്ഥിച്ചു.

ചങ്ങനാശേരിയിൽ പുതുമന കുടുംബയോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

തുരുത്തി ഫോറോനാ പള്ളിയിൽ ഫോറോനാ തല മതബോധന വർഷം ഉദ്ഘാടനം ചെയ്തു

10 മാടപ്പള്ളി ലിറ്റിൽ ഫ്ളവർ പള്ളിയിൽ മാർ അപ്രേം പഠനവേദി ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

18 സന്ദേശനിലയത്തിൽ DCMS വനിതാസംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

19 ദനഹാലയയിൽ Academic year ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

20 പാലമറ്റം മാർത്തോമ്മാ സഹോദരികളുടെ വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു.

24 നെടുങ്കുന്നം സഞ്ജീവനിയിൽ പുതിയ കെട്ടിടത്തിന് തറക്കല്ലിട്ടു. പ്രഷ്യസ് സ്കൂളിന്റെ പുതിയ അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

25 സന്ദേശനിലയത്തിൽ ബഹു. ജേക്കബ് പനത്തോട്ടത്തച്ചന്റെ പുസ്തകം പ്രകാശനം ചെയ്തു, സംസാരിച്ചു.

27 കുറിച്ചി മൈനർ സെമിനാരിയിൽ ഒന്നാം വർഷ വൈദികവിദ്യാർത്ഥികളോട് സംസാരിച്ചു.

## ENGAGEMENTS

## 2017 JULY

**Mar Joseph Perumthottam**

**Metropolitan Archbishop of Changanacherry**

1 *Qurbana* @ Sehion Kunnamthanam
College Principals Meet @ Archbishop's House
CT Scan Centre Inauguration @ Chethipuzha Hospital
Ecclesia - Religious ongoing Programme @ Kunnamthanam

2 Niranam Pilgrimage, Homily @ Niranam
Jubilee Celebration @ Kallooppara Puthusserry Orphanage

3 Film Title Launching @ Eara
Annual day Celebration @ Marthoma Vidhyanikethan
Presbytery Blessing @ Ponga

4 Accademic Year inauguration @ Media Village

5 Annual Gathering @ Pratheeksha Trust

6 Visitors Day (9 am- 12.15 pm; 2.30 pm-4 pm)

7 Engaged

8 Pastoral Council General Body @ Archbishop's House

9 Pastoral Visit @ Punnavely

10-14 Priests Retreat (Batch I)

13 Inter Eparchial Meet @ Changanacherry

15-18 Ittawah Mission

19-21 Priests Retreat (Batch II)

22 *Qurbana* @ Punnathura
Prayer for the Dead @ Cathedral,
*Palliqudasha* @ Twelve Apostole's Pastoral Centre, Mannanam

23 Alphonsa Pilgrimage @ Pongammodu,TVM

24-27 Thalasserry

28 Alumini Meet @ Sr. Alphonsa School, Cheppumpara

29 Pravasi Meet @ Archbishop's House

30 Pastoral Visit @ Kottackapuram

## 2017 JULY

## ENGAGEMENTS

**Mar Thomas Tharayil**
**Auxiliary Bishop**

1 9 am - Family Apostolate
10 am - Mission League Activity Year inauguration @ Kurichy
11 am - Fr. Paruvaparampil commemoration @ Chethipuzha
2 pm - Mission League Year Activity inauguration @ Pallathuruthy
6 pm - Kollam Mar Thoma Sleeha Church

2 9 am - S.H. Church Pachackadu
2.45 pm - Baptism @ Nedumkunnam
5.30 pm - Parish Fest @ Vettithuruthu
7 pm - Minor Seminary

3 6.30 am - Minor Seminary
9 am - 12 pm - Visitors' time @chry
12.30 - Priest Home
2.30 pm- Marthoma Vidhyaniketan
4.30 pm -Homily @ kakkamthodu

4 10 am - Recollection for Priests @ Kanjirappally
3 pm - Amala Theological Centre
6.30 pm- Priests Conference at Nedumkunnam
7 pm - Chethipuzha Hospital

5 2.30 pm Merit Award @ SH School
6 pm - Inter departmental meeting

6 10 am - Class @ Danahalaya

7 2.30 pm - Kootayma Leaders' meeting @ Thuruthy
7 pm - Youth Camp @ Thazhathuvadakara

8. 9.30 am - Pastoral Council
4 pm - Classmates get together @ S.H. School Fathimapuram

9 10 am - Parish Fest @ Kaduvakulam
12 pm - KLM- meeting
6 pm - Priests' Retreat

9-14 Priests' Retreat
5 pm - Pazhavangady

15 10.30 am -Central PTA @ S.B.

5.30 pm - Carmel Monastery Tvm

16 8 am - Peroorkada

10 am- 12 am - Visitors' time @ Tvm

5 pm - Cathedral

16-21 Priests' Retreat

17 CSM Inauguration @ S.B. College

18 2 pm- 5 pm - Visitors' time @ Chry

22 3 pm- 6 pm-Visitors' time @ Tvm

23 Pilgrimage @ Tvm

3 pm - 5 pm - Visitors' time @ Tvm

6 pm - Advisory Council @ Tvm

7 pm - Religious meet @ Pongummood

24 10 am - Presbyterium, Kottayam Archdiocese

25 Engaged

26 2 pm - Class @ Danahalya

27 9 am - Class @ Danahalaya

5 pm - Bharananganam

28 5 pm - Thazhathuvadakara

29 3 pm - 6 pm - Visitors' time @ Tvm

30 Bangalore

31 11 am - Marriage @ Trivandrum

☸

# 2017 JULY

# ENGAGEMENTS

**Mar Joseph Powathil**
**Archbishop Emeritus**

| | |
|---|---|
| 02 | Ecclesia @ Kunnamthanam |
| | Leaders Meet @veroor |
| | Minor Seminary |
| 03 | Message @ Niranam |
| | Convocation @ Marthoma Vidyanikethan |
| 04 | Class @ Kurichy Minor Seminary |
| 09 | Sunday School PTF & School leaders meet @ Assumption College |
| 11 | Class @ Kurichy Minor Seminary |
| 13 | Inter Eparchial Meet @ Chry |
| | 90th Birthday (Navathy) Prof. K. T Sebastian @Cathedral |
| 15 | Oppise @ Nedumkunnam |
| 18 | Class @ Kurichy Minor Seminary |
| 25 | Class @ Kurichy Minor Seminary |
| 30 | Pithrudinam @ Mammoodu |
| | Message for Retreat @ Vaipur |